# മോസ്കൊ പ്രഖ്യാപനവും മോസ്കൊ പ്രസ്താവനയും

335-430
947 MOS

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം—14

# മോസ്കോ പ്രഖ്യാപനവും മോസ്കോ പ്രസ്താവനയും

16408

PG Library & Research Center

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം 14
വില 7.00 രൂപ

**MOSCOW PRAKHYAPANAVUM, MOSCOW PRASTAVANAYUM**
*Documents of Moscow declaration 1957 and Moscow statement 1960 *August 1990 *Printed by Deshabhimani Book House, Thiruvananthapuram *Distributed by Chintha Publishers, Thiruvananthapuram. Printed at P Krishna Pillai Memorial Printing and Publishing Co (P)Ltd), Thiruvananthapuram.

Price Rupees: Seven

335.430947

**വിതരണം:**

**ദേശാഭിമാനി ബുക്ക് ഹൗസ്**

തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ

# 12സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ കമ്യൂണിസ്റ്റ്– വർക്കേഴ്സ് പാർടികളുടെ പ്രഖ്യാപനം (1957)

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലെ കമ്യൂണിസ്റ്റ്—വർക്കേഴ്സ് പാർടി പ്രതിനിധികളുടെ ഒരു സമ്മേളനം 1957 നവമ്പർ 14 മുതൽ 16 വരെ മോസ്കോവിൽ ചേർന്നു. ആ സമ്മേളനം താഴെ കൊടുക്കുന്ന പ്രഖ്യാപനം ഐകകണ്ഠ്യേന അംഗീകരിച്ചു.

അൽബേനിയൻ വർക്കേഴ്സ് പാർടി, ബൾഗേറിയൻ കമ്യൂണിസ്റ്റ് പാർടി, ഹംഗേറിയൻ സോഷ്യലിസ്റ്റ് വർക്കേഴ്സ് പാർടി, വിയത്നാം തൊഴിലാളി പാർടി, ജർമൻ സോഷ്യലിസ്റ്റ് യൂണിറ്റി പാർടി, ചൈനീസ് കമ്യൂണിസ്റ്റ് പാർടി, കൊറിയൻ തൊഴിലാളി പാർടി, മംഗോളിയൻ ജനകീയ വിപ്ലവ പാർടി, പോളിഷ് ഐക്യ തൊഴിലാളി പാർടി, റുമേനിയൻ തൊഴിലാളി പാർടി, സോവിയറ്റ് കമ്യൂണിസ്റ്റ് പാർടി, ചെക്കോസ്ളൊവാക്യൻ കമ്യൂണിസ്റ്റ് പാർടി എന്നിവയുടെ പ്രതിനിധികൾ ആ പാർടികൾ തമ്മിലുള്ള ബന്ധങ്ങളെപറ്റിയും സാർവദേശീയ സ്ഥിതിയിലെ ഇന്നത്തെ പ്രശ്നങ്ങളെപറ്റിയും സമാധാനത്തിനും സോഷ്യലിസത്തിനും വേണ്ടിയുള്ള സമരത്തെപറ്റിയും ചർച്ച നടത്തി.

സമ്മേളനത്തിൽ പരിശോധിക്കപ്പെട്ട എല്ലാ പ്രശ്നങ്ങളിലും ഈ പാർടികളുടെ വീക്ഷണഗതി ഒരേരീതിയിലുള്ളതാണ്. ഈ വസ്തുത, അഭിപ്രായ വിനിമയങ്ങളിലൂടെ വെളിപ്പെട്ടു. സാർവദേശീയ സ്ഥിതി സംബന്ധിച്ച അവരുടെ വിലയിരുത്തലും ഐകരൂപ്യമുള്ളതായിരുന്നു. സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ പൊതുപ്രശ്നങ്ങളും ചർചാ വേളയിൽ സ്പർശിക്കപ്പെട്ടു. ഈ പ്രഖ്യാപനത്തിൻെറ കരടു തയ്യാറാക്കുന്ന അവസരത്തിൽ സമ്മേളനത്തിൽ പങ്കുകൊണ്ട പാർടി പ്രതിനിധികൾ മുതലാളിത്ത രാജ്യങ്ങളിൽ നിന്നു വന്ന സഹോദരപാർടികളുടെ പ്രതിനിധികളുമായി കൂടിയാലോചിച്ചു. ഈ സമ്മേളനത്തിൽ പങ്കെടുക്കാത്ത സഹോദര പാർടികൾ, ഈ പ്രഖ്യാപനത്തിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ

വിലയിരുത്തുകയും അവയെ സംബന്ധിച്ച് തങ്ങൾ എന്തു നടപടി സ്വീകരിക്കണമെന്ന് തീർച്ചയാക്കുകയും ചെയ്യും.

നമ്മുടെ യുഗത്തിൻെറ പ്രധാനപ്പെട്ട ഉള്ളടക്കം മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേക്കുള്ള പരിവർത്തനമാണ്. റഷ്യയിലെ ഒക്ടോബർ വിപ്ലവമാണ് ഇതിനു തുടക്കമിട്ടത്. ഇന്ന് ലോകജനസംഖ്യയിലെ മൂന്നിൽ ഒരു ഭാഗത്തിലധികം—അതായത് 95 കോടിയിലധികം—സോഷ്യലിസ്റ്റ് മാർഗം കൈക്കൊണ്ടിരിക്കുന്നു. അവർ ഒരു പുതിയ ജീവിതം കെട്ടി ഉയർത്തുകയാണ്.

സോഷ്യലിസ്റ്റ് ശക്തികളുടെ ഗംഭീരമായ വളർച്ച യുദ്ധാനന്തര കാലഘട്ടത്തിലെ സാമ്രാജ്യ വിരുദ്ധ ദേശീയ പ്രസ്ഥാനത്തിൻെറ അതിവേഗത്തിലുള്ള വികാസത്തിന് ഉത്തേജനം നൽകി. കഴിഞ്ഞ 12 വർഷങ്ങളിൽ ചൈനീസ് റിപ്പബ്ളിക്ക്, വിയത്നാം ജനാധിപത്യ റിപ്പബ്ളിക്ക്, കൊറിയൻ റിപ്പബ്ളിക്ക് എന്നിവക്കു പുറമെ 70 കോടിയിലധികം ജനങ്ങൾ കൊളോണിയൽ നുകം കുടഞ്ഞു ദൂരെയെറിഞ്ഞു. അവർ സ്വതന്ത്ര ദേശീയരാഷ്ട്രങ്ങൾ സ്ഥാപിച്ചു. കൊളോണിയൽ ആശ്രിതരാജ്യങ്ങളിലെ ജനങ്ങൾ ഇപ്പോഴും അടിമത്തത്തിൽ കിടന്നു നരകിക്കുകയാണ്. ദേശീയ വിമോചനത്തിനുവേണ്ടിയുള്ള സമരത്തിനു ശക്തി കൂട്ടുകയാണ്.

സോഷ്യലസത്തിൻെറയും ദേശീയ വിമോചന പ്രസ്ഥാനത്തിൻെറയും പുരോഗതി സാമ്രാജ്യത്വത്തിൻെറ തകർച്ചക്ക് വൻതോതിൽ വേഗതകൂട്ടിയിട്ടുണ്ട്. മനുഷ്യസമൂഹത്തിൽ കൂടുതൽ വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം സാമ്രാജ്യത്വത്തിന് അതിൻെറ പണ്ടത്തെ ആധിപത്യം നഷ്ടപ്പെട്ടിരിക്കുന്നു. സാമ്രാജ്യത്വരാജ്യങ്ങളിലാവട്ടെ ആഴമേറിയ വർഗവൈരുധ്യങ്ങൾ മൂലവും, ആ രാജ്യങ്ങൾ തമ്മിലുള്ള ശത്രുതകൾ മൂലവും സമൂഹം വെട്ടിമുറിക്കപ്പെട്ടിരിക്കുകയാണ്. അതേസമയം തന്നെ സാമ്രാജ്യത്വത്തിൻെറയും കുത്തകക്കാരുടെയും നയത്തിനെതിരായി തൊഴിലാളിവർഗം വർധമാനമായ എതിർപ്പ് സംഘടിപ്പിച്ചു വരികയാണ്. കൂടുതൽ മെച്ചപ്പെട്ട സാഹചര്യങ്ങൾക്കും ജനാധിപത്യാവകാശങ്ങൾക്കും സമാധാനത്തിനും സോഷ്യലിസത്തിനും വേണ്ടി അവർ സമരം നടത്തുകയാണ്.

നമ്മുടെ യുഗത്തിൽ ലോകത്തിൻെറ വളർച്ചയെ നിർണയിക്കുന്നത് അന്യോന്യ വിരുദ്ധമായ രണ്ടു സാമൂഹ്യസമ്പ്രദായങ്ങൾ തമ്മിലുള്ള മത്സരത്തിൻെറ ഗതിയും ഫലങ്ങളുമാണ്. സോഷ്യലിസം മുതലാളിത്തത്തെക്കാൾ വളരെ ഉയർന്ന ഒരു സാമൂഹ്യ വ്യവസ്ഥയാണെന്ന് കഴിഞ്ഞ 40 വർഷംകൊണ്ട് അതു കാണിച്ചുകൊടുത്തു. മുമ്പുണ്ടാവാത്ത തോതിലും, മുതലാളിത്തത്തിന് അസാധ്യമായ രീതിയിലും ഉൽപാദന ശക്തികളുടെ വളർച്ചക്ക് അത് ഇടയുണ്ടാക്കി. അതുപോലെ തന്നെ തൊഴിലാളി വർഗത്തിൻെറ ഭൗതികവും സാംസ്കാരികവും ആയ നില

വാരങ്ങളിൽ ഇടവിടാതെയുള്ള ഒരു ഉന്നമനത്തിനും അത് സാധ്യതയുണ്ടാക്കി. ശാസ്ത്രം, സാമ്പത്തികനില, സാങ്കേതിക പരിജ്ഞാനം എന്നിവയിൽ സോവിയറ്റ് യൂണിയൻ അതിവേഗം മുന്നോട്ടു കാൽവെക്കുന്നു. ഇതിൻെറ കൂടെ, മറ്റു സോഷ്യലിസ്റ്റ് രാജ്യങ്ങൾ സോഷ്യലിസ്റ്റ് നിർമാണത്തിൽ നേടിയഫലങ്ങളും കൂടിച്ചേർനപ്പോൾ സോഷ്യലിസത്തിൻെറ വമ്പിച്ച ആത്മചൈതന്യത്തിനുള്ള സമ്പൂർണമായ തെളിവു കൈവന്നു.

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിൽ, തൊഴിലാളി—ബഹുജനങ്ങൾ യഥാർഥത്തിലുള്ള സ്വാതന്ത്ര്യവും ജനാധിപത്യാവകാശങ്ങളും അനുഭവിക്കുന്നുണ്ട്. ജനകീയാധികാരശക്തി ബഹുജനങ്ങളുടെ രാഷ്ട്രീയൈക്യത്തിനുറപ്പുനൽകുന്നു, ദേശീയ ജനവിഭാഗങ്ങൾ തമ്മിലുള്ള സമത്വത്തിനും സൗഹാർദത്തിനും ഉറപ്പുണ്ടാക്കുന്നു, സാർവലൗകിക സമാധാനം നിലനിർത്തുകയും മർദിതരാഷ്ട്രങ്ങൾക്ക് അവയുടെ വിമോചന സമരത്തിൽ സഹായം നൽകുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയ ഒരു വിദേശനയത്തിന് ഉറപ്പുനൽകുന്നു.

വളരുകയും കൂടുതൽ ശക്തിപ്പെടുകയും ചെയ്യുന്ന ലോകസോഷ്യലിസ്റ്റ് വ്യവസ്ഥ സമാധാനത്തിനും പുരോഗതിക്കും ജനകീയ സ്വാതന്ത്ര്യത്തിനും അനുകൂലമായ വിധത്തിൽ സാർവദേശീയസ്ഥിതിയിൽ വർധമാനമായ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

അങ്ങനെ സോഷ്യലിസം ഉയർനുകൊണ്ടിരിക്കുകയാണെങ്കിൽ സാമ്രാജ്യത്വം അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. കൊളോണിയൽ വ്യവസ്ഥയുടെ തകർച്ചയുടെ ഫലമായി സാമ്രാജ്യത്വത്തിൻെറ അടിസ്ഥാനങ്ങൾ വളരെയേറെ ദുർബലപ്പെട്ടു. കൊളോണിയൽ വ്യവസ്ഥയെ കുടഞ്ഞെറിഞ്ഞ രാജ്യങ്ങൾ, സ്വന്തം സ്വാതന്ത്ര്യം കാത്തുരക്ഷിക്കുകയും സാമ്പത്തിക പരമാധികാരത്തിനും സാർവലൗകിക സമാധാനത്തിനും വേണ്ടി സമരം നടത്തുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ നിലനിൽപും സമത്വത്തിൻെറ അടിസ്ഥാനത്തിൽ ഈ രാജ്യങ്ങൾക്ക് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ ചെയ്തുകൊടുക്കുന്ന സഹായവും സമാധാനത്തിനുവേണ്ടിയും ആക്രമണത്തിനെതിരായും ഈ രാജ്യങ്ങളും സോഷ്യലിസ്റ്റ് രാജ്യങ്ങളും തമ്മിലുള്ള സഹകരണവും ദേശീയസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കാനും സാമൂഹ്യ പുരോഗതിയെ സുഗമമാക്കാനും ഈ രാജ്യങ്ങളെ സഹായിക്കുന്നു.

## 4

## വൈരുധ്യങ്ങൾ

സാമ്രാജ്യത്വരാജ്യങ്ങളിൽ ഉൽപാദനശക്തികളും ഉൽപാദന ബന്ധങ്ങളും തമ്മിലുള്ള വൈരുധ്യങ്ങൾ രൂക്ഷമായിത്തീർന്നിരിക്കുന്നു. എല്ലാ മനുഷ്യർകും പ്രയോജനപ്പെടത്തക്കരീതിയിൽ സാമൂഹ്യ പുരോഗതിക്കുവേണ്ടി പല കാര്യങ്ങളിലും ആധുനികശാസ്ത്രവും എഞ്ചിനീയറിങ്ങും ഉപയോഗിക്കപ്പെടുന്നില്ല. കാരണം സമൂഹത്തിലെ ഉൽപാദനശക്തികളുടെ വളർചയെ മുതലാളിത്തം ചങ്ങലക്കിടുകയും വികൃതപ്പെടുത്തുകയും ചെയ്യുന്നു.

ലോകമുതലാളിത്തത്തിൻെറ സാമ്പത്തിക സ്ഥിതി ഇളക്കം തട്ടിയതായി, ഉറപ്പില്ലാത്തതായി നിലകൊള്ളുന്നു. പല മുതലാളിത്ത രാജ്യങ്ങളിലും ഇപ്പോഴും കാണാവുന്ന താരതമ്യേന മെച്ചപ്പെട്ട സാമ്പത്തിക നിലക്ക് പ്രധാനകാരണം, ആയുധ നിർമാണമത്സരവും മറ്റു താൽകാലിക ഘടകങ്ങളുമാണ്. ഏതായാലും മുതലാളിത്ത സമ്പദ്വ്യവസ്ഥ കൂടുതൽ ആഴമേറിയ വ്യവസായ മാന്ദ്യത്തെയും സാമ്പത്തികക്കുഴപ്പങ്ങളെയും അഭിമുഖീകരിക്കുമെന്നുള്ളത് തീർചയാണ്. മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളികളിൽ ഒരു വിഭാഗത്തിനിടയ്ക്ക് പരിഷ്കാരങ്ങളെ കുറിച്ചുള്ള വ്യാമോഹങ്ങൾ നിലനിൽകുന്നതിനുള്ള അടിസ്ഥാനം ഈ താൽകാലികമായ വൻകിട വ്യവസായ പ്രവർത്തനമാണ്. യുദ്ധാനന്തര കാലഘട്ടത്തിൽ കൂടുതൽ പുരോഗമിച്ച മുതലാളിത്ത രാജ്യങ്ങളിലെ ചില വിഭാഗങ്ങൾ വർധമാനമായ ചൂഷണത്തിനെതിരായും കൂടുതൽ ഉയർന്ന നിലവാരത്തിനു വേണ്ടിയും സമരം ചെയ്തു. കുറച്ചു കൂലി വർധനവു നേടുവാൻ അവർക് കഴിഞ്ഞു. ഏതായാലും ഈ രാജ്യങ്ങളിൽ മിക്കവയിലും യഥാർഥകൂലി യുദ്ധത്തിനു മുമ്പുണ്ടായിരുന്നതിൽ നിന്ന് താഴെയാണ്.

ഏതായാലും മുതലാളിത്തലോകത്തിൻെറ അധികഭാഗത്തും, പ്രത്യേകിച്ച് കൊളോണിയൽ—ആശ്രിത രാജ്യങ്ങളിൽ, ലക്ഷക്കണക്കിനാളുകൾ ഇന്നും ദാരിദ്ര്യത്തിലാണ് കഴിയുന്നത്. കാർഷികരംഗത്ത് കുത്തകമുതലാളിത്തത്തിൻെറ വിപുലമായ ആക്രമണം നടക്കുന്നുണ്ട്. അവരാണ് വിലനയം നിശ്ചയിക്കുന്നത്. ഇവക്കു പുറമെ ബാങ്കിൽ നിന്നുള്ള കടംകൊടുക്കൽ ഏർപാടും ക്രെഡിറ്റ് കൊടുക്കലും, ആയുധ നിർമാണംമൂലം ഉള്ള നികുതി വർധനവുമെല്ലാം നിമിത്തം കർഷകജനതയിൽ ഒരു വലിയ വിഭാഗം തുടരെയുള്ള നാശത്തിനും ദാരിദ്ര്യത്തിനും ഇടയായിട്ടുണ്ട്. ബൂർഷ്വാസിയും തൊഴിലാളിവർഗവും തമ്മിലുള്ള വൈരുധ്യങ്ങൾക്കു മാത്രമല്ല, കുത്തകമുതലാളികളും ജനങ്ങളുടെ മറ്റു വിഭാഗങ്ങളും തമ്മിലും അമേരിക്കൻ കുത്തക മുതലാളികൾ ഒരു വശത്തും, മറ്റു മുതലാളിത്ത രാജ്യങ്ങളിലെ ജനങ്ങളും മുതലാളികൾപോലും മറുവശത്തുമായുള്ള വൈരുധ്യങ്ങൾക്ക് മൂർച വർധിപ്പിച്ചിട്ടുണ്ട്. മുതലാളിത്ത രാജ്യങ്ങളിലെ അധ്വാനിക്കുന്ന ജനങ്ങൾ വളരെ ക

ഷ്ടസ്ഥിതിയിലാണ് ജീവിക്കുന്നത്. ഗൗരവാവഹമായ ഈ സ്ഥിതിയിൽ നിന്നുള്ള ഏകരക്ഷാമാർഗം സോഷ്യലിസമാണെന്ന് അവർകു കൂടുതലായി ബോധ്യപ്പെട്ടിരിക്കുന്നു. അങ്ങനെ സോഷ്യലിസത്തിനു വേണ്ടിയുള്ള സജീവ സമരത്തിലേക്ക് അവരെ കൊണ്ടുവരുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ വർധമാനമായ തോതിൽ സൃഷ്ടിക്കപ്പെട്ടുവരികയാണ്.

## അവരുടെ കയ്യൂക്കുനയം

കയ്യൂക്കുനയം പിന്തുടരുന്ന അമേരിക്കയിലെ ആക്രമണതൽപരരായ സാമ്രാജ്യത്വവൃത്തങ്ങൾ, ലോകത്തിലെ ഏറ്റവും അധികം രാജ്യങ്ങളെ തങ്ങളുടെ ആധിപത്യത്തിൽ കൊണ്ടുവരുന്നതിനും, സാമൂഹ്യ വളർച്ചയുടെ നിയമങ്ങൾക്കനുസരണമായ മനുഷ്യവർഗത്തിൻെറ മുന്നോട്ടുള്ള ഗതിയെ തടസ്സപ്പെടുത്തുന്നതിനുമാണ് പരിശ്രമിക്കുന്നത്. "കമ്യൂണിസത്തെ തടയുക" എന്ന നാട്യത്തിൽ തങ്ങളുടെ ആധിപത്യത്തിൽ കൂടുതൽ കൂടുതൽ രാജ്യങ്ങളെ കൊണ്ടുവരുന്നതിന് അവർ ചൂണ്ടയിടുകയാണ്; ജനാധിപത്യസ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നതിന് ഗൂഢപ്രവർത്തനം നടത്തുകയാണ്; വളർന്ന മുതലാളിത്ത രാജ്യങ്ങളിലെ ജനാധിപത്യ സ്വാതന്ത്ര്യങ്ങളെയും ദേശീയ സ്വാതന്ത്ര്യത്തെയും ഭീഷണിപ്പെടുത്തുകയാണ്; വിമോചനം പ്രാപിച്ച ജനതകളെ കൊളോണിയലിസത്തിൻെറ പുതിയ രൂപങ്ങളിൽ കുടുക്കിലാക്കുന്നതിനു ശ്രമിക്കുകയാണ്; സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കെതിരായി പടിപടിയായി അട്ടിമറിനടത്തുകയാണ്.

അമേരിക്കയിലെ ചില ആക്രമണ വൃത്തങ്ങളുടെ നയം മുതലാളിത്ത ലോകത്തിലെ പിന്തിരിപ്പൻ വൃത്തങ്ങളെ തങ്ങൾകു ചുറ്റും അണിനിരത്തുകയെന്നതാണ്. ഇത്തരത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് അവർ ലോക പിന്തിരിപ്പത്തത്തിൻെറ കേന്ദ്രസ്ഥാനവും ജനങ്ങളുടെ ആജൻമശത്രുക്കളും ആയിത്തീരുകയാണ്. ഈ നയംമൂലം, ജനവിരോധികളും ആക്രമണകാരികളുമായ സാമ്രാജ്യശക്തികൾ അവരുടെതന്നെ നാശത്തിനു വഴിവെക്കുന്നു, അവരുടെ തന്നെ ശവക്കുഴിതോണ്ടുന്നവരെ സൃഷ്ടിക്കുന്നു.

സാമ്രാജ്യത്വം നിലനിൽക്കുന്നേടത്തോളം കാലം ആക്രമണയുദ്ധങ്ങൾക്കുള്ള സാഹചര്യവും എല്ലായ്പോഴും നിലനിൽകും. യുദ്ധാനന്തര വർഷങ്ങളിലാകെ അമേരിക്കൻ—ബ്രിട്ടീഷ് —ഫ്രഞ്ച് സാമ്രാജ്യവാദികളും മറ്റു സാമ്രാജ്യവാദികളും സാമ്രാജ്യത്വപാവകളും ഇന്തോചൈന, ഇന്തൊനേഷ്യ, കൊറിയ, മലയ, കെനിയ, ഗ്വാട്ടിമാല, ഈജിപ്ത്, അൾജീറിയ, ഒമാൻ, യമൻ എന്നിവിടങ്ങളിൽ യുദ്ധം നടത്തുകയുണ്ടായി; ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നുമുണ്ട്.

അതേസമയത്തുതന്നെ, സാമ്രാജ്യത്വാക്രമണശക്തികൾ ആയു

ധങ്ങൾ വെട്ടിച്ചുരുക്കുന്നതിനും അറ്റോമിക്ഹൈഡ്രജൻ യുദ്ധങ്ങളു ടെ ഉപയോഗവും ഉൽപാദനവും വെട്ടിച്ചുരുക്കുന്നതിനും ഈ ആയുധ ങ്ങളുടെ പരീക്ഷണം ഉടനടി നിർത്തുന്നതിനുമുള്ള നിർദേശങ്ങൾ പരി പൂർണമായി നിരാകരിക്കുകയാണ്. "ശീതയുദ്ധ"വും ആയുധപ്പന്തയ വും അവർ തുടരുകയാണ്. കൂടുതൽ സൈനികത്താവളങ്ങൾ നിർമി ക്കുകയും, സമാധാനത്തിന് തുരങ്കം വെക്കുന്നതും ഒരു പുതിയ യുദ്ധ ത്തിൻെറ അപകടം സൃഷ്ടിക്കുന്നതുമായ നയം തുടരുകയുമാണ് ചെ യ്യുന്നത്.

അണുആയുധങ്ങൾ നിരോധിക്കുന്നതിനെ സംബന്ധിച്ച് ഒരൊ ത്തുതീർപ്പ് ഉണ്ടാക്കുന്നതിനു മുമ്പ്, ഒരു ആഗോളയുദ്ധം പൊട്ടി പ്പുറപ്പെടുകയാണെങ്കിൽ അത് അഭൂതപൂർവമായ നശീകരണശക്തി യോടുകൂടിയ അണുയുദ്ധമായിത്തീരുമെന്നുള്ളത് തീർചയാണ്.

## ജർമൻ പട്ടാളമേധാവിത്വം

പടിഞ്ഞാറൻ ജർമനിയിൽ അമേരിക്കൻ സഹായത്തോടുകൂടി പട്ടാ ളമേധാവിത്വത്തിന് പുതുജീവൻ നൽകപ്പെടുന്നു. അങ്ങനെ യൂറോപ്പി ൻെറ ഹൃദയത്തിൽ യുദ്ധത്തിൻെറ തിളച്ചുമറിയുന്ന ഒരു ആസ്ഥാനം ഉ ടലെടുക്കുന്നു. ഇപ്പോൾ സമാധാനത്തെ ഭീഷണിപ്പെടുത്തുന്ന പടി ഞ്ഞാറൻ ജർമൻ പട്ടാളമേധാവിത്വത്തിനും പകപോക്കൽ പ്രസ്ഥാന ത്തിനും എതിരായി സമരംചെയ്യുക എന്നത് ജർമൻ ജനതയിലെ സമാ ധാനകാംക്ഷികളായ ജനങ്ങളെയും യൂറോപ്പിലെ എല്ലാ രാഷ്ട്രങ്ങളെ യും അഭിമുഖീകരിക്കുന്ന ഒരു സുപ്രധാന കടമയാണ്. ഈ സമര ത്തിൽ ജർമൻ ജനാധിപത്യ റിപ്പബ്ളിക്കിന് പ്രത്യേകവും പ്രധാനവുമാ യ ഒരു പങ്കുണ്ട്. ജർമൻ ചരിത്രത്തിൽ ആദ്യമായുണ്ടായ ഈ തൊഴിലാ ളി—കർഷകരാഷ്ട്രത്തോട് ഈ സമ്മേളനത്തിൽ പങ്കുകൊണ്ടിട്ടുള്ളവർ അവരുടെ സഹഭാവം രേഖപ്പെടുത്തുകയും അതിനെ പൂർണമായി പി ന്താങ്ങുകയും ചെയ്യുന്നു.

അതേസമയംതന്നെ, പശ്ചിമേഷ്യയിലെ സ്വാതന്ത്ര്യകാംക്ഷികളാ യ ജനങ്ങളുടെമേൽ കുപ്രസിദ്ധമായ "ഐസനോവർ—ഡല്ലസ് സി ദ്ധാന്തം" കെട്ടിവെക്കുന്നതിന് സാമ്രാജ്യവാദികൾ പരിശ്രമിക്കുകയാ ണ്. അങ്ങനെ അവർ ഈ പ്രദേശത്ത് യുദ്ധവിപത്ത് സൃഷ്ടിക്കുകയാ ണ്. സ്വതന്ത്ര സിറിയക്കെതിരായി അവർ ഗൂഢാലോചനകളും പ്ര കോപനങ്ങളും സംഘടിപ്പിക്കുന്നു. സിറിയ, ഈജിപ്ത്, മറ്റു അറബി രാഷ്ട്രങ്ങൾ എന്നിവക്കെതിരായി നടത്തുന്ന പ്രകോപനങ്ങൾ അറബി രാഷ്ട്രങ്ങളെ ഭിന്നിപ്പിക്കുന്നതിനും ഒറ്റപ്പെടുത്തുന്നതിനും അവയുടെ സ്വാതന്ത്ര്യത്തെയും അനാശ്രിതത്വത്തെയും ഇല്ലായ്മ ചെയ്യുന്നതിനു മുദ്ദേശിച്ചുള്ളതാണ്.

## യുദ്ധമോ സഹവർത്തിത്വമോ?

സിയാറ്റോ ആക്രമണസന്ധി, കിഴക്കൻ ഏഷ്യയിൽ യുദ്ധവിപത്തിൻെറ ഉറവിടമാണ്. യുദ്ധമോ സമാധാനപരമായ സഹവർത്തിത്വമോ എന്ന പ്രശ്നം ഇന്നത്തെ ലോകനയത്തിൻെറ ഒരു പ്രധാന പ്രശ്നമാണ്. സാമ്രാജ്യത്വം സൃഷ്ടിച്ചിട്ടുള്ള യുദ്ധവിപത്തിൻെറ നേർക്ക് എല്ലാ രാഷ്ട്രങ്ങളും അങ്ങേയറ്റത്തെ ജാഗ്രത പ്രകടിപ്പിക്കേണ്ടതാണ്.

ഇപ്പോൾ സമാധാനശക്തികൾ വളരെയധികം വളർന്നിട്ടുണ്ട്. ഇതുമൂലം യുദ്ധം ഒഴിവാക്കാനുള്ള സാധ്യത യഥാർഥത്തിൽ കൈവന്നിരിക്കുന്നു. ഈജിപ്തിനെതിരായുണ്ടായ സാമ്രാജ്യത്വശ്രമങ്ങളുടെ തകർച്ച ഇതിന് തെളിവാണ്. ഹംഗറിയിൽ ജനകീയ ജനാധിപത്യ വ്യവസ്ഥയെ തകിടം മറിക്കാൻ വേണ്ടി എതിർ വിപ്ലവശക്തികളെ ഉപയോഗിക്കാനുള്ള സാമ്രാജ്യത്വ പദ്ധതിയും അതുപോലെ തന്നെ പരാജയപ്പെട്ടു.

നമ്മുടെ യുഗത്തിലെ കരുത്തുള്ള ശക്തികൾ സമാധാനത്തിൻെറ പ്രശ്നത്തെ ഉയർത്തിപ്പിടിക്കുന്നു. സോവിയറ്റ് യൂണിയൻെറ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ അജയ്യമായ ചേരി, ഒരു സാമ്രാജ്യത്വവിരുദ്ധ നിലപാട് സ്വീകരിക്കുകയും സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളോടൊപ്പം വ്യാപകമായ ഒരു സമാധാനമേഖല സൃഷ്ടിക്കുകയും ചെയ്തിട്ടുള്ള ഏഷ്യയിലെയും ആഫ്രിക്കയിലെയും സമാധാന തൽപരരായ രാഷ്ട്രങ്ങൾ, സാർവദേശീയ തൊഴിലാളിവർഗം, സർവോപരി അതിൻെറ മുന്നണിപ്പടയായ കമ്യൂണിസ്റ്റ്പാർടികൾ, കോളനികളിലെയും അർധകോളനികളിലെയും വിമോചനപ്രസ്ഥാനം, നിഷ്പക്ഷത പ്രഖ്യാപിച്ചിട്ടുള്ള യൂറോപ്യൻ രാഷ്ട്രങ്ങളിലെ ജനങ്ങളുടെയും ലാറ്റിൻ അമേരിക്കയിലെ ജനങ്ങളുടെയും ഒരു പുതിയ യുദ്ധത്തിനുള്ള പദ്ധതികൾക്കെതിരായി വർധമാനമായ എതിർപ്പ് സംഘടിപ്പിക്കുന്ന സാമ്രാജ്യത്വ രാജ്യങ്ങളിലെ ജനങ്ങളുടെയും വൻതോതിലുള്ള സമാധാന പ്രസ്ഥാനം— ഇവ നമ്മുടെ യുഗത്തിലെ കരുത്തുറ്റ ശക്തികളാണ്. ഇവ സമാധാനത്തിൻെറ പ്രശ്നത്തെ ഉയർത്തിപ്പിടിക്കുന്നു. ഈ കരുത്തുറ്റ ശക്തികളുടെ മൈത്രീബന്ധത്തിന് യുദ്ധത്തെ തടയാൻ കഴിയും. പക്ഷെ പിരിയിളകിയ സാമ്രാജ്യത്വ യുദ്ധമോഹികൾ മറ്റൊന്നും കണക്കിലെടുക്കാതെ ഒരു യുദ്ധം അഴിച്ചുവിടാൻ ധൈര്യപ്പെട്ടാൽ സാമ്രാജ്യത്വം സ്വയം നാശത്തിൽ നിപതിക്കും. കാരണം, ഇത്രമാത്രം ദുരിതമുണ്ടാക്കുന്നതും ഇത്രമാത്രം ത്യാഗങ്ങൾ പിടിച്ചുവാങ്ങുന്നതും ആയ ഒരു സാമൂഹ്യസമ്പ്രദായത്തെ ജനങ്ങൾക്ക് വെച്ചുപൊറുപ്പിക്കാൻ സാധ്യമല്ല.

രണ്ടു സാമൂഹ്യ വ്യവസ്ഥകളുടെ സമാധാനപരമായ സഹവർത്തിത്വത്തെക്കുറിച്ചുള്ളതും സിപിഎസ്‌യു വിൻെറ 20—ാം കോൺഗ്രസിൻെറ തീരുമാനങ്ങളിൽ കൂടുതൽ വികസിപ്പിക്കപ്പെട്ടതും അധു

നാതനമാക്കപ്പെട്ടതുമായ ലെനിനിസ്റ്റ് സിദ്ധാന്തം, സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ വിദേശനയത്തിനുള്ള ദൃഢമായ അടിസ്ഥാനവും ജനങ്ങൾ തമ്മിലുള്ള സമാധാനത്തിനും സൗഹൃദത്തിനും ഉതകുന്ന വിശ്വസനീയമായ താങ്ങും ആണ് എന്ന് ഈ സമ്മേളനത്തിൽ പങ്കുകൊള്ളുന്ന കമ്യൂണിസ്റ്റ്—തൊഴിലാളിപാർടികൾ പ്രഖ്യാപിക്കുന്നു.

സഹവർത്തിത്വത്തെക്കുറിച്ചുള്ള ആശയം, ചൈനീസ് ജനകീയ റിപ്പബ്ളിക്കും ഇന്ത്യൻ റിപ്പബ്ളിക്കും കൂടി ഒരുമിച്ചു മുന്നോട്ടുവെച്ചതും ആഫ്രോ—ഏഷ്യൻ രാജ്യങ്ങളുടെ ബന്ദൂങ് സമ്മേളനം അംഗീകരിച്ചതുമായ പഞ്ചശീല പ്രമാണങ്ങളുമായി യോജിപ്പുള്ളതാണ്. സമാധാനവും സമാധാനപരമായ സഹവർത്തിത്വവും എല്ലാ രാജ്യങ്ങളിലേയും വമ്പിച്ച ജനതതിയുടെ ആവശ്യങ്ങളായി പരിണമിച്ചിട്ടുണ്ട്.

സമാധാനത്തിനുവേണ്ടിയുള്ള സമരം തങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയായി കമ്യൂണിസ്റ്റ് പാർടികൾ കരുതുന്നു. യുദ്ധമൊഴിവാക്കുന്നതിനുവേണ്ടി തങ്ങളുടെ കഴിവിലുള്ള സർവതും അവർ ചെയ്യുന്നതാണ്.

ഇന്ന് നിലവിലുള്ള സാഹചര്യത്തിൽ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തമ്മിലും കമ്യൂണിസ്റ്റ്—തൊഴിലാളിപാർടികൾ തമ്മിലും ഉള്ള ഐക്യവും സഹകരണവും ശക്തിപ്പെടുത്തുകയും സാർവദേശീയ തൊഴിലാളിവർഗവും ദേശീയവിമോചന ജനാധിപത്യ പ്രസ്ഥാനങ്ങളും തമ്മിലുള്ള ഐക്യം ബലപ്പെടുത്തുകയും ചെയ്യുകയെന്നത് പ്രത്യേക പ്രാധാന്യമുള്ള കാര്യമാണെന്ന് ഈ സമ്മേളനം കരുതുന്നു. ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയുടെയും എല്ലാ കമ്യൂണിസ്റ്റ് തൊഴിലാളിപാർടികളുടെയും ബന്ധങ്ങളുടെ അടിത്തട്ടിലുള്ളത് മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പ്രമാണങ്ങളാണ്; ജീവിതത്തിൽ പരീക്ഷിക്കപ്പെട്ട തൊഴിലാളിവർഗ സാർവദേശീയത്വത്തിൻെറ പ്രമാണങ്ങളാണ്. സോവിയറ്റ് യൂണിയനും എല്ലാ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്കും ഈ രാജ്യങ്ങൾ ഇന്ന് പിന്തുണ നൽകുകയെന്നത് എല്ലാ രാജ്യങ്ങളിലേയും അധ്വാനിക്കുന്ന ബഹുജനങ്ങളുടെ സജീവ താൽപര്യങ്ങൾകാവശ്യമാണ്. ഈ രാജ്യങ്ങൾ, ലോകമാകെ സമാധാനം നിലനിർത്തുന്നതിനുവേണ്ടിയുള്ള ഒരു നയം തുടരുന്നതോടൊപ്പം സമാധാനത്തിൻെറയും സാമൂഹ്യ പുരോഗതിയുടെയും പ്രധാന താങ്ങായി നിലകൊള്ളുകയും ചെയ്യുന്നു എന്നുള്ളതാണ് ഇതിന് കാരണം.

## പൊതുതാൽപര്യങ്ങൾ

പൊതുതാൽപര്യത്തിനുവേണ്ടി സൗഹാർദപരമായ ബന്ധങ്ങളെ അക്ഷീണം ശക്തിപ്പെടുത്തുക, ഒന്നാമത്തേതും ഏറ്റവും കരുത്തുള്ളതുമായ സോഷ്യലിസ്റ്റ് ശക്തിയായ സോവിയറ്റ് യൂണിയനിലും, ചൈനീസ് ജനകീയ റിപ്പബ്ളിക്കിലും എല്ലാ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലും

നേടിയിട്ടുള്ള ചരിത്രപ്രധാനമായ രാഷ്ട്രീയ —സാമൂഹ്യ നേട്ടങ്ങളെ ശത്രുവിൻെറ കയ്യേറ്റങ്ങളിൽ നിന്ന് രക്ഷിക്കുക, ഈ നേട്ടങ്ങളെ വികസിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യുക എന്നീ കാര്യങ്ങളിൽ എല്ലായിടത്തുമുള്ള തൊഴിലാളിവർഗവും ജനാധിപത്യ ശക്തികളും, അധ്വാനിക്കുന്ന ജനങ്ങളും താൽപര്യമുള്ളവരാണ്.

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തങ്ങളുടെ ബന്ധങ്ങൾക്ക് അടിസ്ഥാനമാക്കുന്ന തത്വങ്ങൾ പരിപൂർണ സമത്വം, ഭൂപരമായ അപരിച്ഛിന്നതയോടുള്ള ബഹുമാനം, സ്വാതന്ത്ര്യവും പരമാധികാരവും, ആഭ്യന്തര കാര്യങ്ങളിൽ അന്യോന്യം ഇടപെടാതിരിക്കൽ എന്നിവയാണ്. ഇവ സുപ്രധാന പ്രമാണങ്ങളാണ്. ഏതായാലും ഈ തത്വങ്ങൾ, ഈ രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളുടെ അഭേദ്യ ഭാഗമാണ്. ഈ സഹായം സോഷ്യലിസ്റ്റ് സാർവദേശീയതത്വത്തിൻെറ ശ്രദ്ധേയമായ പ്രകടീഭാവമാണ്.

പരിപൂർണ സമത്വം, പരസ്പരം ഗുണം ചെയ്യൽ, സൗഹാർദപരമായ പരസ്പര സഹായം എന്നിവയുടെ അടിസ്ഥാനത്തിൽ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ, തങ്ങൾക്കിടയിൽ വിപുലമായ സാമ്പത്തിക—സാംസ്കാരിക ബന്ധങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഓരോ സോഷ്യലിസ്റ്റ് രാഷ്ട്രത്തിൻെറയും സാമ്പത്തികവും രാഷ്ട്രീയവും ആയ സ്വാതന്ത്ര്യത്തെയും സോഷ്യലിസ്റ്റ് കോമൺവെൽത്തിനെ പൊതുവെയും വളർത്തുന്നതിൽ മേൽപറഞ്ഞ സഹകരണം ഒരു പ്രധാനപങ്കു വഹിക്കുന്നു. സാമ്പത്തികവും സാംസ്കാരികവും ആയ അന്യോന്യ സഹകരണം വികസിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുകയെന്ന പ്രവൃത്തി സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തുടർന്നു നടത്തുന്നതായിരിക്കും.

മറ്റെല്ലാ രാഷ്ട്രങ്ങളുമായി സാമ്പത്തികവും സാംസ്കാരികവും ആയ ബന്ധങ്ങൾ എല്ലാ രംഗങ്ങളിലും വ്യാപിപ്പിക്കുന്നതിനായി സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ പരിശ്രമിക്കും. പക്ഷെ, അവരതിനാഗ്രഹമുള്ളവരായിരിക്കണമെന്നുമാത്രം. സമത്വം, അന്യോന്യം ഗുണംചെയ്യൽ, ആഭ്യന്തരകാര്യങ്ങളിൽ അന്യോന്യം ഇടപെടാതിരിക്കൽ എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഈ ബന്ധങ്ങൾ. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ ഐക്യം മറ്റൊരു രാഷ്ട്രത്തിനും എതിരായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതല്ല. നേരെമറിച്ച് സമാധാനപ്രേമികളായ എല്ലാ ജനങ്ങളുടെയും താൽപര്യങ്ങൾ പരിരക്ഷിക്കുകയും യുദ്ധകുതുകികളായ സാമ്രാജ്യത്വവൃത്തങ്ങളുടെ ആക്രമണപരമായ പരിശ്രമങ്ങളെ പിന്നോട്ടുപിടിക്കുകയും സമാധാനത്തിൻെറ വളരുന്ന ശക്തികളെ പിന്താങ്ങുകയും പ്രോത്സാഹിപ്പിക്കുകയും ആണ് അത് ചെയ്യുന്നത്.

ലോകത്തെ സൈനിക സഖ്യങ്ങളായി വിഭജിക്കുന്നതിനു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ എതിരാണ്. പക്ഷെ ഇന്നു രൂപംകൊണ്ടിട്ടുള്ള സാഹചര്യം പരിഗണിക്കുകയും സൈനിക സഖ്യങ്ങൾ അന്യോന്യം ഇ

ല്ലായ്മചെയ്യുന്നതിനു വേണ്ടി സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ മുൻവെച്ച നിർദേശങ്ങളെ പാശ്ചാത്യശക്തികൾ അംഗീകരിക്കാതിരിക്കുന്നതിനെ പരിഗണിക്കുകയും ചെയ്യുമ്പോൾ, പ്രതിരോധസ്വഭാവമുള്ളതും യൂറോപ്പിലെ ജനങ്ങളുടെ സുരക്ഷിതത്വത്തിനു സേവനം ചെയ്യുന്നതും ലോകത്തിലെങ്ങും സമാധാനത്തെ പിന്താങ്ങുന്നതുമായ വാഴ്സാ സന്ധി സംഘടന നിലനിർത്തേണ്ടതും സുശക്തമാക്കേണ്ടതും ആവശ്യമാണ്.

## പൊതുകുടുംബം

പൊതുവായ ഒരു സോഷ്യലിസ്റ്റ് പാത സ്വീകരിച്ചിട്ടുള്ളതുകൊണ്ടും സാമൂഹ്യ—സാമ്പത്തിക സമ്പ്രദായത്തിലും രാഷ്ട്രത്തിന്റെ അധികാരകാര്യത്തിലും അവക്ക് പൊതുവായ വർഗസത്തയുള്ളതുകൊണ്ടും പരസ്പര സഹായം, പിന്തുണ, താൽപര്യഐക്യം, സാമ്രാജ്യത്വത്തിനെതിരായ സമരത്തിൽ സോഷ്യലിസത്തിന്റെയും കമ്യൂണിസത്തിന്റെയും വിജയത്തിനുവേണ്ടിയുള്ള ലക്ഷ്യങ്ങൾ എന്നിവയുള്ളതുകൊണ്ടും, എല്ലാവർകും പൊതുവായുള്ള മാർക്സിസം —ലെനിനിസം എന്ന ആശയംകൊണ്ടും സോഷ്യലിസ്റ്റ് രാജ്യങ്ങൾ ഒരൊറ്റ പൊതുകുടുംബമെന്ന കണക്കിൽ യോജിച്ചു നിൽകുകയാണ്.

സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സൗഹാർദവും അടുത്ത ഐക്യവും, അവയുടെ ഓരോന്നിന്റെയും പരമാധികാരത്തിനും സ്വാതന്ത്ര്യത്തിനും വിശ്വാസയോഗ്യമായ ഉറപ്പ് നൽകുന്നു. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തമ്മിലുള്ള കൂടുതൽ സുശക്തമായ സഹോദരബന്ധങ്ങളും സൗഹൃദവും കമ്യൂണിസ്റ്റ് വർക്കേഴ്സ് പാർടികളുടെ ഭാഗത്തുനിന്ന് ഒരു മാർക്സിസ്റ്റ് ലെനിനിസ്റ്റ് സാർവദേശീയ നയമുണ്ടാകേണ്ടതിന്റെ ആവശ്യകത സൃഷ്ടിച്ചിരിക്കുന്നു. ഇത്, അധ്വാനിക്കുന്ന എല്ലാ ജനങ്ങളേയും സാർവദേശീയത്വവും ദേശീയത്വവും തമ്മിൽ കൂട്ടിയിണക്കുകയെന്ന സ്പിരിട്ടിൽ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും ബൂർഷ്വാ ദേശീയത്വത്തിന്റെയും സങ്കുചിതരാജ്യസ്നേഹത്തിന്റെയും അവശിഷ്ടങ്ങളെ ഇല്ലായ്മചെയ്യുന്നതിനു കരുതിക്കൂട്ടി പ്രവർത്തിക്കുന്നതിനും വേണ്ടിയാണ്.

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തമ്മിൽ ഉള്ള ബന്ധങ്ങളെ സ്പർശിക്കുന്ന സർവ പ്രശ്നങ്ങളും സോഷ്യലിസ്റ്റ് സാർവദേശീയതയുടെ തത്വങ്ങൾ കർശനമായി പാലിച്ചുകൊണ്ട് സൗഹാർദപരമായ ചർച്ചയിലൂടെ പൂർണമായി പരിഹരിക്കാൻ കഴിയും.

സോവിയറ്റ് യൂണിയനിൽ സോഷ്യലിസത്തിന്റെ വിജയവും ജനകീയ ജനാധിപത്യ രാഷ്ട്രങ്ങൾക് സോഷ്യലിസ്റ്റ് നിർമാണത്തിൽ കൈവന്നിട്ടുള്ള പുരോഗതിയും എല്ലാ രാജ്യങ്ങളിലേയും തൊഴിലാളിവർഗത്തിലും അധ്വാനിക്കുന്ന ജനതകളിലും അഗാധമായ അനുഭാവ

മാണുണ്ടാക്കിയിട്ടുള്ളത്. സോഷ്യലിസത്തിന്റെ ആശയങ്ങൾ കൂടുതൽ ജനലക്ഷങ്ങളെ തങ്ങളുടെ കൊടിക്കീഴിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കയാണ്.

ഈ പരിതഃസ്ഥിതികളിൽ, സാമ്രാജ്യത്വ ബൂർഷ്വാസി ബഹുജനങ്ങളുടെ ആശയരൂപീകരണത്തിന് വർധിച്ച പ്രാധാന്യം കൽപിക്കുന്നുണ്ട്. അവർ സോഷ്യലിസത്തെ തെറ്റായ രീതിയിൽ അവതരിപ്പിക്കുകയും മാർക്സിസം —ലെനിനിസത്തെ കരിതേച്ചു കാണിക്കുകയും ചെയ്യുന്നു. അത് ബഹുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ആശയക്കുഴപ്പത്തിൽ അകപ്പെടുത്തുകയുംചെയ്യുന്നു. അതുകൊണ്ട് ഇന്നത്തെ അതിപ്രധാനമായ ഒരു കടമ ബഹുജനങ്ങളുടെ മാർക്സിസ്റ്റ്—ലെനിനിസ്റ്റ് വിദ്യാഭ്യാസം ഊർജിതപ്പെടുത്തുകയും ബൂർഷ്വാ ആശയ സംഹിതയെ എതിർക്കുകയും സോഷ്യലിസത്തിനും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും എതിരായുള്ള നുണകളെയും അപവാദപരമായ കെട്ടുകഥകളെയും തുറന്നുകാട്ടുകയും സോഷ്യലിസത്തിന്റെ ആശയങ്ങളെയും രാഷ്ട്രങ്ങൾ തമ്മിൽ സമാധാനവും സൗഹാർദവും എന്ന ആശയങ്ങളെയും വളരെ ലളിതമായി ആളുകളെ ബോധ്യപ്പെടുത്താനുതകുന്ന രീതിയിൽ പ്രചരിപ്പിക്കുകയുമാണ്.

## അടിസ്ഥാന നിയമങ്ങളും ദേശീയ പ്രത്യേകതകളും

സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെയും സോഷ്യലിസ്റ്റ് നിർമാണത്തിന്റെയും മൗലിക പ്രശ്നങ്ങളിൽ കമ്യൂണിസ്റ്റ്—തൊഴിലാളിപാർടികൾകുള്ള അഭിപ്രായൈക്യം സമ്മേളനം ആവർത്തിച്ചു പ്രഖ്യാപിച്ചു. സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെയും സോഷ്യലിസ്റ്റ് നിർമാണത്തിന്റെയും വിവിധ പതനങ്ങളെ ഭരിക്കുന്നത്, സോഷ്യലിസം സ്വീകരിക്കാനാഗ്രഹിക്കുന്ന എല്ലാ രാജ്യങ്ങൾകും ബാധകമായ കുറെ അടിസ്ഥാന നിയമങ്ങളാണെന്ന മാർക്സിസ്റ്റ്—ലെനിനിസ്റ്റ് സിദ്ധാന്തത്തെ സോവിയറ്റ് യൂണിയന്റേയും മറ്റു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെയും അനുഭവം ശരിയാണെന്ന് തെളിയിച്ചിരിക്കുന്നു. ഇതോടൊപ്പം തന്നെ ചരിത്രപരവും വിവിധങ്ങളുമായ നിരവധി ദേശീയ പ്രത്യേകതകളേയും പാരമ്പര്യങ്ങളേയും നിശ്ചയമായും കണക്കിലെടുക്കേണ്ടതുമുണ്ട്. ഈ പ്രത്യേകതകളേയും അടിസ്ഥാനതത്വങ്ങളേയും കൂട്ടിയിണക്കി പ്രായോഗികമാക്കേണ്ട ആവശ്യകതയും സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ അനുഭവം തെളിയിച്ചിരിക്കുന്നു.

തൊഴിലാളിവർഗത്തിന്റെ ഹൃദയമായ മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പാർടിയും, തൊഴിലാളിവർഗവും ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിലുള്ള വിപ്ലവം നടത്തുന്നതിനും ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിലുള്ള തൊഴിലാളിവർഗ സർവാധിപത്യം സ്ഥാപിക്കുന്നതിനും അധ്വാനിക്കുന്ന ബഹുജനങ്ങൾക്ക് മാർഗദർശനം നൽക

ണം. തൊഴിലാളിവർഗവും കർഷകബഹുജനങ്ങളും അധ്വാനിക്കുന്ന മറ്റു വിഭാഗങ്ങളും തമ്മിലുള്ള സഖ്യം; സ്വകാര്യസ്വത്തവകാശം ഉന്മൂലനം ചെയ്യലും അടിസ്ഥാനഉൽപാദനോപകരണങ്ങളുടെ പൊതു ഉടമാവകാശം സ്ഥാപിക്കലും; കൃഷിയുടെ ക്രമാനുഗതമായ സോഷ്യലിസ്റ്റ് പുനർനിർമാണം; സോഷ്യലിസവും കമ്യൂണിസവും കെട്ടിപ്പടുക്കൽ ലക്ഷ്യംവെച്ചു കൊണ്ടും അധ്വാനിക്കുന്ന ജനതയുടെ ജീവിതനിലവാരം ഉയർത്താൻ ഉന്നംവെച്ചുകൊണ്ടും, ദേശീയസമ്പദ്ഘടനയുടെ ആസൂത്രിത വികസനം; തൊഴിലാളിവർഗത്തിനും അധ്വാനിക്കുന്ന ജനങ്ങൾക്കും സോഷ്യലിസത്തിനും വേണ്ടി ആത്മാർപണം ചെയ്യുന്ന ഒരു ബുദ്ധിജീവിവർഗത്തിൻെറ സൃഷ്ടി; പ്രത്യയശാസ്ത്രത്തിൻെറയും സംസ്കാരത്തിൻെറയും രംഗങ്ങളിൽ സോഷ്യലിസ്റ്റ് വിപ്ലവം പൂർണമായും നടപ്പാക്കൽ; ദേശീയ മർദനത്തിൻെറ നിർമാർജനവും ജനതകൾ തമ്മിലുള്ള സൗഭ്രാത്രവും സൗഹാർദവും സമതയും സ്ഥാപിക്കലും; ബാഹ്യവും ആഭ്യന്തരവുമായ ആക്രമണങ്ങളിൽ നിന്ന് സോഷ്യലിസത്തിൻെറ നേട്ടങ്ങളെ സംരക്ഷിക്കൽ; വിവിധ രാജ്യങ്ങളിലെ തൊഴിലാളിവർഗങ്ങൾ തമ്മിലുള്ള സാഹോദര്യവും ആശയൈക്യവും അതായത്, തൊഴിലാളിവർഗ സാർവദേശീയത്വം— ഇവയാണ് ആ അടിസ്ഥാന നിയമങ്ങൾ.

ഓരോ രാജ്യത്തിലേയും മൂർത്തമായ പരിത:സ്ഥിതികളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട്, സോഷ്യലിസ്റ്റ് നിർമാണത്തിൻെറയും, സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറയും പൊതു തത്വങ്ങളെ സൃഷ്ടിപരമായി പ്രയോഗിക്കുവാനും അതു നമ്മോടാഹ്വാനം ചെയ്യുന്നു. മറ്റു രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് പാർടികളുടെ നയങ്ങളേയും തന്ത്രങ്ങളേയും യാന്ത്രികമായി അനുകരിക്കുന്നത് തെറ്റാണെന്നും, മാർക്സിസം—ലെനിനിസം അനുശാസിക്കുന്നു.

ഏതെങ്കിലും പ്രത്യേക രാജ്യത്തിൻെറയോ, ദേശീയ സ്റ്റേറ്റിൻെറയോ പ്രത്യേക സവിശേഷതകൾക്കനുസൃതമായി കമ്യൂണിസത്തിൻെറ അടിസ്ഥാന സിദ്ധാന്തങ്ങൾ തെറ്റുകൂടാതെ പ്രയോഗിക്കേണ്ടതിൻെറ ആവശ്യകതയിലേക്ക്, ലെനിൻ നമ്മുടെ ശ്രദ്ധയെ ആവർത്തിച്ചു ക്ഷണിച്ചിട്ടുണ്ട്.

ദേശീയ പ്രത്യേകതകളെ, തൊഴിലാളി വർഗ പാർടി അവഗണിക്കുകയാണെങ്കിൽ, അത് പാർടിയെ യാഥാർഥ്യത്തിൽ നിന്നും പൊതുജനങ്ങളിൽ നിന്നും അനിവാര്യമായും അകറ്റിനിർത്തുകയും സോഷ്യലിസത്തിന് തീർച്ചയായും ദോഷകരമായി ഭവിക്കുകയും ചെയ്യുന്നതാണ്. നേരെമറിച്ച് ഈ പ്രത്യേകതകളുടെ പങ്കിനെ അതിശയോക്തി പരമായി കണക്കുകൂട്ടുകയോ, അതല്ലെങ്കിൽ, ദേശീയ പ്രത്യേകതകളുടെ അടിസ്ഥാനത്തിലാണെന്ന നാട്യേന സോഷ്യലിസ്റ്റ് വിപ്ലവത്തെപറ്റിയും സോഷ്യലിസ്റ്റ് നിർമാണത്തെപ്പറ്റിയുമുള്ള വിശ്വവ്യാപിയായ

മാർക്സിസ്റ്റ് ലെനിനിസ്റ്റ് സത്യത്തിൽ നിന്ന് വ്യതിചലിക്കുകയോ ചെയ്യുന്നത് സോഷ്യലിസത്തിന് അതുപോലെ ഹാനികരമാണ്.

ഒരേസമയത്തുതന്നെ ഈ രണ്ടു പ്രവണതകളേയും എതിർക്കേണ്ടതാണെന്നും സമ്മേളനത്തിൽ ഭാഗഭാക്കായ ഞങ്ങൾ കരുതുന്നു. തങ്ങളുടെ രാജ്യങ്ങളിലെ പ്രത്യേക രീതിയിലുള്ള വിപ്ലവപ്രവർത്തന പരിചയവുമായി മുകളിൽ പറഞ്ഞ വിശ്വവ്യാപിയായ മാർക്സിസ്റ്റ്—ലെനിനിസ്റ്റ് യാഥാർത്ഥ്യത്തെ കൂട്ടിയിണക്കുക എന്ന സിദ്ധാന്തത്തിൽ, സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ കമ്യൂണിസ്റ്റ്—തൊഴിലാളി പാർടികൾ ഉറച്ചു വിശ്വസിക്കുകയും തങ്ങളുടെ രാജ്യങ്ങളിലെ സമൂർത്ത പരിതസ്ഥിതികൾക്കനുരോധമായി സോഷ്യലിസ്റ്റ് വിപ്ലവത്തേയും സോഷ്യലിസ്റ്റ് നിർമാണത്തേയും നിയന്ത്രിക്കുന്ന പൊതു നിയമങ്ങൾ സൃഷ്ടിപരമായ വിധത്തിൽ പ്രയോഗിക്കുകയും സോഷ്യലിസ്റ്റ് രാജ്യങ്ങൾ അന്യോന്യം അറിവും പരിചയവും വിനിമയം ചെയ്യുകയും ചെയ്യേണ്ടത് സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ കമ്യൂണിസ്റ്റ്—തൊഴിലാളിപാർടികളുടെ ചുമതലയാണ്.

അനുഭവത്തിൻെറ ഉരകല്ലിൽ ഉരച്ചുനോക്കി പരീക്ഷിച്ചുകഴിഞ്ഞ സോഷ്യലിസ്റ്റ് നിർമാണത്തിൻെറ പൊതുനിയമങ്ങളുടെ സൃഷ്ടിപരമായ പ്രയോഗവും, സോഷ്യലിസ്റ്റ് നിർമാണത്തിന് വ്യത്യസ്ത രാജ്യങ്ങളിൽ ഉപയോഗിക്കപ്പെടുന്ന രൂപങ്ങളുടെയും സമ്പ്രദായങ്ങളുടെയും വൈവിധ്യവും മാർക്സിസ്റ്റ് —ലെനിനിസ്റ്റ് പ്രത്യയശാസ്ത്രത്തിന് നൽകപ്പെടുന്ന ഒരു കൂട്ടായ സംഭാവനയാണ്.

## വൈരുധ്യാധിഷ്ഠിത ഭൗതിക വാദം

വൈരുധ്യാധിഷ്ഠിത ഭൗതിക വാദമാണ് മാർക്സിസ്റ്റ്— ലെനിനിസ്റ്റ് തത്വശാസ്ത്രത്തിൻെറ ഉറവിടം. ഈ വിശ്വവീക്ഷണത്തിൽ പ്രകൃതിയുടെയും സമൂഹത്തിൻെറയും, മാനവചിന്തയുടെയും വളർച്ചയെ സംബന്ധിക്കുന്ന സാർവലൗകികനിയമം പ്രതിഫലിച്ചിരിക്കുന്നു. ഈ പ്രത്യയശാസ്ത്രം ഭൂതകാലത്തിലേക്കും, വർതമാനകാലത്തിലേക്കും ഭാവികാലത്തിലേക്കും ഒരുപോലെ സാധുവായ ഒന്നാണ്.

വൈരുധ്യാധിഷ്ഠിത ഭൗതികവാദത്തെ ആശയവാദവും അതിഭൗതികവാദവും എതിർകുന്നുണ്ട്. മാർക്സിസ്റ്റ്— ലെനിനിസ്റ്റ് പാർടി, അതിൻെറ പ്രശ്നങ്ങളെ പരിശോധിക്കുന്നത്, വൈരുധ്യവാദത്തിൻെറയും ഭൗതികവാദത്തിൻെറയും അടിസ്ഥാനത്തിലല്ലെങ്കിൽ പലവിധ തെറ്റുകളിലും ചെന്നെത്തും.

ചിന്താഗതിയിലുള്ള സ്തംഭനവും ജീവിതത്തിൽ നിന്നുള്ള അകൽചയും പ്രതിഭാസങ്ങളെയും വസ്തുതകളെയും വേണ്ടവിധത്തിൽ വിശകലനം ചെയ്യാനുള്ള കഴിവില്ലായ്മയും തിരുത്തൽവാദപരവും വരട്ടുതത്വവാദപരവും നയപരവുമായ തെറ്റുകളും ഇതുകൊണ്ട്

സംഭവിക്കും.

പ്രായോഗിക പ്രവർത്തനത്തിൽ വൈരുധ്യാധിഷ്ഠിത ഭൗതികവാദം പ്രയോഗിക്കുകയും പാർടി പ്രവർത്തകരെയും ബഹുജനങ്ങളെയും മാർക്സിസം— ലെനിനിസത്തിൻെറ സ്പിരിട്ടിൽ വിദ്യാഭ്യാസം ചെയ്യിക്കുകയും കമ്യൂണിസ്റ്റ്— തൊഴിലാളിവർഗ പാർടികളുടെ അടിയന്തര കടമകളാണ്.

തൊഴിലാളിവർഗത്തിലും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലുമുള്ള അവസരവാദപരമായ പ്രവണതകൾക്കെതിരായുള്ള ഊർജിതമായ സമരമാണ്, ഇന്നത്തെ നിലയിൽ പ്രധാനപ്പെട്ട മറ്റൊരു സംഗതി. കമ്യൂണിസ്റ്റ്— തൊഴിലാളി പാർടികളുടെ അണികളിലുള്ള തിരുത്തൽ വാദത്തെയും വരട്ടുതത്വവാദത്തെയും നിശ്ചയദാർഢ്യത്തോടെ കീഴടക്കുന്നതിൻെറ ആവശ്യകതയും സമ്മേളനം ഊന്നിപ്രസ്താവിക്കുന്നു. തൊഴിലാളി വർഗത്തിൻെറയും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറയും അണികളിലുള്ള തിരുത്തൽവാദവും വരട്ടുതത്വവാദവും, ഭൂതകാലത്തിലെന്നപോലെ ഇന്നും ഒരു സാർവദേശീയ വസ്തുതയാണ്. വരട്ടു തത്വവാദവും വിഭാഗീയ ചിന്താഗതിയും മാർക്സിസ്റ്റ്— ലെനിനിസ്റ്റ് തത്വശാസ്ത്രത്തിൻെറ വളർച്ചയെയും മാറുന്ന പരിതസ്ഥിതികൾക്കനുസരിച്ചുള്ള അതിൻെറ സൃഷ്ടിപരമായ പ്രയോഗത്തെയും തടയുന്നു. ഇതേ പ്രവണതകൾ, സമൂർത്ത സ്ഥിതിഗതികളുടെ പഠനത്തിന് പകരം, ക്ലാസിക്കുകളെ ഉദ്ധരിക്കുന്നതിലേക്കും, പുസ്തകങ്ങളിൽ പറ്റിപ്പിടിക്കുന്നതിലേക്കും പാർടിയെ ബഹുജനങ്ങളിൽ നിന്നും ഒറ്റപ്പെടുത്തുന്നതിലേക്കും എത്തിക്കുന്നു. വിഭാഗീയ ചിന്താഗതിയുടെ തൊണ്ടിലേക്ക് ഉൾവലിയുകയും, ബഹുജനങ്ങളുമായുള്ള സമ്പർകം നഷ്ടപ്പെടുകയും ചെയ്യുന്ന ഒരു പാർടിക്ക്, തൊഴിലാളിവർഗത്തെ വിജയത്തിലേക്ക് നയിക്കാൻ കഴിയില്ല.

വരട്ടുതത്വവാദത്തെ അധിക്ഷേപിക്കുന്ന സന്ദർഭത്തിൽ ഇന്നത്തെ പ്രധാന അപകടം, തിരുത്തൽവാദമാണെന്ന് കമ്യൂണിസ്റ്റ് പാർടികൾ വിശ്വസിക്കുന്നു. തിരുത്തൽവാദം, അഥവാ വലതുപക്ഷ അവസരവാദം ബൂർഷ്വാ തത്വശാസ്ത്രത്തിൻെറ ഒരു പ്രത്യക്ഷ രൂപമെന്നപോലെ, തൊഴിലാളിവർഗത്തിൻെറ വിപ്ലവ വീര്യത്തെ തളർത്തുകയും മുതലാളിത്തത്തിൻെറ സംരക്ഷണമോ, പുനഃസ്ഥാപനമോ ആവശ്യപ്പെടുകയും ചെയ്യുന്നു. എന്നിരുന്നാലും, വരട്ടുതത്വവാദവും സെക്ടേറിയനിസവും ചില പാർടികളുടെ വളർച്ചയുടെ വിവിധ പതനങ്ങളിൽ, പ്രധാന ആപത്തായും വരാം. ഏതപകടമാണ്, ഒരു പ്രത്യേക സമയത്ത് തങ്ങളെ ഭീഷണിപ്പെടുത്തുന്നതെന്ന് നിശ്ചയിക്കേണ്ടത് അതാത് കമ്യൂണിസ്റ്റ് പാർടികളാണ്.

തൊഴിലാളിവർഗം അധികാരം പിടിച്ചെടുക്കുന്നത്, വിപ്ലവത്തിൻെറ ആരംഭം മാത്രമാണ് കുറിക്കുന്നത്, അതിൻെറ പൂർത്തീകരണമല്ല.

അധികാര സമ്പാദനത്തിനുശേഷം, തൊഴിലാളിവർഗം നേരിടുന്ന കടമ കളത്രെ, ദേശീയ സമ്പദ് വ്യവസ്ഥയുടെ സോഷ്യലിസ്റ്റ് പുനർനിർമാണവും, സോഷ്യലിസത്തിന്റെ സാമ്പത്തികവും സാങ്കേതികവുമായ അടിത്തറയിടലും. ഇതേ സമയത്തുതന്നെ തോൽപിക്കപ്പെട്ട ബൂർഷ്വാസി, എപ്പോഴും ഒരു തിരിച്ചുവരവിന് പരിശ്രമിച്ചുകൊണ്ടിരിക്കും. ബൂർഷ്വാസിയും പെറ്റിബൂർഷ്വാസിയും അവരുടെ ബുദ്ധിജീവിവർഗവും സമൂഹത്തിൽ ചെലുത്തിക്കൊണ്ടിരിക്കുന്ന സ്വാധീനം ഇപ്പോഴും വലുതാണ്. അതുകൊണ്ട്തന്നെയാണ്, മുതലാളിത്തമോ, സോഷ്യലിസമോ വിജയിക്കുക എന്ന പ്രശ്നത്തിന്റെ പരിഹാരത്തിന് സാമാന്യേന ദീർഘമായ ഒരു കാലയളവ് ആവശ്യമായി വരുന്നത്. ബൂർഷ്വാ സ്വാധീനത്തിന്റെ നിലനിൽപാണ് തിരുത്തൽവാദത്തിന്റെ ആഭ്യന്തര ഉറവിടമെങ്കിൽ അതിന്റെ ബാഹ്യമായ ഉറവിടം സാമ്രാജ്യത്വ സമ്മർദത്തിന് കീഴടങ്ങലാണ്.

## തിരുത്തൽവാദം

ആധുനിക തിരുത്തൽവാദം, മാർക്സിസം— ലെനിനിസത്തിന്റെ മഹത്തായ പാഠത്തെ കരിപുരട്ടിക്കാണിക്കാൻ ശ്രമിക്കുകയും, അത് പഴഞ്ചനായിത്തീർന്നെന്ന് പ്രഖ്യാപിക്കുകയും സാമൂഹ്യപുരോഗതിയിൽ അതിനുള്ള പങ്ക് നഷ്ടപ്പെട്ടെന്ന് ആക്ഷേപിക്കുകയും ചെയ്യലാണ്. മാർക്സിസത്തിന്റെ വിപ്ലവപരമായ അന്ത:സത്തയുടെ 'ബാധ'യൊഴിക്കാനും, സോഷ്യലിസത്തിൽ തൊഴിലാളിവർഗത്തിനും പൊതുവെ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കുമുള്ള വിശ്വാസത്തെ കടപുഴക്കാനും, ഈ തിരുത്തൽവാദികൾ പരിശ്രമിക്കുന്നുണ്ട്. തൊഴിലാളിവർഗ വിപ്ലവത്തിന്റേയും, മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തന ഘട്ടത്തിൽ തൊഴിലാളിവർഗ സർവാധിപത്യത്തിന്റെ ആവശ്യകതയേയും മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർടിയുടെ നേതൃത്വപരമായ പങ്കിനേയും തിരുത്തൽവാദികൾ നിഷേധിക്കുന്നു. തൊഴിലാളിവർഗ സാർവദേശീയത്വത്തിന്റെ തത്വങ്ങളേയും പാർടി സംഘടനാസംബന്ധമായ ലെനിനിസ്റ്റ് സിദ്ധാന്തങ്ങളേയും ഉപേക്ഷിക്കാൻ ഈ തിരുത്തൽവാദികൾ ആവശ്യപ്പെടുന്നു. ഇതിനെല്ലാം ഉപരിയായി, പാർടിയുടെ, ജനാധിപത്യ കേന്ദ്രീകരണത്തിന്റെ സിദ്ധാന്തങ്ങളെ ഉപേക്ഷിക്കാനും അവർ ആഹ്വാനം ചെയ്യുന്നു. അവരുടെ മറ്റൊരാഹ്വാനം കമ്യൂണിസ്റ്റ് പാർടിയെ വിപ്ളവ വീര്യമുള്ള ഒരു സംഘടനയിൽ നിന്നും, ഏതെങ്കിലും തരത്തിലുള്ള ഒരു വാദപ്രതിവാദ സംഘമാക്കി മാറ്റുകയാണ്.

കമ്യൂണിസ്റ്റ്—തൊഴിലാളി പാർടികൾ, തങ്ങളുടെ അണികളിലുള്ള മാർക്സിസ്റ്റ്—ലെനിനിസ്റ്റ് ഐക്യം സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരാണ്. പാർടിക്കുള്ളിലെ നിക്ഷിപ്ത താൽപര്യമുള്ള ക്ളിക്കുകളേയും, ഗ്രൂപ്പുകളേയും നിരോധിക്കുന്നപക്ഷം സോഷ്യലിസ്റ്റ് വിപ്ളവത്തി

ൻെറ കടമകൾ വിജയകരമായി നിറവേറ്റുവാനും സോഷ്യലിസവും കമ്യൂണിസവും സ്ഥാപിക്കുവാനും അവർക്ക് കഴിയുമെന്ന്; സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ അനുഭവം തെളിയിക്കുന്നു.

ചരിത്രത്തിൻെറ മഹത്തായ കടമകളാണ് കമ്യൂണിസ്റ്റ് തൊഴിലാളി പാർടികളെ അഭിമുഖീകരിക്കുന്നത്. ഈ കടമകൾ നിർവഹിക്കാൻ കമ്യൂണിസ്റ്റ്—തൊഴിലാളി പാർടികളുടെ ഐക്യം കൂടുതൽ സുദൃഢമാക്കൽ മാത്രമല്ല, മുഴുവൻ തൊഴിലാളിവർഗത്തിൻെറയും ഐക്യം കൂടി ആവശ്യമാണ്; തൊഴിലാളികളുടെയും കർഷകരുടെയും സഖ്യം അരക്കിട്ടുറപ്പിക്കയും തൊഴിലാളി ജനവിഭാഗങ്ങളേയും പുരോഗമനവാദികളായ മുഴുവൻ ജനതതിയേയും സ്വാതന്ത്ര്യവും സമാധാനവും കാംക്ഷിക്കുന്ന എല്ലാ ശക്തികളേയും ഒരുമിച്ചണിനിരത്തുകയും ചെയ്യേണ്ടതുണ്ട്.

## ദേശീയതാൽപര്യങ്ങളുടെ കാവൽഭടൻമാർ

ഇന്നത്തെ ഏറ്റവും പ്രധാനപ്പെട്ട സാർവദേശീയ കടമ സമാധാന സംരക്ഷണമാണ്. സമാധാനത്തെ അനുകൂലിക്കുകയും യുദ്ധത്തെ എതിർക്കുകയും ചെയ്യുന്ന എല്ലാ ശക്തികളുമായും കഴിയുന്നത്ര വിശാലമായ തോതിൽ സംയുക്ത പ്രവർത്തനം നടത്താൻ എല്ലാ രാജ്യങ്ങളിലേയും കമ്യൂണിസ്റ്റ്—തൊഴിലാളിപാർടികൾ നിലകൊള്ളുന്നു. സമാധാനത്തിനുവേണ്ടി വാദിക്കുകയും യുദ്ധത്തെ എതിർക്കുകയും സമാധാനപരമായ സഹവർത്തിത്വവും, യൂറോപ്പിലും ഏഷ്യയിലും കൂട്ടുരക്ഷാസഖ്യവും ആയുധങ്ങൾ വെട്ടിക്കുറക്കലും, ന്യൂക്ളിയർ ആയുധങ്ങളുടെ ഉപയോഗ—പരീക്ഷണങ്ങൾ നിരോധിക്കലും ആവശ്യപ്പെടുകയും ചെയ്യുന്ന വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും സ്റ്റേറ്റുകളുടെയും മുഴുവൻ യത്നങ്ങൾക്കും തങ്ങളുടെ സർവവിധ പിന്തുണയുമുണ്ടായിരിക്കുമെന്ന് ഈ സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾ പ്രഖ്യാപിക്കുന്നു.

എല്ലാ രാജ്യങ്ങളിലെ ജനങ്ങളുടെയും ദേശീയവും ജനാധിപത്യപരവുമായ താൽപര്യങ്ങളോട് കൂറുള്ള കാവൽഭടൻമാരാണ് കമ്യൂണിസ്റ്റ്—തൊഴിലാളി പാർടികൾ. അനവധി രാജ്യങ്ങളിലെ അധ്വാനിക്കുന്ന വർഗങ്ങളേയും ജനതയെയും, ഇപ്പോഴും കൊളോണിയൽ ആക്രമണത്തിനും ഫ്യൂഡൽ മർദനത്തിനും എതിരായ ദേശീയ സ്വാതന്ത്ര്യസമരത്തിൻെറ ചരിത്രപരമായ കടമകൾ നേരിടുന്നുണ്ട്. ഇവിടെ ആവശ്യമായിട്ടുള്ളത്, തൊഴിലാളികളുടെയും, കൃഷിക്കാരുടെയും, പട്ടണത്തിലുള്ള ഇടത്തരക്കാരുടേയും, ദേശീയ മുതലാളിമാരുടേയും മറ്റു രാജ്യസ്നേഹികളായ ജനാധിപത്യശക്തികളുടേയും ഒററക്കെട്ടായുള്ള സാമ്രാജ്യവിരുദ്ധവും നാടുവാഴി വിരുദ്ധവുമായ ഒരു മുന്നണിയാണ്. ദേശസ്നേഹികളായ ജനാധിപത്യശക്തികളുടെ ഐക്യം എത്രകണ്ടു വിപുലവും ശക്തവുമാകുന്നുവോ അത്രകണ്ട് തങ്ങളുടെ പൊതുസമരത്തി

ത്തിന്റെ വിജയത്തിന് ഉറപ്പുവർധിക്കും.

ഇന്ന്, യുദ്ധഭീഷണിക്കെതിരായും തങ്ങളുടെ മൗലിക താൽപര്യങ്ങളുടെ സംരക്ഷക്കുവേണ്ടിയുമുള്ള അധ്വാനിക്കുന്ന വർഗത്തിന്റെയും ബഹുജനങ്ങളുടേയും സമരം പ്രധാനമായും, വൻകിട കുത്തകമുതലാളിമാരുടെ ഗ്രൂപ്പുകൾക്കെതിരായാണ്. ആയുധപ്പന്തയത്തിന്റെ പ്രധാന ഉത്തരവാദികളെന്ന നിലയിലും പുതിയൊരു ലോകയുദ്ധത്തെ പടച്ചുവിടുവാൻ പദ്ധതികൾ ഒരുക്കുകയും അവർകു പ്രേരണ നൽകുകയും ചെയ്യുന്നവരെന്ന നിലയിലും, ആക്രമണത്തിന്റെയും പ്രതിലോമകാരിതയുടെയും നെടുംകോട്ടയെന്ന നിലയിലും ഈ വൻകിട കുത്തക മുതലാളിവിഭാഗങ്ങളുടെ നേർകാണ് ഇന്ന് യുദ്ധഭീഷണിക്കെതിരായും, തങ്ങളുടെ മൗലിക താൽപര്യങ്ങളുടെ സംരക്ഷക്കുവേണ്ടിയുമുള്ള അധ്വാനിക്കുന്ന വർഗത്തിന്റേയും ബഹുജനങ്ങളുടേയും സമരത്തിന്റെ പ്രധാന നീക്കം.

വിരലിലെണ്ണാവുന്ന കുത്തകമുതലാളിമാരുടെ താൽപര്യങ്ങളും നയവും തൊഴിലാളിവർഗത്തിന്റെ താൽപര്യങ്ങളുമായി മാത്രമല്ല, മുതലാളിത്ത സമൂഹത്തിലെ മറ്റു വിഭാഗങ്ങളുടെ—അതായത്, കൃഷിക്കാർ, ബുദ്ധിജീവികൾ, നഗരത്തിലെ ഇടത്തരക്കാർ, ചെറുകിട മുതലാളിമാർ എന്നിവരുടെ— താൽപര്യങ്ങളുമായും വർധമാനമായ തോതിൽ ഏറ്റുമുട്ടിക്കൊണ്ടിരിക്കയാണ്.

അമേരിക്കൻ കുത്തകവാദികൾ തങ്ങളുടെ ആധിപത്യം സ്ഥാപിക്കുവാൻ ഇറങ്ങി പുറപ്പെട്ടിട്ടുള്ള രാജ്യങ്ങളിലും, അമേരിക്കയുടെ സാമ്പത്തികവും പട്ടാളപരവുമായ വികസന നയം നിമിത്തം ഇപ്പോൾ തന്നെ ക്ലേശങ്ങളനുഭവിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിലും സമാധാനത്തിനുവേണ്ടി സമരം ചെയ്യുന്നതിനും ദേശീയ സ്വാതന്ത്ര്യത്തിന്റേയും ജനാധിപത്യ സ്വാതന്ത്ര്യങ്ങളുടേയും സംരക്ഷണത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനും മൗലികങ്ങളായ ഭൂപരിഷ്കരണങ്ങൾ നടപ്പിൽ വരുത്തുന്നതിനും ദേശീയ താൽപര്യങ്ങളെ വഞ്ചിക്കുന്ന കുത്തകവാദികളുടെ ഭരണത്തെ വലിച്ചെറിയുന്നതിനും തൊഴിലാളിവർഗത്തിന്റേയും തൊഴിലാളിവർഗ വിപ്ലവപാർടികളുടേയും നേതൃത്വത്തിൽ വിപുലങ്ങളായ ജനവിഭാഗങ്ങളെ ഒന്നിച്ചണിനിരത്തുന്നതിനുള്ള വസ്തുനിഷ്ഠങ്ങളായ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കയാണ്.

ഗംഭീരങ്ങളും ചരിത്രപരങ്ങളുമായ മാറ്റങ്ങളും സോഷ്യലിസത്തിന് അനുകൂലമായി സാർവദേശീയ രംഗത്ത് ശക്തികളുടെ ബലാബലത്തിൽ വന്നിട്ടുള്ള നിർണായകമായ മാറ്റവും അധ്വാനിക്കുന്ന വർഗത്തിനിടയിലും അധ്വാനിക്കുന്ന കർഷകജനതക്കിടയിലും ബുദ്ധിജീവിവർഗത്തിനിടയിലും, സോഷ്യലിസത്തിന്റെ വിജയത്തിന് കൂടുതൽ അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

## പരിവർത്തനത്തിന്റെ രൂപങ്ങൾ

സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന്റെ രൂപങ്ങൾ വ്യത്യസ്ത രാജ്യങ്ങളിൽ വ്യത്യസ്തങ്ങളായേക്കാം. അധ്വാനിക്കുന്ന വർഗവും അതിന്റെ മുന്നണിപ്പടയായ മാർക്സിസ്റ്റ്— ലെനിനിസ്റ്റ് പാർടിയും സോഷ്യലിസ്റ്റ് വിപ്ളവം സമാധാനപരമായ മാർഗങ്ങളിലൂടെ കൈവരുത്തുവാൻ ശ്രമിക്കുന്നു. ഈ നയം അധ്വാനിക്കുന്ന വർഗത്തിന്റെയും ജനതയുടെ ആകെത്തന്നെയും, രാജ്യത്തിന്റെയും ദേശീയ താൽപര്യങ്ങൾക്ക് അനുഗുണമായിരിക്കും.

ഇന്ന് കുറേയേറെ മുതലാളിത്ത രാജ്യങ്ങളിൽ തങ്ങളുടെ മുന്നണിപ്പടയായ മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർടിയുടെ നേതൃത്വത്തിൽ തൊഴിലാളിവർഗത്തിന് ഒരു സംയുക്ത തൊഴിലാളിവർഗ ജനകീയ മുന്നണിയോ, വ്യത്യസ്ത പാർടികളും പൊതുജന സംഘടനകളും തമ്മിൽ രാഷ്ട്രീയ സഹകരണമോ, അവ തമ്മിൽ ഏതെങ്കിലും വിധത്തിലുള്ള പ്രായോഗിക യോജിപ്പോ ഉണ്ടാവുകയാണെങ്കിൽ ജനസമൂഹത്തിന്റെ ഭൂരിപക്ഷത്തെ യോജിപ്പിച്ചണിനിരത്തുന്നതിനും ആഭ്യന്തര യുദ്ധം കൂടാതെ സ്റ്റേറ്റ് അധികാരം സമ്പാദിക്കുന്നതിനും ഉൽപാദനത്തിന്റെ അടിസ്ഥാനോപകരണങ്ങൾ ജനങ്ങളുടെ കരങ്ങളിലേക്ക് കൈമാറ്റം ചെയ്യാമെന്നുറപ്പിക്കുന്നതിനുമുള്ള സന്ദർഭം സിദ്ധിക്കുന്നുണ്ട്. ജനകീയ ഭൂരിപക്ഷത്തെ അവലംബമാക്കിക്കൊണ്ട്, ജൻമി—മുതലാളികളോടുള്ള ഒത്തുതീർപ്പിന്റെ നയം ഉപേക്ഷിക്കാൻ കഴിവില്ലാത്ത അവസരവാദികളെ നിശ്ചയദാർഢ്യത്തോടെ പരാജയപ്പെടുത്തിക്കൊണ്ട് പാർലമെണ്ടിൽ ഒരു ഭൂരിപക്ഷ ശക്തിയായി ഉയരുവാനും പാർലമെണ്ടിനെ ബൂർഷ്വാ വർഗതാൽപര്യങ്ങളെ പരിരക്ഷിക്കാനുള്ള ഒരു ഉപകരണമെന്നതിന് പകരം തൊഴിലാളി താൽപര്യങ്ങളെ പരിരക്ഷിക്കാനുള്ള ഒരു സ്ഥാപനമാക്കി മാറ്റിത്തീർകുവാനും പാർലമെണ്ടറി രംഗത്തിനു വെളിയിൽ നടത്തുന്ന ജനകീയ സമരങ്ങളിലൂടെ പിന്തിരിപ്പൻ ശക്തികളുടെ എതിർപ്പിനെ പരാജയപ്പെടുത്തിക്കൊണ്ട്, അങ്ങനെ സമാധാനപരമായ മാർഗങ്ങളിലൂടെ, സോഷ്യലിസം സാധിതപ്രായമാക്കുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ച്, ജനകീയവിരുദ്ധ ശക്തികളെ പാടെ പരാജയപ്പെടുത്തി മുന്നേറുവാനും സംഘടിത തൊഴിലാളിവർഗത്തിന് ഇന്ന് സാധിച്ചിട്ടുണ്ട്. ഇതെല്ലാം തന്നെ വൻകിട കുത്തക മുതലാളിമാർക്കെതിരായുള്ള; പ്രതിലോമശക്തികൾക്കെതിരായുള്ള, ഉൽകൃഷ്ടങ്ങളായ സാമൂഹ്യപരിഷ്കാരങ്ങൾക്കുവേണ്ടിയുള്ള, സമാധാനത്തിനും, സോഷ്യലിസത്തിനും വേണ്ടിയുള്ള, തൊഴിലാളികളുടേയും, കർഷക ബഹുജനങ്ങളുടേയും, നഗരത്തിലെ ഇടത്തരക്കാരുടേയും വർഗസമരത്തിന്റെ വിശാലവും അവിരാമവുമായ വികസനത്തിലൂടെ മാത്രമേ സാധ്യമാകൂ.

ജനങ്ങൾക്കെതിരായി ഭരണാധികാരിവർഗം ആക്രമണത്തിനൊരു മ്പെടുകയാണെങ്കിൽ, സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം സമാധാനപരമാകാതിരിക്കുവാനുള്ള സാധ്യതയുണ്ടെന്നതും മനസിലാക്കിയിരിക്കേണ്ടതാണ്. ഭരണാധികാരിവർഗങ്ങൾ അധികാരം ഒരിക്കലും സ്വമേധയാ ഉപേക്ഷിക്കുകയില്ലെന്ന് ലെനിനിസം നമ്മെ പഠിപ്പിക്കുകയും, അനുഭവം തെളിയിക്കുകയും ചെയ്തിട്ടുള്ള സംഗതിയാണ്. ഈയൊരു കാര്യത്തിൽ പകയുടെ ഏറ്റക്കുറച്ചിലും വർഗസമരത്തിൻെറ രൂപഭേദങ്ങളും, തൊഴിലാളിവർഗത്തെക്കാളുപരിയായി, ബഹുജനങ്ങളിൽ ഭൂരിപക്ഷത്തിൻേറയും, ഇച്ഛക്കെതിരായുള്ള പിന്തിരിപ്പൻ വൃത്തങ്ങളുടെ എതിർപ്പിനേയും, ഈ പിന്തിരിപ്പൻ വൃത്തങ്ങൾ സോഷ്യലിസത്തിനുവേണ്ടിയുള്ള സമരത്തിൻെറ ഓരോ ഘട്ടത്തിലും ഉപയോഗിക്കുന്ന ബലത്തേയുമാണാശ്രയിച്ചിരിക്കുന്നത്.

സോഷ്യലിസത്തിലേക്കുള്ള പ്രയാണത്തിൻെറ വിഭിന്നമാർഗങ്ങൾ ഓരോ രാജ്യത്തിലെയും മൂർത്തപരിത:സ്ഥിതികളെ ആശ്രയിച്ചാണിരിക്കുന്നത്.

അധ്വാനിക്കുന്ന ജനങ്ങൾക്ക് കൂടുതൽ നല്ല ജീവിതസൗകര്യങ്ങൾ നേടുന്നതിനും ജനാധിപത്യാവകാശങ്ങളുടെ സംരക്ഷണത്തിനും വിപുലീകരണത്തിനും, ദേശീയസ്വാതന്ത്ര്യം സമ്പാദിക്കുന്നതിനും, നിലനിർത്തുന്നതിനും രാഷ്ട്രങ്ങൾക്കിടയിൽ സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സമരത്തിലും അതുപോലെ തന്നെ, അധികാരം പിടിച്ചെടുക്കുന്നതിനും, സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള സമരത്തിലും, കമ്യൂണിസ്റ്റ് പാർടികൾ സോഷ്യലിസ്റ്റ് പാർടികളുമായുള്ള സഹകരണം തേടുന്നുണ്ട്. ഈ സഹകരണം തടയുന്നതിന്, വലതുപക്ഷ സോഷ്യലിസ്റ്റ് പാർടി നേതാക്കൻമാർ തങ്ങളുടെ പരമാവധി കഴിവും ഉപയോഗിക്കുന്നുണ്ടെങ്കിലും, കമ്യൂണിസ്റ്റ്കാർകും സോഷ്യലിസ്റ്റുകാർകും വളരെയേറെ പ്രശ്നങ്ങളിൻമേൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള അവസരങ്ങൾ വർധിച്ചുവരുന്നുണ്ട്. കമ്യൂണിസ്റ്റ്—സോഷ്യലിസ്റ്റ് പാർടികൾ തമ്മിലുള്ള ആശയപരമായ ഭിന്നതകൾ, തൊഴിലാളിവർഗ പ്രസ്ഥാനത്തെ ഇന്ന് നേരിടുന്ന അടിയന്തരമായ അനവധി പ്രശ്നങ്ങളിൻമേൽ യോജിച്ചു പ്രവർത്തിക്കുന്നതിനുള്ള ഐക്യം സ്ഥാപിക്കുന്നതിൽനിന്നും അവരെ തടയരുതാത്തതാണ്.

തൊഴിലാളിവർഗം അധികാരത്തിലിരിക്കുന്ന സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ വിപുലമായ തോതിലുള്ള ബഹുജനങ്ങളുമായി അടുത്ത സമ്പർകം സ്ഥാപിക്കുന്നതിന് സാധിച്ചിട്ടുള്ള കമ്യൂണിസ്റ്റ് തൊഴിലാളി പാർടികൾ എന്നെന്നും ആ ബഹുജനങ്ങളിൽ ഊന്നിനിൽകുക തന്നെ വേണം.

സോഷ്യലിസം കെട്ടിപ്പടുക്കലും സംരക്ഷിക്കലും തങ്ങളുടെ ലക്ഷ്യമാണെന്ന്, തങ്ങളുടെ രാജ്യത്തിൻെറ യജമാനൻമാർ തങ്ങൾ തന്നെ

യാണെന്ന്, പൂർണമായും വിശ്വസിക്കുന്ന ആ ജനലക്ഷങ്ങളെ ബോധ്യപ്പെടുത്തേണ്ടതാണ്. സോഷ്യലിസ്റ്റ് ജനാധിപത്യം വികസിപ്പിക്കുന്നതിനും വിമർശനവും സ്വയംവിമർശനവും പ്രോത്സാഹിപ്പിക്കുന്നതിനും ഈ അടുത്ത വർഷങ്ങളിൽ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ കൈക്കൊണ്ട നടപടികൾ വിപുലമായ ബഹുജനങ്ങളുടെ പ്രവർത്തനം പുഷ്ടിപ്പെടുത്തുന്നതിനെ സംബന്ധിച്ചും അവരുടെ സൃഷ്ടിപരമായ മുൻകയ്യിനെ സംബന്ധിച്ചും സോഷ്യലിസ്റ്റ് വ്യവസ്ഥയെ അരക്കിട്ടുറപ്പിക്കുന്നതിനെ സംബന്ധിച്ചും സോഷ്യലിസ്റ്റ് നിർമാണം ത്വരിതപ്പെടുത്തുന്നതിനെ സംബന്ധിച്ചും, വളരെ പ്രധാനപ്പെട്ടതാണ്.

തൊഴിലാളിവർഗവും അധ്വാനിക്കുന്ന എല്ലാ ജനങ്ങളും പുരോഗമനവാദികളായ ജനസമൂഹം മുഴുവൻ തന്നെയും സ്വാതന്ത്ര്യവും സമാധാനവും കാംക്ഷിക്കുന്ന ലോകത്തിലെ എല്ലാ ശക്തികളും യഥാർഥ സൗഹാർദത്താൽ ബന്ധപ്പെടുന്നതിന് എല്ലാറ്റിനുമുപരിയായി വേണ്ടത്, എല്ലാ രാജ്യങ്ങളിലേയും കമ്യൂണിസ്റ്റ്—തൊഴിലാളിപാർടികളുടെ ഐക്യം അഭിവൃദ്ധിപ്പെടുത്തുകയും കമ്യൂണിസ്റ്റ്—തൊഴിലാളിപ്പാർട്ടികൾ തമ്മിലുള്ള സൗഹാർദം പുഷ്ടിപ്പെടുത്തുകയുമാണ്.

ഈ സൗഹാർദമാണ്, ഇതിലും മഹത്തായ സൗഹൃദത്തിന്റെ ഹൃദയം; തൊഴിലാളിവർഗത്തിന്റെ ലക്ഷ്യത്തിന്റെ വിജയത്തിനുള്ള പ്രധാന ഉറപ്പ് ഇതുതന്നെയാണ്.

ലോക സോഷ്യലിസ്റ്റ് സമ്പ്രദായത്തിന്റേയും സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും ഭാഗധേയങ്ങളെ സംബന്ധിച്ചിടത്തോളം കമ്യൂണിസ്റ്റ് തൊഴിലാളിപാർടികൾക്ക് വിശേഷിച്ചും പ്രധാനപ്പെട്ട ഉത്തരവാദിത്വമുണ്ട്. സോഷ്യലിസ്റ്റ് സ്റ്റേറ്റുകളുടെ കോമൺവെൽത്തിനെ കൂടുതൽ അരക്കിട്ടുറപ്പിക്കുന്നതിനും സാർവദേശീയ തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ താൽപര്യങ്ങളേയും സമാധാനത്തിന്റെയും സോഷ്യലിസത്തിന്റെയും താൽപര്യങ്ങളേയും മുൻനിർത്തിക്കൊണ്ടും തങ്ങൾ തമ്മിലുള്ള ഐക്യവും, തങ്ങൾക്കിടയിലുള്ള സഹോദര നിർവിശേഷമായ സഹകരണവും അഭിവൃദ്ധിപ്പെടുത്തുന്നതിന് അക്ഷീണം പരിശ്രമിക്കുമെന്ന്, ഈ സമ്മേളനം പ്രതിനിധീകരിക്കുന്നകമ്യൂണിസ്റ്റ്—തൊഴിലാളിപ്പാർട്ടികൾ പ്രഖ്യാപിക്കുന്നു.

സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനം വളർന്നുകഴിഞ്ഞിട്ടുണ്ടെന്നും അത് അനവധി ഗുരുതരങ്ങളായ പരീക്ഷണങ്ങളെ ചെറുത്തുനിന്നിട്ടുണ്ടെന്നും, ഒട്ടേറെ ഒന്നാംകിട വിജയങ്ങൾ നേടിയെടുത്തിട്ടുണ്ടെന്നും, ഈ സമ്മേളനം സംതൃപ്തിയോടെ മനസ്സിലാക്കുന്നു. കമ്യൂണിസ്റ്റുകാർ തങ്ങളുടെ പ്രവൃത്തികൾകൊണ്ട് മാർക്സിസ്റ്റ്—ലെനിനിസ്റ്റ് തത്വശാസ്ത്രത്തിന്റെ ആരോഗ്യത്തികവും സോഷ്യലിസത്തിന്റെ മഹത്തായ ആദർശങ്ങളും പ്രചരിപ്പിക്കാൻ മാത്രമല്ല, അസാമാന്യമാം വിധം വിഷമപൂർണമായ സാഹചര്യങ്ങളിൽ കൂടി ആ ആദർശങ്ങൾ

സാക്ഷാത്കരിക്കുന്നതിനും കൂടി തങ്ങൾക്ക് കഴിവുണ്ടെന്ന് ലോകവ്യാപകമായ തോതിൽ അധ്വാനിക്കുന്ന ജനതയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

മാനവചരിത്രത്തിൽ, ഏതു പുരോഗമന പ്രസ്ഥാനവും പോലെ കമ്യൂണിസ്റ്റ് പ്രസ്ഥാനവും ബുദ്ധിമുട്ടുകളേയും, പ്രതിബന്ധങ്ങളേയും നേരിട്ടേ മതിയാകൂ എന്നിരുന്നാലും കഴിഞ്ഞ കാലത്തിലെന്നപോലെ ഇപ്പോഴോ, ഭാവിയിലോ, ഈ ബുദ്ധിമുട്ടുകൾക്കോ പ്രതിബന്ധങ്ങൾക്കോ ചരിത്രപരമായ പുരോഗതിയെ ഭരിക്കുന്ന വസ്തുനിഷ്ഠങ്ങളായ നിയമങ്ങളെ മാറ്റുന്നതിനോ പഴയ ലോകത്തെ മാറ്റിമറിക്കുന്നതിനും, ഒരു പുതിയ ലോകത്തെ സൃഷ്ടിക്കുന്നതിനുമുള്ള അധ്വാനിക്കുന്ന വർഗത്തിൻെറ ദൃഢനിശ്ചയത്തെ ഉലക്കുന്നതിനോ കഴിയുന്നതല്ല.

തങ്ങൾ സമരം തുടങ്ങിയ അന്നു മുതൽക്കുതന്നെ കമ്യൂണിസ്റ്റ്കാർ പിന്തിരിപ്പൻ ശക്തികളുടെ കഠിനമായ പീഡനത്തിന് ഇരയായിട്ടുണ്ട്. എന്നാൽ കമ്യൂണിസ്റ്റ് പ്രസ്ഥാനം, ധീരോദാത്തമായി, ഈ ആക്രമണങ്ങളെ ചെറുത്തകറ്റിയിട്ടുണ്ട്; ഓരോ പരീക്ഷണങ്ങൾക്കുശേഷവും കൂടുതൽ ശക്തിപ്പെട്ടും കൂടുതൽ ഉരുക്കുപോലെ ഉറച്ചും പുറത്തുവന്നിട്ടുണ്ട്. മാനവരാശിയെ ഒരു പുതിയ യുഗത്തിലേക്ക് മാർച്ചു ചെയ്യുന്നതിൽനിന്ന് തടയുന്നതിനുള്ള പിന്തിരിപ്പൻ സാമ്രാജ്യശക്തികളുടെ ശ്രമങ്ങളെ തങ്ങളുടെ ഐക്യം കൂടുതൽ ഊട്ടിയുറപ്പിച്ചുകൊണ്ട് കമ്യൂണിസ്റ്റ്കാർ എതിർത്തുകൊണ്ടിരിക്കുകയാണ്.

കമ്യൂണിസത്തിൻെറ 'പ്രതിസന്ധി' എന്ന സാമ്രാജ്യത്വത്തിൻെറ അസംബന്ധ നിഗമനങ്ങൾക് വിരുദ്ധമായി കമ്യൂണിസ്റ്റ് പ്രസ്ഥാനം വളരുകയും ശക്തി സംഭരിച്ചുകൊണ്ടിരിക്കയുമാണ്. സോവിയറ്റ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർടിയുടെ 20—ാം കോൺഗ്രസിൻെറ തീരുമാനങ്ങളുടെ അത്യധികമായ പ്രാധാന്യം സോവിയറ്റ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർടിയെ സംബന്ധിച്ചും, കമ്യൂണിസം കെട്ടിപ്പടുക്കുന്നതിനെ സംബന്ധിച്ചും മാത്രമല്ല ഉള്ളത്. ആ തീരുമാനങ്ങൾ, ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ഒരു നവീന ഘട്ടം ഉൽഘാടനം ചെയ്തിരിക്കുന്നു. ആ തീരുമാനങ്ങൾ, മാർക്സിസ്റ്റ്—ലെനിനിസ്റ്റ് മാർഗത്തിലൂടെയുള്ള കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ ഇനിയുമിനിയുമുള്ള വളർചയെ ത്വരിതപ്പെടുത്തിയിരിക്കുന്നു.

അടുത്തകാലത്തു നടന്ന, ചൈനയിലേയും, ഫ്രാൻസിലേയും, ഇറ്റലിയിലേയും, മറ്റു രാജ്യങ്ങളിലേയും കമ്യൂണിസ്റ്റ് പാർടി കോൺഗ്രസുകളുടെ ഫലങ്ങൾ പാർടി അണികളിലുള്ള ഐക്യവും സൗഹാർദവും, തൊഴിലാളിവർഗ സാർവദേശീയത്വത്തിൻെറ സിദ്ധാന്തങ്ങളോട് പാർടി അണികൾകുള്ള കൂറും സുവ്യക്തമായി പ്രകടമാക്കിയിട്ടുണ്ട്.

കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സാർവദേശീയ സൗഹാർദത്തിന്, കമ്യൂണിസ്റ്റ്—തൊഴിലാളിപാർടി പ്രതിനിധികളുടെ ഈ സമ്മേളനം സാക്ഷ്യം വഹിക്കുന്നു.

അന്യോന്യം ആശയവിനിമയം ചെയ്തതിനുശേഷം, ഈ സമ്മേളനത്തിൽ സംബന്ധിച്ച പ്രതിനിധികൾ, ഇപ്പോഴത്തെ പരിതസ്ഥിതികളിൽ, ഇതുപോലുള്ള, കമ്യൂണിസ്റ്റ്—തൊഴിലാളിപാർടികളുടെ പ്രാതിനിധ്യസ്വഭാവമുള്ള കൂടുതൽ സമ്മേളനങ്ങൾ ആവശ്യമാണെന്ന നിഗമനത്തിൽ എത്തിച്ചേരുകയുണ്ടായി. വാർത്താവിതരണ വിനിമയവും ഉന്നതവ്യക്തികളുടെ അന്യോന്യസമ്മേളനങ്ങളും മാത്രം പോര. ആവശ്യം വരുമ്പോൾ, അതതുകാലത്തെ പ്രശ്നങ്ങളെപ്പറ്റി ചർച്ചചെയ്യുന്നതിനും, അനുഭവം പങ്കിടുന്നതിനും, ഓരോരുത്തരുടേയും വീക്ഷണങ്ങളും നിലപാടുകളും പഠിക്കുന്നതിനും, സമാധാനം, ജനാധിപത്യം, സോഷ്യലിസം എന്നീ പൊതുലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള സംയുക്തസമര പരിപാടി ആവിഷ്കരിക്കുന്നതിനും ഇതുപോലുള്ള സമ്മേളനങ്ങൾ അത്യന്താപേക്ഷിതമാണ്.

തങ്ങളുടെ അണികളെ ഇനിയും കൂടുതൽ അടുപ്പിച്ചുറപ്പിച്ചുകൊണ്ട്, അതുവഴി, എല്ലാ രാജ്യങ്ങളിലെയും തൊഴിലാളിവർഗത്തെയും ജനതകളെയും അണിനിരത്തിക്കൊണ്ട്, കമ്യൂണിസ്റ്റ് തൊഴിലാളി പാർടികൾ, തങ്ങളുടെ മുമ്പോട്ടുള്ള ഗതിയിൽ നേരിടുന്ന പ്രതിബന്ധങ്ങൾ തരണം ചെയ്യുമെന്നും, സമാധാനത്തിനും, ജനാധിപത്യത്തിനും, സോഷ്യലിസത്തിനുംവേണ്ടിയുള്ള തങ്ങളുടെ മഹത്തായ സമരത്തിൽ ഇനിയും നേടാനിരിക്കുന്ന ഗംഭീരവിജയങ്ങളുടെ ഗതിവേഗം വർധിപ്പിക്കുമെന്നുമുള്ള തങ്ങളുടെ ഉറച്ച വിശ്വാസം, ഈ സമ്മേളനത്തിൽ സംബന്ധിച്ച പ്രതിനിധികൾ ഏകകണ്ഠമായി പ്രകടിപ്പിക്കുന്നു.

★

# 81 സാർവദേശീയ കമ്യൂണിസ്റ്റ് തൊഴിലാളി പാർടികളുടെ പ്രസ്താവന (1960)

## 81 സാർവദേശീയ കമ്യൂണിസ്ററ്-തൊഴിലാളി പാർടികളുടെ

# മോസ്കൊ പ്രഖ്യാപനം 1960

മഹത്തായ ഒക്ടോബർ സോഷ്യലിസ്ററ്വിപ്ളവത്തിൻെറ 43—ാം വാർഷികാഘോഷങ്ങളിൽ സംബന്ധിച്ച കമ്യൂണിസ്ററ്—തൊഴിലാളി പാർടികളുടെ പ്രതിനിധികളുടെ ഒരു സമ്മേളനം 1960 നവംബറിൽ മോസ്കൊവിൽവെച്ച് നടക്കുകയുണ്ടായി.

സമ്മേളനത്തിൽ 81 പാർടികളുടെ പ്രതിനിധിസംഘങ്ങൾ പങ്കെടുക്കുകയുണ്ടായി.

ആസ്ത്രേലിയൻ കമ്യൂണിസ്ററ്പാർടി, ആസ്ത്രിയൻ കമ്യൂണിസ്ററ്പാർടി, അൽബേനിയൻ ലേബർ പാർടി, അംജീരിയൻ കമ്യൂണിസ്ററ്പാർടി, അർജെൻടൈൻ കമ്യൂണിസ്ററ്പാർടി, ബെൽജിയൻ കമ്യൂണിസ്ററ്പാർടി, ബർമീസ് കമ്യൂണിസ്ററ്പാർടി, ബംഗേറിയൻ കമ്യൂണിസ്ററ്പാർടി, ബൊളീവിയൻ കമ്യൂണിസ്ററ്പാർടി, ബ്രസീലിയൻ കമ്യൂണിസ്ററ്പാർടി, ബ്രിട്ടീഷ് കമ്യൂണിസ്ററ്പാർടി, ഹങ്കേറിയൻ സോഷ്യലിസ്ററ് വർക്കേഴ്സ്പാർടി, വെനിസുലൻ കമ്യൂണിസ്ററ്പാർടി, വിയത്നാമീസ് വർക്കിങ് പീപ്പിംസ്പാർടി.

ഹെയ്തീയിലെ പീപ്പിംസ് യൂണിററിപാർടി, ഗ്വാഡിലോവിലെ കമ്യൂണിസ്ററ്പാർടി, ഗ്വാട്ടിമാലൻ ലേബർപാർടി, ജർമൻ സോഷ്യലിസ്ററ് യൂണിററിപാർടി, ജർമൻ കമ്യൂണിസ്ററ് പാർടി, ഹോണ്ടുറാസിലെ കമ്യൂണിസ്ററ്പാർടി, ഗ്രീക് കമ്യൂണിസ്ററ്പാർടി, ഡാനിഷ് കമ്യൂണിസ്ററ്പാർടി, ഡോമിനിക്കൻ പീപ്പിംസ് സോഷ്യലിസ്ററ്പാർടി, ഇസ്രേലി കമ്യൂണിസ്ററ്പാർടി, ഇന്ത്യൻ കമ്യൂണിസ്ററ്പാർടി, ഇന്തൊനേഷ്യൻ കമ്യൂണിസ്ററ്പാർടി

ജോർഡാനി കമ്മ്യൂണിസ്ററ് പാർടി, ഇറാക്കി കമ്മ്യൂണിസ്ററ് പാർടി, ഇറാനിലെ പീപ്പിൾസ് പാർടി, ഐറിഷ് വർക്കേഴ്സ് ലീഗ്, വടക്കെ അയർലൻറിലെ കമ്മ്യൂണിസ്ററ് പാർടി, സ്പാനിഷ് കമ്മ്യൂണിസ്ററ് പാർടി, ഇററാലിയൻ കമ്മ്യൂണിസ്ററ് പാർടി, കനേഡിയൻ കമ്മ്യൂണിസ്ററ് പാർടി, സൈപ്രിയററ് വർക്കിങ് പീപ്പിൾസ് പ്രോഗ്രസീവ് പാർടി, ചൈനീസ് കമ്മ്യൂണിസ്ററ് പാർടി, കൊളമ്പിയൻ കമ്മ്യൂണിസ്ററ് പാർടി, കൊറിയൻ ലേബർ പാർടി, കോസ്റേറാറിക്കയിലെ പീപ്പിൾസ് വേൻഗാർഡ് പാർടി, പോപ്പുലർ സോഷ്യലിസ്ററ് പാർടി.

ലെബനീസ് കമ്മ്യൂണിസ്ററ് പാർടി, ലക്സംബർഗിലെ കമ്മ്യൂണിസ്ററ് പാർടി, മലയൻ കമ്മ്യൂണിസ്ററ് പാർടി, മൊറോക്കൻ കമ്മ്യൂണിസ്ററ് പാർടി, മാർട്ടിനിക്കിലെ കമ്മ്യൂണിസ്ററ് പാർടി, മെക്സിക്കൻ കമ്മ്യൂണിസ്ററ് പാർടി, മംഗോളിയൻ പീപ്പിൾസ് റവലൂഷണറി പാർടി, നേപ്പാളീസ് കമ്മ്യൂണിസ്ററ് പാർടി, നെതർലൻറ്സ് കമ്മ്യൂണിസ്ററ് പാർടി, നിക്കരാഗ്വായിലെ സോഷ്യലിസ്ററ് പാർടി, ന്യൂസ്‌ലൻറിലെ കമ്മ്യൂണിസ്ററ് പാർടി, നോർവീജിയൻ കമ്മ്യൂണിസ്ററ് പാർടി, പനാമയിലെ പീപ്പിൾസ് പാർടി, പരാഗ്വൻ കമ്മ്യൂണിസ്ററ് പാർടി.

പെറുവിയൻ കമ്മ്യൂണിസ്ററ് പാർടി, പോളീഷ് യുണൈററഡ് വർക്കേഴ്സ് പാർടി, പോർത്തുഗീസ് കമ്മ്യൂണിസ്ററ് പാർടി, റീ യൂണിയൻ കമ്മ്യൂണിസ്ററ് പാർടി, റുമേനിയൻ വർക്കേഴ്സ് പാർടി, സാൽവഡോറിലെ കമ്മ്യൂണിസ്ററ് പാർടി, സാൻമറീനോവിലെ കമ്മ്യൂണിസ്ററ് പാർടി, സിറിയൻ കമ്മ്യൂണിസ്ററ് പാർടി, സോവിയററ് യൂണിയനിലെ കമ്മ്യൂണിസ്ററ് പാർടി, സുഡാനിഷ് കമ്മ്യൂണിസ്ററ് പാർടി, തായ്‌ലൻറിലെ കമ്മ്യൂണിസ്ററ് പാർടി, ടുനീഷ്യൻ കമ്മ്യൂണിസ്ററ് പാർടി, തുർക്കിഷ് കമ്മ്യൂണിസ്ററ് പാർടി.

ഉറുഗ്വായിലെ കമ്മ്യൂണിസ്ററ് പാർടി, ഫിനിഷ് കമ്മ്യൂണിസ്ററ് പാർടി, ഫ്രഞ്ച് കമ്മ്യൂണിസ്ററ് പാർടി, സിലോണീസ് കമ്മ്യൂണിസ്ററ് പാർടി, ചെക്കൊസ്ലവാക് കമ്മ്യൂണിസ്ററ് പാർടി, ചിലിയൻ കമ്മ്യൂണിസ്ററ് പാർടി, സ്വിസ് ലേബർ പാർടി, സ്വീഡിഷ് കമ്മ്യൂണിസ്ററ് പാർടി, ഇക്വഡോറിലെ കമ്മ്യൂണിസ്ററ് പാർടി, യൂണിയൻ ഓഫ് സൗത്ത് ആഫ്രിക്കയിലെ കമ്മ്യൂണിസ്ററ് പാർടി, ജാപ്പനീസ് കമ്മ്യൂണിസ്ററ് പാർടി, മററു പാർടികൾ.

സമാധാനം, ജനാധിപത്യം, ദേശീയസ്വാതന്ത്ര്യം, സോഷ്യലിസം—എന്നീ പൊതുലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള യോജിച്ച സമരത്തിൻെറ താൽപര്യത്തെ മുൻനിർത്തി, സമ്മേളനത്തിൽ പങ്കെടുത്തവർ അനുഭവങ്ങൾ കൈമാറുകയും, പരസ്പരം അഭിപ്രായങ്ങളും

നിലപാടുകളും മനസ്സിലാക്കുകയും ഇന്നത്തെ സാർവദേശീയ സംഭവവികാസങ്ങളുടെയും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും പ്രസക്ത പ്രശ്നങ്ങൾ ചർച്ചചെയ്യുകയും കമ്യൂണിസ്റ്റ് വർക്കേഴ്സ് പാർടികളുടെ ഒരു പ്രസ്താവനയും ലോകജനതയോടുള്ള ഒരാഹ്വാനവും ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തു.

മാർക്സിസം — ലെനിനിസത്തിന്റെയും തൊഴിലാളിവർഗ സാർവദേശീയത്വത്തിന്റെയും അലംഘനീയമായ തത്വങ്ങളുടെ അടിസ്ഥാനത്തിലുള്ള സഹോദരതുല്യമായ സൗഹൃദത്തിന്റെ അന്തരീക്ഷത്തിലാണ് എല്ലാ പ്രശ്നങ്ങളെക്കുറിച്ചുമുള്ള ചർച്ചകൾ നടന്നത്.

## കമ്യൂണിസ്ററ്-വർക്കേഴ്സ് പാർടികളുടെ പ്രതിനിധികളുടെ സമ്മേളനം

### പ്രസ്താവന

കമ്യൂണിസ്ററ് — വർക്കേഴ്സ്പാർടികളുടെ പ്രതിനിധികളുടെ ഈ സമ്മേളനം ഇന്നത്തെ സാർവദേശീയസ്ഥിതിയുടെയും, സമാധാനത്തിനും ദേശീയസ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സോഷ്യലിസത്തിനും വേണ്ടിയുള്ള സമരം തുടർന്നുനടത്തുന്നതിൻെറയും അടിയന്തരപ്രശ്നങ്ങളെപ്പററി ചർച്ച നടത്തുകയുണ്ടായി.

ചർച്ചചെയ്യപ്പെട്ട പ്രശ്നങ്ങളെപ്പററി യോഗത്തിൽ പങ്കെടുത്തവർക്കിടയിൽ അഭിപ്രായൈക്യമുണ്ടെന്ന് സമ്മേളനം തെളിയിച്ചു. കമ്യൂണിസ്ററ് വർക്കേഴ്സ്പാർടികഠം 1957ൽ അംഗീകരിച്ച പ്രഖ്യാപനത്തിലും സമാധാന മാനിഫെസ്റെറായിലും ഉറച്ചുനിൽക്കുന്നുവെന്ന് സമ്മേളനം ഏകകണ്ഠമായി ആവർത്തിച്ചു പ്രഖ്യാപിച്ചു. ക്രിയാത്മകമായ മാർക്സിസം—ലെനിനിസത്തിൻെറ ഈ പരിപാടിരേഖകഠം, നമ്മുടെ കാലത്തെ കൂടുതൽ പ്രധാനമായ പ്രശ്നങ്ങളെപ്പററി സാർവദേശീയ കമ്യൂണിസ്ററ്പ്രസ്ഥാനം സ്വീകരിക്കുന്ന മൗലിക നിലപാടുകളെന്തെന്ന് നിർണയിക്കുന്നു; പൊതുലക്ഷ്യങ്ങഠം നേടുന്നതിനുള്ള സമരത്തിൽ കമ്യൂണിസ്ററ് വർക്കേഴ്സ്പാർടികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിലേക്ക് ഗണ്യമായ അളവിൽ ആ രേഖകഠം സംഭാവന നൽകുകയുണ്ടായി. അവ ഇന്നും സാർവദേശീയ കമ്യൂണിസ്ററ്പ്രസ്ഥാനത്തിൻെറ കൊടിക്കൂറയും പ്രവർത്തനത്തിലുള്ള വഴികാട്ടിയുമായി നിലകൊള്ളുന്നു.

ആ പ്രഖ്യാപനത്തിലും സമാധാന മാനിഫെസ്റെറായിലും നൽകിയിട്ടുള്ള സാർവദേശീയസ്ഥിതി സംബന്ധിച്ച അപഗ്രഥ

നവും ലോകസംഭവവികാസം ഏതുവഴിക്കായിരിക്കണമെന്ന വീക്ഷണവും ശരിയാണെന്ന് കഴിഞ്ഞ മൂന്നു വർഷങ്ങളിലെ സംഭവങ്ങളുടെ ഗതി തെളിയിച്ചിരിക്കുന്നു. ക്രിയാത്മകമായ മാർക്സിസം–ലെനിനിസത്തിന്റെ മഹത്തായ ശാസ്ത്രീയശക്തിയെയും കാര്യക്ഷമമായ പങ്കിനെയും അവ വെളിപ്പെടുത്തുന്നു.

*ഈ മൂന്നു വർഷങ്ങളിലെ സംഭവങ്ങളുടെ മുഖ്യമായ ഫലം താഴെപ്പറയുന്നതാണ്. ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയുടെ ശക്തിയുടെയും സാർവദേശീയ സ്വാധീനത്തിന്റെയും സത്വരവളർച്ച, ദേശീയവിമോചന സമരത്തിന്റെ പ്രഹരമേറ്റ് കൊളോണിയൽവ്യവസ്ഥ അതിവേഗത്തിൽ തകർന്നുകൊണ്ടിരിക്കുന്നത്, മുതലാളിത്തലോകത്തിൽ വർഗസമരം മൂർഛിച്ചത്, ലോകമുതലാളിത്തവ്യവസ്ഥ തുടർച്ചയായി അധഃപതിക്കുകയും, ജീർണിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്—സാമ്രാജ്യാധിപത്യ ശക്തികളുടെ മീതെ സോഷ്യലിസത്തിന്റെ ശക്തികൾക്കും യുദ്ധശക്തികളുടെ മീതെ സമാധാനശക്തികൾക്കുമുള്ള മേൻമ ലോകരംഗത്ത് അധികമധികം കാണത്തക്കതായിക്കൊണ്ടിരിക്കുന്നു.*

എങ്കിലും സ്വന്തം ശക്തി നിലനിർത്താൻ കിണഞ്ഞു പരിശ്രമിക്കുന്ന സാമ്രാജ്യാധിപത്യം നിരായുധീകരണത്തിന് തുരങ്കംവെക്കുന്നു; ശീതയുദ്ധം തുടർന്നുകൊണ്ടുപോകാനും പരമാവധി മൂർഛിപ്പിക്കാനും ശ്രമിക്കുന്നു; ഒരു പുതിയ യുദ്ധത്തിന് ഒരുക്കുകൂട്ടുന്നതിൽ ഉറച്ചുനിൽക്കുന്നു—സോഷ്യലിസ്റ്റ്രാജ്യങ്ങളും സാർവദേശീയ തൊഴിലാളിവർഗവും സാമ്രാജ്യവിരുദ്ധ ദേശീയപ്രസ്ഥാനവും സമാധാനകാംക്ഷികളായ എല്ലാ രാജ്യങ്ങളും സമാധാനത്തിനുവേണ്ടി നിലകൊള്ളുന്ന എല്ലാ ആളുകളും, യുദ്ധത്തെ തടയാൻവേണ്ടിയും ജനങ്ങൾക്ക് സമാധാനപരമായ ഒരു ജീവിതത്തിനുറപ്പുണ്ടാക്കാൻവേണ്ടിയും എന്നത്തെക്കാളും കൂടുതൽ യോജിച്ച് പരിശ്രമങ്ങൾ നടത്തുകയും സുദൃഢമായ നടപടികളെടുക്കുകയും ചെയ്യണമെന്ന് ഈ സ്ഥിതിവിശേഷം ആവശ്യപ്പെടുന്നു. സാമ്രാജ്യാധിപത്യത്തിനെതിരായും ദേശീയസ്വാതന്ത്ര്യത്തിനും സോഷ്യലിസത്തിനും വേണ്ടിയുമുള്ള സമരത്തിൽ എല്ലാ വിപ്ലവശക്തികളേയും ഇനിയും ബലപ്പെടുത്തിയുറപ്പിക്കണമെന്ന് അതാവശ്യപ്പെടുന്നു.

### കാലഘട്ടത്തിന്റെ മുഖ്യമായ ഉള്ളടക്കം

മഹത്തായ ഒക്ടോബർവിപ്ലവത്തോടുകൂടിയാരംഭിച്ച നമ്മുടെ യുഗം പരസ്പരം എതിരായ രണ്ടു വ്യവസ്ഥകൾ തമ്മിലുള്ള

സമരത്തിന്റെ യുഗമാണ്; സാമ്രാജ്യാധിപത്യത്തിന്റെ തകർച്ചയുടെ യുഗമാണ്; അധികമധികം ജനതകൾ സോഷ്യലിസ്ററ് മാർഗത്തിലേക്ക് വരുന്നതിന്റെയും ലോകവ്യാപകമായതോതിൽ സോഷ്യലിസവും കമ്യൂണിസവും വിജയം കൈവരിക്കുന്നതിന്റെയും യുഗമാണ്. മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനമാണ് അതിന്റെ മുഖ്യമായ ഉള്ളടക്കം.

*സമൂഹത്തിന്റെ വികാസത്തിൽ ലോകസോഷ്യലിസ്ററ്വ്യവസ്ഥ നിർണായകഘടകമായിക്കൊണ്ടിരിക്കുന്നുവെന്നതാണ് നമ്മുടെ യുഗത്തിന്റെ മുഖ്യസ്വഭാവവിശേഷം.*

സോഷ്യലിസത്തിന്റെ ശക്തിയും അജയ്യതയും, കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളിലായി പുതിയ ലോകവും പഴയ ലോകവും തമ്മിൽ നടക്കുന്ന വമ്പിച്ച സമരങ്ങളിൽ പ്രകടമായിക്കൊണ്ടിരിക്കുന്നു. ആയുധശക്തി ഉപയോഗിച്ച് ചരിത്രവികാസത്തിന്റെ ഗതിയെ തടയാനുള്ള സാമ്രാജ്യാധിപതികളുടെയും അവരുടെ സാഹസികമുന്നണിപ്പടയായ ഫാസിസത്തിന്റെയും പരിശ്രമങ്ങൾ പരാജയത്തിൽ കലാശിച്ചു. യൂറോപ്പിലെയും ഏഷ്യയിലെയും സോഷ്യലിസ്ററ്വിപ്ലവങ്ങളെ തടയാൻ സാമ്രാജ്യാധിപത്യത്തിന് കഴിഞ്ഞില്ല. സോഷ്യലിസം ഒരു ലോകവ്യവസ്ഥയായിത്തീർന്നിരിക്കുന്നു. സോഷ്യലിസ്ററ്രാജ്യങ്ങളുടെ സാമ്പത്തികപുരോഗതിയെ തടസ്സപ്പെടുത്താൻ സാമ്രാജ്യാധിപതികൾ ശ്രമിച്ചുനോക്കിയെങ്കിലും അവരുടെ പദ്ധതികളെല്ലാം പൊളിഞ്ഞു. സാമ്രാജ്യാധിപതികൾ കൊളോണിയൽ അടിമത്തവ്യവസ്ഥ കാത്തുരക്ഷിക്കാൻ കഴിവുള്ളതെല്ലാം ചെയ്തുനോക്കി; എങ്കിലും അത് ഛിന്നഭിന്നമായിക്കൊണ്ടിരിക്കുകയാണ്. ലോകസോഷ്യലിസ്ററ് വ്യവസ്ഥ അധികമധികം ശക്തിയാർജിക്കുന്നതോടെ, സാർവദേശീയസ്ഥിതി സ്വാതന്ത്ര്യത്തിനും സാമൂഹ്യപുരോഗതിക്കും വേണ്ടി സമരം ചെയ്യുന്ന ജനതകൾക്ക് കൂടുതൽ അനുകൂലമായി മാറിക്കൊണ്ടിരിക്കുന്നു.

*ലോകസോഷ്യലിസ്ററ്വ്യവസ്ഥയും, സാമ്രാജ്യാധിപത്യത്തിനെതിരായും സമൂഹത്തിന്റെ സോഷ്യലിസ്ററ് പരിവർത്തനത്തിനുവേണ്ടിയും പോരാടുന്ന ശക്തികളുമാണ്, ഇന്ന് സമൂഹത്തിന്റെ ചരിത്രപരമായ വികാസഗതിയുടെ മുഖ്യമായ ഉള്ളടക്കത്തെയും മുഖ്യമായ ഗതിവിശേഷങ്ങളെയും മുഖ്യമായ സ്വഭാവങ്ങളെയും നിർണയിക്കുന്നത്. സാമ്രാജ്യാധിപതികൾ എന്തെല്ലാം ശ്രമങ്ങൾ നടത്തിയാലും, ചരിത്രത്തിന്റെ മുന്നേററത്തെ*

*അവർക്ക് തടയാൻ സാധ്യമല്ല. സോഷ്യലിസത്തിന് കൂടുതൽ നിർണായകമായ വിജയങ്ങൾ നേടാൻ വേണ്ട ഉറച്ച ഒരു അടിത്തറയുണ്ടായിരിക്കുന്നു. സോഷ്യലിസത്തിൻെറ പരിപൂർണവിജയം അനിവാര്യമാണ്.*

സോഷ്യലിസം വിജയിച്ചുകഴിഞ്ഞ രാജ്യങ്ങൾ ലോകവിപ്ളവ വികാസത്തിൽ സ്വാധീനംചെലുത്തുന്നത് മുഖ്യമായും അവയുടെ സാമ്പത്തികനിർമാണം കൊണ്ടായിരിക്കുമെന്ന ലെനിൻെറ പ്രവചനം ശരിയാണെന്ന് സാമൂഹ്യവികാസത്തിൻെറ ഗതി തെളിയിക്കുന്നു. ഉൽപാദനത്തിലും ശാസ്ത്രത്തിലും സാങ്കേതികവിദ്യകളിലും സ്വന്തം ഭൗതികവും ആത്മീയവും ആയ ആവശ്യങ്ങൾ അധികമധികം തൃപ്തിപ്പെടുത്തുവാൻ കഴിയുന്നതും പുതുതും സ്വതന്ത്രവുമായ ജനങ്ങളുടെ ഒരു സമൂഹം സ്ഥാപിക്കുന്നതിലും സോഷ്യലിസം അഭൂതപൂർവവും ക്രിയാത്മകവുമായ പുരോഗതി നേടിയിരിക്കുന്നു. ലോകത്തിലെ മൊത്തം ഉൽപാദനത്തിൽ സോഷ്യലിസത്തിൻെറ വിഹിതം മുതലാളിത്തത്തിൻെറതിനേക്കാൾ കൂടുതലായിത്തീരുന്ന കാലം വിദൂരമല്ല. മനുഷ്യപ്രയത്നത്തിൻെറ നിർണായകരംഗമായ ഭൗതികോൽപാദനത്തിൽ സോഷ്യലിസം മുതലാളിത്തത്തെ പരാജയപ്പെടുത്തുവാൻ പോകയാണ്.

സോഷ്യലിസ്ററ്വ്യവസ്ഥയുടെ വളർച്ചയും ശക്തിവർധനവും മുതലാളിത്തരാജ്യങ്ങളിലെ ജനതകളുടെ സമരത്തിൽ അനുദിനം വർധമാനമായ സ്വാധീനം ചെലുത്തുന്നു. സ്വന്തം ഉദാഹരണം കൊണ്ട് ലോകസോഷ്യലിസ്ററ്വ്യവസ്ഥ മുതലാളിത്തരാജ്യങ്ങളിലെ ജനങ്ങളുടെ ചിന്തയിൽ വിപ്ളവകരമായ മാററങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്; മുതലാളിത്തത്തിനെതിരായി പോരാടാൻ അത് അവരെ ആവേശംകൊള്ളിക്കുന്നു; ആ സമരത്തെ അത് വളരെയധികം സുഗമമാക്കുന്നു. മുതലാളിത്തരാജ്യങ്ങളിൽ സമാധാനത്തിനും ദേശീയസ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിൻെറ വിജയത്തിനും വേണ്ടി പോരാടുന്ന ശക്തികൾ എണ്ണത്തിലും ബലത്തിലും വളർന്നുകൊണ്ടിരിക്കുകയാണ്.

ലോകമുതലാളിത്തവ്യവസ്ഥ അങ്ങേയററം ഉൽക്കടമായ രീതിയിൽ അധ:പതിച്ച് ജീർണിച്ചുകൊണ്ടിരിക്കുകയാണ്. അതിൻെറ വൈരുധ്യങ്ങൾകാരണമായി കുത്തകമുതലാളിത്തം വളരെ വേഗത്തിൽ സ്റേറററ്കുത്തകമുതലാളിത്തമായി വളർന്നുകൊണ്ടിരിക്കുന്നു. രാഷ്ട്രത്തിൻെറ ജീവിതത്തിലാകെ കുത്തകമുതലാളിത്തത്തിനുള്ള പിടിമുറുക്കിക്കൊണ്ട് സ്റേററ്കുത്തകമുതലാളിത്തം കുത്തകക്കാരുടെ അധികാരശക്തിയെ സ്റേററിൻെറ അധികാരശക്തിയുമായി കൂട്ടിയിണക്കുന്നു. മുതലാളിത്തവ്യവസ്ഥയെ തകർച്ചയിൽനിന്ന് രക്ഷിക്കുകയും തൊഴിലാളിവർഗത്തെ ചൂഷണംചെയ്തും വലിയവിഭാഗം ജനങ്ങളെ കൊള്ളയടിച്ചും സാമ്രാ

ജ്യബൂർഷ്വാസിയുടെ ആദായം പരമാവധി വർധിപ്പിക്കുകയുമാണ് ഇതിൻെറ ഉദ്ദേശ്യം.

എന്നാൽ എന്തെല്ലാം മാർഗങ്ങരം ഉപയോഗിച്ചാലും കുത്തക മുതലാളികഠക്ക് മുതലാളിത്തവ്യവസ്ഥയെ രക്ഷിക്കാൻ സാധ്യമല്ല. ഒരുപിടി കുത്തകക്കാരുടെ താൽപര്യങ്ങരം രാഷ്ട്രത്തിൻെറ ആകെ താൽപര്യങ്ങളുമായി കൂട്ടിയിണക്കാൻ വയ്യാത്തവിധം പരസ്പരവിരുദ്ധങ്ങളാണ്. മുതലാളിത്തസമൂഹത്തിലെ വർഗപരവും ദേശീയവുമായ ശത്രുതകളും, ആഭ്യന്തരവും ബാഹ്യവുമായ വൈരുധ്യങ്ങളും വളരെയധികം മൂർഛിച്ചുകഴിഞ്ഞിരിക്കുന്നു. സൈന്യവൽക്കരണംകൊണ്ട് മുതലാളിത്തത്തിൻെറ ജീർണിച്ച തൂണുകളെ ഊന്നുകൊടുത്തുനിർത്താനുള്ള ശ്രമങ്ങരം ഈ വൈരുധ്യങ്ങളെ പിന്നെയും കൂടുതൽ തീക്ഷ്ണമാക്കുകയാണ്.

മുതലാളിത്തരാജ്യങ്ങളിൽ ഉൽപാദനശക്തികളും ഉൽപാദനബന്ധങ്ങളും തമ്മിലുള്ള സംഘട്ടനം മുമ്പൊരിക്കലുംതന്നെ ഇത്രയും തീക്ഷ്ണമായിട്ടില്ല. ആധുനിക ശാസ്ത്രത്തിൻെറയും സാങ്കേതികവൈദഗ്ധ്യത്തിൻെറയും നേട്ടങ്ങളെ സാമൂഹ്യപുരോഗതിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിനെ മുതലാളിത്തം അധികമധികം തടയുകയാണ്. അത് മാനവപ്രതിഭയുടെ കണ്ടുപിടിത്തങ്ങളെ വിനാശകരമായ യുദ്ധത്തിനുള്ള ഭയങ്കരമായ ഉപകരണങ്ങളാക്കി മാററിക്കൊണ്ട് മാനവസമൂഹത്തിൻെറതന്നെ നേർക്ക് തിരിച്ചിരിക്കുന്നു.

മുതലാളിത്തസാമ്പത്തികവ്യവസ്ഥയുടെ അസ്ഥിരത വളർന്നുകൊണ്ടിരിക്കയാണ്. ചില മുതലാളിത്തരാജ്യങ്ങളിൽ ഉൽപാദനം കുറെയൊക്കെ വർധിക്കുന്നുണ്ടെങ്കിലും, ദേശീയമായ തോതിലും സാർവദേശീയമായിത്തന്നെയും മുതലാളിത്തത്തിൻെറ വൈരുധ്യങ്ങരം കൂടുതൽതീക്ഷ്ണമായ രൂപംകൈക്കൊണ്ടുകൊണ്ടിരിക്കുന്നു. സമീപകാല സാമ്പത്തികക്കുഴപ്പത്തിൻെറ അനന്തരഫലങ്ങളിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരിക്കവെതന്നെ ചില മുതലാളിത്തരാജ്യങ്ങളെ പുതിയ ഒരു സാമ്പത്തികക്കുഴപ്പം ഭീഷണിപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. മുതലാളിത്തോൽപാദനത്തിൻെറ അരാജകസ്വഭാവം കൂടുതൽ പ്രത്യക്ഷമായിക്കൊണ്ടുവരുന്നു. മുതലാളിത്തസമ്പദ്കേന്ദ്രീകരണം അഭൂതപൂർവമായ തോതിൽ വലുപ്പം പ്രാപിച്ചുകൊണ്ടുവരികയാണ്. കുത്തകക്കാരുടെ ആദായവും അധികാദായവും വളർന്നുകൊണ്ടിരിക്കുന്നു. കുത്തകമുതലാളികഠം പുതിയ രീതികളുപയോഗിച്ചും വിശേഷിച്ചും അധ്വാനഭാരം വർധിപ്പിക്കുന്നതിലൂടെയും, തൊഴിലാളിവർഗത്തിൻെറ മേൽ ചൂഷണം വൻതോതിൽ വർധിപ്പിച്ചിരിക്കുന്നു. മുതലാളിത്തത്തിൻകീഴിൽ തൊഴിലാളികഠക്കുപകരം സ്വയംപ്രവർത്തിക്കുന്ന യന്ത്രങ്ങരം ഉപയോഗിക്കുന്നതിൻെറയും തൊഴിലാളികളുടെ എണ്ണം കുറച്ച് കൂടുതൽ ലാഭമുണ്ടാക്കുവാൻ ശ്രമിക്കുന്നതിൻെറയും ഫലമായി പണിയെടു

ക്കുന്ന ജനങ്ങൾക്ക് ദുരിതങ്ങൾ വർധിക്കുകയാണ്. തൊഴിലാളി വർഗം വിടാപ്പിടിയായി സമരംചെയ്യുന്നതിന്റെ ഫലമായിട്ടുമാത്രമാണ് ചില രാജ്യങ്ങളിൽ അവരുടെ പല അടിയന്തരാവശ്യങ്ങളും നേടാൻ കഴിഞ്ഞിട്ടുള്ളത്. എങ്കിലും അനവധി മുതലാളിത്തരാജ്യങ്ങളിൽ ഇപ്പോഴും ജീവിതനിലവാരം യുദ്ധത്തിന് മുമ്പുണ്ടായിരുന്നതിനെക്കാൾ താഴെയാണ്. മുതലാളികൾ എന്തെല്ലാം വാഗ്ദാനങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും, ചില മുതലാളിത്തരാജ്യങ്ങളിൽ മാത്രമാണ് പൂർണമായി തൊഴിലുണ്ടാക്കിയിട്ടുള്ളത്; അതും താൽക്കാലികമായിട്ടുമാത്രം. കുത്തകക്കാരുടെ ആധിപത്യം കർഷകജനവിഭാഗങ്ങളുടെയും ചെറുകിടക്കാരും ഇടത്തരക്കാരുമായ ബൂർഷ്വാസിയിലെ വലിയ വിഭാഗങ്ങളുടെയും താൽപര്യങ്ങളെ അധികമധികം അപകടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കൂടുതൽ അഭിവൃദ്ധിപ്പെട്ട ചില രാജ്യങ്ങൾ ഉൾപ്പെടെയുള്ള മുതലാളിത്തരാജ്യങ്ങളിൽ ഇപ്പോഴും സാമ്പത്തികമായി അഭിവൃദ്ധിപ്പെടാത്ത പ്രദേശങ്ങളുണ്ട്. ആ പ്രദേശങ്ങളിൽ പട്ടിണിയും ദാരിദ്ര്യവും ഭയങ്കരമാണ്. അത്തരം പ്രദേശങ്ങൾ വലുതായിക്കൊണ്ടിരിക്കുകയാണുതാനും.

ആധുനികമുതലാളിത്തം 'ജനങ്ങളുടെ മുതലാളിത്ത'മായി മാറിയിരിക്കുന്നുവെന്നും, അത് ഒരു 'ക്ഷേമരാഷ്ട്രം' സ്ഥാപിക്കുന്നുവെന്നും, ഉൽപാദനത്തിലുള്ള അരാജകത്വവും സാമ്പത്തികക്കുഴപ്പങ്ങളും ഇല്ലാതാക്കാനും പണിയെടുക്കുന്ന ജനങ്ങൾക്ക് ക്ഷേമംകൈവരുത്താനും അതിനു കഴിവുണ്ടെന്നുമുള്ള ബൂർഷ്വാ ആശയപ്രവാചകൻമാരും റിവിഷനിസ്ററ് (തിരുത്തൽവാദി)കളും പറഞ്ഞുപരത്തുന്ന പച്ചക്കള്ളങ്ങളെ ഈ വസ്തുതകൾ ഒരിക്കൽക്കൂടി നിഷേധിക്കുന്നു.

മുതലാളിത്തത്തിന്റെ വളർച്ചയുടെ അസമമായ ഗതി സാമ്രാജ്യത്വരാജ്യങ്ങൾതമ്മിലുള്ള ബലാബലത്തെ നിരന്തരം മാററിക്കൊണ്ടിരിക്കയാണ്. സാമ്രാജ്യത്വമേധാവിത്വത്തിന്റെ പ്രവൃത്തിപരിധി ചുരുങ്ങുന്തോറും സാമ്രാജ്യത്വശക്തികൾ തമ്മിലുള്ള ശത്രുതകൾ ബലപ്പെടുന്നു. കമ്പോളങ്ങളുടെ പ്രശ്നം മുമ്പെന്നത്തെക്കാളും തീക്ഷ്ണമായിരിക്കുന്നു. 'സംയോജന'മെന്ന മുദ്രാവാക്യത്തിന്റെ പേരിൽ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന, പല രാജ്യങ്ങളും കൂടിച്ചേർന്നുകൊണ്ടുള്ള പുതിയ സംഘടനകൾ യഥാർഥത്തിൽ സാമ്രാജ്യത്വരാജ്യങ്ങൾക്കിടയിലെ ശത്രുതകളെയും സമരത്തെയും മൂർഛിപ്പിക്കുന്നതിലേക്കാണ് നയിക്കുന്നത്. ഏററവും വലിയ മുതലാളിത്തകൂട്ടുകെട്ടുകൾക്കിടയിൽ ലോകമുതലാളിത്തകമ്പോളം പങ്കുവെക്കുന്നതിന്റെയും കൂടുതൽ ശക്തമായ സാമ്രാജ്യത്വരാജ്യങ്ങൾ ബലം കുറഞ്ഞ സ്വന്തം പങ്കാളികളുടെ സാമ്പത്തികവ്യവസ്ഥയിലേക്ക് തുളച്ചുകയറുന്നതിന്റെയും പുതിയ രൂപങ്ങളാണവ.

മുതലാളിത്തത്തിൻെറ ജീർണത, അമേരിക്കൻ ഐക്യനാടുകളിൽ—അതായത്, ഇന്നത്തെ മുഖ്യസാമ്രാജ്യത്വരാജ്യത്തിൽ—പ്രത്യേകിച്ചും, പ്രത്യക്ഷമായി കാണാം. അമേരിക്കൻകുത്തകമുതലാളികൾക്ക് അവരുടെ നിയന്ത്രണത്തിലുള്ള ഉൽപാദനശക്തികളെ മുഴുവനും ഉപയോഗിക്കുവാൻ കഴിയുന്നില്ലെന്ന് സ്പഷ്ടമാണ്. ലോകത്തിലെ വളർച്ചയെത്തിയ മുതലാളിത്തരാജ്യങ്ങളുടെ കൂട്ടത്തിലുള്ള ഏററവും സമ്പന്നമായ അമേരിക്കൻ ഐക്യനാടുകൾ വൻതോതിൽ സ്ഥായിയായ തൊഴിലില്ലായ്മ നിലനിൽക്കുന്ന ഒരു രാഷ്ട്രമായിത്തീർന്നിരിക്കുന്നു. വ്യവസായത്തിൻെറ മുഴുവൻ കഴിവും വർധിച്ച തോതിൽ ഉപയോഗപ്പെടുത്താതിരിക്കുകയെന്നത് ആ രാജ്യത്തിൽ സ്ഥിരമായിട്ടുണ്ട്. അധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതനിലവാരത്തിൻെറ ചെലവിൻമേൻ സർക്കാർ ബജററിൽ സൈനികസജ്ജീകരണങ്ങൾക്ക് വേണ്ടി വമ്പിച്ച തുകകൾ വകയിരുത്തുന്നുണ്ടെങ്കിലും യുദ്ധാനന്തരവർഷങ്ങളിൽ ഉൽപാദനത്തിൻെറ വളർച്ചയുടെ തോത് കുറഞ്ഞുകൊണ്ട് വരികയാണ്; ജനസംഖ്യയുടെ വളർച്ചയുടെ തോതിനെക്കാൾ അത് കൂടുതലാകുന്നില്ല. അമിതോൽപാദനക്കുഴപ്പങ്ങൾ കൂടുതൽ വേഗത്തിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിരിക്കുന്നു. ഏററവും വളർച്ചയെത്തിയ മുതലാളിത്തരാജ്യം, ഏററവും വികൃതവും സൈന്യവൽക്കൃതവുമായ സാമ്പത്തികവ്യവസ്ഥയോടുകൂടിയ രാഷ്ട്രമായിത്തീർന്നിരിക്കുന്നു. മറേറത് മുതലാളിത്തരാജ്യത്തെക്കാളും, ഏഷ്യയിലെയും വിശേഷിച്ച് ലാററിൻ അമേരിക്കയിലെയും, സമ്പത്ത് ഊററിയെടുക്കുകയും, അവയുടെ പുരോഗതിക്ക് കടിഞ്ഞാണിടുകയും ചെയ്യുന്നത് അമേരിക്കയാണ്. ആഫ്രിക്കയിലേക്കുള്ള അമേരിക്കൻ മുതലാളിത്ത നുഴഞ്ഞുകയററം വർധിച്ചുവരികയാണ്. *അമേരിക്കൻ സാമ്രാജ്യാധിപത്യം ഏററവും വലിയ സാർവദേശീയ ചൂഷകനായിത്തീർന്നിരിക്കുന്നു.*

അമേരിക്കൻ സാമ്രാജ്യാധിപതികൾ, അനവധി രാജ്യങ്ങളെ സ്വന്തം നിയന്ത്രണത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്നു; സൈനികബ്ലോക്കുകളുടെയും സാമ്പത്തികസഹായത്തിൻെറയും നയമാണ് അതിനവർ മുഖ്യമായും ഉപയോഗിക്കുന്നത്. വളർച്ചയെത്തിയ മുതലാളിത്ത രാജ്യങ്ങളുടെ പോലും പരമാധികാരത്തെ അവർ ലംഘിക്കുന്നു. അമേരിക്കൻസാമ്രാജ്യാധിപത്യവുമായി സ്വയം കൂട്ടുചേർന്നിട്ടുള്ള കൂടുതൽ വളർച്ചയെത്തിയ മുതലാളിത്തരാജ്യങ്ങളിലെ മുഖ്യകുത്തക മുതലാളിമാർ സ്വന്തം രാജ്യങ്ങളുടെ പരമാധികാരത്തെപ്പോലും കളഞ്ഞുകുളിക്കുന്നു; അമേരിക്കൻ സാമ്രാജ്യവാദികളുടെ പിൻതുണയോടുകൂടി വിപ്ളവ വിമോചന ശക്തികളെ അടിച്ചമർത്താമെന്നും പണിയെടുക്കുന്ന ജനങ്ങളുടെ ജനാധിപത്യസ്വാതന്ത്ര്യങ്ങൾ ഇല്ലാതാക്കാമെന്നും സാമൂഹ്യപുരോഗതിക്കു

വേണ്ടിയുള്ള ബഹുജനങ്ങളുടെ സമരത്തെ തടഞ്ഞുനിർത്താമെന്നും അവർ ആശിക്കുന്നു. അമേരിക്കൻ സാമ്രാജ്യാധിപത്യം ഇത്തരം രാജ്യങ്ങളെ ആയുധസജ്ജീകരണപന്തയത്തിലേക്കും, പുതിയ ഒരാക്രമണയുദ്ധത്തിനൊരുക്കുകൂട്ടുകയും സോഷ്യലിസ്ററ് നിഷ്പക്ഷരാജ്യങ്ങൾക്കെതിരായി ചാരപ്രവർത്തനം നടത്തുകയും ചെയ്യുന്ന നയത്തിലേക്കും വലിച്ചിഴക്കുന്നു.

പല രാജ്യങ്ങളിലെയും ഭരണാധികാരികളായ സാമ്രാജ്യത്വ ബൂർഷ്വാസിക്ക്, വ്യാപ്തിയിലും ശക്തിയിലും വളർന്നുകൊണ്ടിരിക്കുന്ന ജനാധിപത്യത്തിൻെറയും പുരോഗതിയുടെയും ശക്തികളെ സ്വന്തമായി ചെറുത്തുനിൽക്കാൻ കഴിയാത്തതരത്തിൽ മുതലാളിത്തവ്യവസ്ഥയുടെ തൂണുകൾ ജീർണിച്ചുപോയ നിലയാണിന്നുള്ളത്. സോഷ്യലിസ്ററ്ചേരിക്കെതിരായി ഒത്തുചേർന്ന് പോരാടാനും, ദേശീയവിമോചന—തൊഴിലാളിവർഗ—സോഷ്യലിസ്ററ് പ്രസ്ഥാനങ്ങളെ ശ്വാസം മുട്ടിച്ചുകൊല്ലാനും സാമ്രാജ്യാധിപതികൾ അമേരിക്കയുടെ നേതൃത്വത്തിൽ സൈനിക—രാഷ്ട്രീയ സഖ്യങ്ങൾ ഉണ്ടാക്കുന്നു. അമേരിക്കൻ സാമ്രാജ്യാധിപത്യം ലോക പിന്തിരിപ്പൻ ശക്തികളുടെ മുഖ്യതാവളവും ഒരു സാർവദേശീയ കാവൽപട്ടാളവും ആണെന്നും, ലോകത്തിലെ മുഴുവൻജനതകളുടെയും ശത്രുവായി തീർന്നിരിക്കുന്നുവെന്നും കാണിക്കുന്ന ഒട്ടനവധി പുതിയ തെളിവുകൾ സമീപകാലത്തെ സാർവദേശീയ സംഭവങ്ങൾ നൽകുന്നുണ്ട്.

അമേരിക്ക സൃഷ്ടിച്ചിട്ടുള്ള സൈനികബ്ലോക്കുകൾ അവയിലെ അംഗങ്ങൾ തമ്മിലുള്ള സമരത്തിൻെറ ഫലമായും, അവ അവസാനിപ്പിക്കാൻവേണ്ടി ജനങ്ങൾ നടത്തുന്ന സമരത്തിൻെറ ഫലമായും ക്ഷീണിച്ചുകൊണ്ടിരിക്കുകയാണ്. അമേരിക്കൻ സാമ്രാജ്യാധിപതികളാകട്ടെ, ഈ ആക്രമണബ്ലോക്കുകളെ പിന്നെയും ശക്തിപ്പെടുത്തുവാൻ ശ്രമിക്കുന്നു. ആ ശ്രമം ജനങ്ങളുടെ ചെറുത്തുനിൽപിന് ശക്തികൂട്ടുന്നു. ലോകമുതലാളിത്ത സാമ്പത്തികവ്യവസ്ഥയിൽ അമേരിക്കയുടെ വിഹിതം കുറഞ്ഞുവരികയാണെങ്കിലും, ആധുനിക സാമ്രാജ്യാധിപത്യത്തിൻെറ മുഖ്യമായ സാമ്പത്തിക സൈനികശക്തിയായി നിലകൊള്ളുന്നത് ആ രാജ്യമാണ്. ബ്രിട്ടീഷ്—ഫ്രഞ്ച് സാമ്രാജ്യാധിപതികൾ അവരുടെ നില ഉറപ്പിക്കാൻ കിണഞ്ഞു ശ്രമിക്കുന്നുണ്ട്. സ്വന്തം ശക്തി വീണ്ടെടുത്തുകഴിഞ്ഞവരും അമേരിക്കൻകുത്തകക്കാരുമായി അടുത്തു ബന്ധപ്പെട്ടുനിൽക്കുന്നവരുമായ പശ്ചിമജർമനിയിലെയും ജപ്പാനിലെയും കുത്തകക്കാർ മററു പ്രദേശങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കയാണ്. തങ്ങളുടെ സാമ്രാജ്യാധിപത്യനയമനുസരിച്ച് പശ്ചിമജർമൻ കുത്തകക്കാർ അർധവികസിതരാജ്യങ്ങളെ കൂടുതൽ ചൂഷണംചെയ്യാൻ ശ്രമിക്കുന്നു.

വർധിച്ച ദൃഢനിശ്ചയത്തോടുകൂടി സാമ്രാജ്യാധിപത്യത്തിനെതിരായി പോരാടാൻ ജനങ്ങരം മുന്നോട്ടുവന്നുകൊണ്ടിരിക്കുന്നു. അധ്വാനത്തിൻെറയും മൂലധനത്തിൻെറയും ശക്തികരം തമ്മിലും, ജനാധിപത്യത്തിൻെറയും പിന്തിരിപ്പത്തത്തിൻെറയും ശക്തികരം തമ്മിലും, സ്വാതന്ത്ര്യത്തിൻെറയും കൊളോണിയലിസത്തിൻെറയും ശക്തികരം തമ്മിലും വമ്പിച്ച ഒരു സമരം രൂപംകൊണ്ടുവരികയാണ്. ക്യൂബയിലെ ജനകീയവിപ്ളവത്തിൻെറ വിജയം ലാററിൻ അമേരിക്കയിലെ ജനതകളുടെ മുമ്പിൽ ഒരു ഉജ്വലോദാഹരണമായി തീർന്നിട്ടുണ്ട്. സ്വാതന്ത്ര്യത്തിനും ദേശീയവിമോചനത്തിനും വേണ്ടിയുള്ള കോളനിവിരുദ്ധപ്രസ്ഥാനം ആഫ്രിക്കയിൽ അപ്രതിരോധ്യമായി വികസിച്ചുകൊണ്ടിരിക്കുന്നു. ഇറാക്കിലും സാമ്രാജ്യവിരുദ്ധ ദേശീയകലാപം വിജയശ്രീലാളിതമായി. ജാപ്പനീസ്—അമേരിക്കൻ സൈനികസഖ്യത്തിന്നെതിരായും, സമാധാനത്തിനും ജനാധിപത്യത്തിനും ദേശീയസ്വാതന്ത്ര്യത്തിനും വേണ്ടിയുമുള്ള ജനങ്ങളുടെ കരുത്തേറിയ ഒരു പ്രസ്ഥാനം ജപ്പാനിൽ ശക്തിപ്പെട്ടുവരികയാണ്. ഇററലിയിലെ ബഹുജനങ്ങരം നടത്തിയ ഊർജസ്വലസമരങ്ങരം 'ജനാധിപത്യത്തെ കാത്തുരക്ഷിക്കാനുള്ള പണിയെടുക്കുന്ന ജനങ്ങളുടെ വിപ്ളവകരമായ ദൃഢനിശ്ചയത്തെ കാണിക്കുന്നു. ജനാധിപത്യത്തിനുവേണ്ടിയും പിന്തിരിപ്പൻ വ്യക്തിവാഴ്ചക്കെതിരായുമുള്ള സമരം ഫ്രാൻസിൽ ശക്തിപ്പെട്ടുവരുന്നു. അമേരിക്ക, ആർജൻറീന, ഉറുഗ്വേ, ചിലി, ഇന്ത്യ, ബ്രിട്ടൻ, കാനഡ, ബൽജിയം തുടങ്ങിയ മുതലാളിത്തരാജ്യങ്ങളിൽ വലിയ തൊഴിലാളിപണിമുടക്കുകരം നടന്നിട്ടുണ്ട്. സ്വന്തം മൗലികാവകാശങ്ങരക്കുവേണ്ടി അമേരിക്കയിലെ നീഗ്രോജനത നടത്തുന്ന സമരങ്ങരം ഒരു ബഹുജനസ്വഭാവം കൈക്കൊള്ളാൻ തുടങ്ങിയിരിക്കുന്നു. സ്പെയിനിലും പോർത്തുഗലിലും ഫാസിസ്ററ് സർവാധിപത്യങ്ങരക്കെതിരായി ദേശീയശക്തികളെയാകെ ഏകോപിപ്പിക്കാനുള്ള ആഗ്രഹം വളർന്നുകൊണ്ടിരിക്കയാണ്. ഗ്രീസിലും ജനാധിപത്യപ്രസ്ഥാനം ശക്തിപ്രാപിച്ചുവരുന്നു. കൊളമ്പിയയിലെയും വെനിസുലയിലെയും സൈനികമർദകഭരണങ്ങരം അട്ടിമറിക്കപ്പെട്ടിരിക്കുന്നു. തെക്കൻ കൊറിയയിലെയും തുർക്കിയിലെയും തുറന്ന അമേരിക്കനനുകൂല പാവഗവൺമെൻറുകരക്ക് നല്ല ഒരടി കിട്ടിയിരിക്കുന്നു. തെക്കൻ വിയത്നാമിലും ലാവോസിലും അമേരിക്കൻ സാമ്രാജ്യവാദികരക്കും അവരുടെ ദാസന്മാർക്കും എതിരായി ഒരു ദേശീയജനാധിപത്യപ്രസ്ഥാനം വളർന്നുവരികയാണ്. ഇന്തൊനേഷ്യൻജനത അവരുടെ രാജ്യത്ത് ഇപ്പോഴും നിലനിൽക്കുന്ന സാമ്രാജ്യാധിപത്യത്തിൻെറ—വിശേഷിച്ചും ഡച്ച്കൊളോണിയലിസ്ററുകളുടെ—സാമ്പത്തികപിടി ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു. സമാധാനം കാത്തുരക്ഷിക്കാനുള്ള ബഹുജനപ്രസ്ഥാനം എല്ലാ വൻകരകളിലും ശക്തിപ്പെട്ടുകൊണ്ടുവരുന്നു. സാമ്രാജ്യത്വവിരുദ്ധ—

ദേശീയവിമോചന—യുദ്ധവിരുദ്ധ വർഗസമരങ്ങളുടെ വേലിയേററം ഉയർന്നുയർന്നുകൊണ്ടിരിക്കയാണെന്നതിൻെറ ഉജ്വലമായ തെളിവുകളാണ് ഇവയെല്ലാം.

*മുതലാളിത്തത്തിൻെറ പൊതുക്കുഴപ്പത്തിൻെറ വികസനത്തിൽ ഒരു പുതിയ ഘട്ടം തുടങ്ങിയിരിക്കുന്നു.* മാനവസമുദായത്തിൻെറ മൂന്നിലൊന്നിനെ ഉൾക്കൊള്ളുന്ന യൂറോപ്യൻ—ഏഷ്യൻ രാജ്യങ്ങളിലെ സോഷ്യലിസത്തിൻെറ വിജയവും, ലോകത്തിലെങ്ങും സോഷ്യലിസത്തിനുവേണ്ടി പോരാടുന്ന ശക്തികളുടെ വമ്പിച്ച വളർച്ചയും, സോഷ്യലിസവുമായുള്ള സാമ്പത്തികമത്സരത്തിൽ സാമ്രാജ്യവാദികളുടെ നില അനുക്രമം ക്ഷീണിച്ചുകൊണ്ടിരിക്കുന്നതും, ദേശീയവിമോചനപ്രസ്ഥാനത്തിൻെറ പുതിയ വമ്പിച്ച മുന്നേററവും, കൊളോണിയൽ വ്യവസ്ഥയുടെ വർധിച്ചുവരുന്ന തകർച്ചയും, മുതലാളിത്തത്തിൻെറ ലോകസാമ്പത്തികവ്യവസ്ഥയുടെയാകെ വളർന്നുകൊണ്ടിരിക്കുന്ന അസ്ഥിരതയും, സ്റേററ്കുത്തകമുതലാളിത്തത്തിൻെറയും സൈന്യവൽക്കരണത്തിൻെറയും വളർച്ചയിൽനിന്നുളവായിട്ടുള്ള മുതലാളിത്തത്തിൻെറ മൂർഛ കൂടിക്കൊണ്ടിരിക്കുന്ന വൈരുധ്യങ്ങളും, കുത്തകക്കാരും രാജ്യത്തിൻെറ ഒട്ടാകെ താൽപര്യങ്ങളും തമ്മിൽ വർധമാനമായിത്തീരുന്ന വൈരുധ്യങ്ങളും ബൂർഷ്വാജനാധിപത്യത്തെ കടിഞ്ഞാണിടുകയും സേ്വച്ഛാധിപത്യഫാസിസ്ററ്ഭരണരീതികൾ സ്വീകരിക്കാനുള്ള വാസനകൾ കാണിക്കുകയും ചെയ്യുന്നതും, ബൂർഷ്വാരാജ്യതന്ത്രത്തിലും ആശയശാസ്ത്രത്തിലും വന്നിട്ടുള്ള ആഴമേറിയ കുഴപ്പവും—ഇവയെല്ലാംതന്നെ കാണിക്കുന്നത് ഈ പുതിയ ഘട്ടത്തെയാണ്. ഈ ഘട്ടം ഒരു ലോകയുദ്ധത്തിൻെറ ഫലമായിട്ടല്ല ആവിർഭവിച്ചിരിക്കുന്നത്. നേരെമറിച്ച്, രണ്ടു വ്യവസ്ഥകൾതമ്മിലുള്ള സമരത്തിൻെറയും മത്സരത്തിൻെറയും, സോഷ്യലിസത്തിന്നനുകൂലമായ ശക്തികളുടെ ബലാബലത്തിൽ വന്നുകൊണ്ടിരിക്കുന്ന വർധിച്ച മാററത്തിൻെറയും, സാമ്രാജ്യാധിപത്യത്തിൻെറ എല്ലാ വൈരുധ്യങ്ങളും ഗണ്യമായി മൂർഛിച്ചിട്ടുള്ളതിൻെറയും സാഹചര്യങ്ങളിലാണ് ഈ പുതിയ ഘട്ടം ആവിർഭവിച്ചിട്ടുള്ളത്. ഈ ഘട്ടത്തിൻെറ സവിശേഷസ്വഭാവമാണത്. സമാധാനപരമായ സഹവർത്തിത്വം സാധിതപ്രായമാക്കാനും, മുന്നോട്ടുകൊണ്ടുപോകാനും, സമാധാനകാംക്ഷികളായ ശക്തികൾ നടത്തിയ വിജയകരമായ സമരത്തിൻെറ ഫലമായി സ്വന്തം ആക്രമനടപടികൾകൊണ്ട് ലോകസമാധാനത്തെ തുരങ്കംവെക്കാനുള്ള സാമ്രാജ്യവാദികളുടെ ശ്രമങ്ങൾ തടയപ്പെടുകയും, ജനാധിപത്യത്തിനും ദേശീയവിമോചനത്തിനും സോഷ്യലിസത്തിനുംവേണ്ടിയുള്ള വിപുലമായ ബഹുജനങ്ങളുടെ സമരങ്ങൾ വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരുകാലത്തും അന്തരീക്ഷത്തിലുമാണ് ഈ പുതിയ ഘട്ടം ആവിർഭവിച്ചിട്ടുള്ളത്.

സാമ്രാജ്യാധിപത്യത്തിന്റെ ചൂഷണത്തിനും മർദനത്തിനുമെതിരായി എല്ലാ വിപ്ലവശക്തികളും അണിനിരന്നുകൊണ്ടിരിക്കുന്നു: സോഷ്യലിസവും കമ്യൂണിസവും കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന ജനതകൾ, മുതലാളിത്തരാജ്യങ്ങളിലെ തൊഴിലാളികളുടെ വിപ്ലവപ്രസ്ഥാനം, മർദിതജനതകളുടെ ദേശീയവിമോചനസമരം, പൊതുജനാധിപത്യപ്രസ്ഥാനം—നമ്മുടെ കാലഘട്ടത്തിലെ ഈ മഹത്തായ ശക്തികൾ ലോകസാമ്രാജ്യത്വവ്യവസ്ഥയെ തുരങ്കം വെക്കുകയും, നശിപ്പിക്കുകയും ചെയ്യുന്ന ഒരൊററ മഹാപ്രവാഹമായി ഒന്നുചേർന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ കാലത്തെ കേന്ദ്രഘടകങ്ങൾ സാർവദേശീയ തൊഴിലാളിവർഗവും അതിന്റെ പ്രധാന സൃഷ്ടിയായ ലോകസോഷ്യലിസ്ററ് വ്യവസ്ഥയുമാണ്. അവ സമാധാനത്തിനും മാനവപുരോഗതിക്കുംവേണ്ടിയുള്ള സമരത്തിൽ വിജയം സുനിശ്ചിതമാക്കുന്നതിനുള്ള ഉറപ്പാണ്.

## സോഷ്യലിസ്ററ് വ്യവസ്ഥിതിയുടെ വികസനത്തിലെ പുതിയ ഘട്ടം

*ലോകസോഷ്യലിസ്ററ് വ്യവസ്ഥയുടെ വികാസത്തിൽ ഒരു പുതിയ ഘട്ടം ആരംഭിച്ചിരിക്കുന്നു. സോവിയററ്യൂണിയൻ, ഒരു കമ്യൂണിസ്ററ്സമൂഹത്തിൻെറ സർവവ്യാപകമായ നിർമാണം വിജയപൂർവം നിർവഹിച്ചുവരികയാണ്. സോഷ്യലിസ്ററ്ചേരിയിലെ മററു രാജ്യങ്ങൾ സോഷ്യലിസത്തിൻെറ അടിത്തറ വിജയപൂർവം സ്ഥാപിച്ചുവരുന്നു; അവയിൽ ചിലത് വളർച്ചയെത്തിയ ഒരു സോഷ്യലിസ്ററ്സമൂഹം പടുത്തുയർത്തുന്ന ഘട്ടത്തിലേക്ക് പ്രവേശിച്ചുകഴിയുകയും ചെയ്തിട്ടുണ്ട്.*

സോഷ്യലിസ്ററ്വ്യവസ്ഥയാകെത്തന്നെ നിർണായകവിജയങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു. ഈ വിജയങ്ങൾ മാർക്സിസം–ലെനിനിസത്തിൻെറ വിജയത്തെ കുറിക്കുന്നു; ഈ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സമൂഹം, സമ്പദ്ഘടനയുടെയും സംസ്കാരത്തിൻെറയും പരിപൂർണവികാസം നേടുന്നതിനും ഉയർന്ന ജീവിതനിലവാരവും, സമാധാനപൂർണവും സന്തുഷ്ടവുമായ ജീവിതവും കൈവരിക്കുന്നതിനും ജനങ്ങൾക്ക് അളവററ സന്ദർഭങ്ങൾ തുറന്നുകൊടുക്കുന്നുവെന്ന് മൂലധനത്തിൻെറ ആധിപത്യത്തിൻകീഴിൽ കഴിയുന്ന എല്ലാ ജനങ്ങൾക്കും അവ വ്യക്തമായി കാണിച്ചുകൊടുക്കുന്നു.

സോവിയററ്ജനത സപ്തവത്സര–സാമ്പത്തിക വികസന പദ്ധതി വിജയകരമായി നടപ്പാക്കിക്കൊണ്ട് കമ്യൂണിസത്തിനു വേണ്ട ഭൗതികവും സാങ്കേതികവുമായ അടിത്തറ വളരെവേഗം കെട്ടിപ്പടുക്കുകയാണ്. ലോകസംസ്കാരത്തിൻെറ വികാസത്തെ സംബന്ധിച്ചിടത്തോളം സോവിയററ്ശാസ്ത്രം ഫലത്തിൽ ഒരു പുതിയ യുഗംതന്നെ തുറന്നിരിക്കുന്നു. സോഷ്യലിസ്ററ്ചേരിയുടെ സാമ്പത്തികവും സാങ്കേതികവുമായ കരുത്തിന് കണ്ണഞ്ചിക്കുന്ന സാക്ഷ്യംവഹിച്ചുകൊണ്ട് സോവിയററ്ശാസ്ത്രം ബഹിരാകാശ

ഗവേഷണം ഉദ്ഘാടനം ചെയ്തു. മനുഷ്യരാശിയുടെയാകെ മുൻപിൽ കമ്യൂണിസത്തിൻെറ ഉജ്വലമായ പാത വെട്ടിത്തുറന്ന ചരിത്രത്തിലെ ആദ്യത്തെ രാജ്യം സോവിയററ്യൂണിയനാണ്; സമാധാനത്തിനും ജനാധിപത്യസ്വാതന്ത്ര്യങ്ങരംക്കും ദേശീയസ്വാശ്രയത്തിനും സാമൂഹ്യപുരോഗതിക്കുംവേണ്ടിയുള്ള സമരത്തിൽ ലോകത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏററവും മുന്തിനിൽക്കുന്ന ഉദാഹരണവും ഏററവും സുശക്തമായ പ്രതിരോധദുർഗവുമാണത്.

ചൈനയിലെ ജനകീയവിപ്ലവം, സാമ്രാജ്യത്വത്തിൻെറ ഏഷ്യയിലെ കേന്ദ്രങ്ങരംക്ക് മാരകമായ പ്രഹരമേൽപിക്കുകയും, ലോകശക്തികളുടെ ബലാബലം സോഷ്യലിസത്തിന്നനുകൂലമായി മാററുന്നതിൽ വലിയ അളവിൽ സംഭാവന നൽകുകയുംചെയ്തു. ദേശീയ വിമോചനപ്രസ്ഥാനത്തിന് പിന്നെയും ശക്തമായ പ്രചോദനം നൽകിയതുമൂലം അത്, ജനതകളിൽ വമ്പിച്ച സ്വാധീനം ചെലുത്തി—പ്രത്യേകിച്ചും ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാററിൻ അമേരിക്കയിലെയും ജനതകളിൽ.

ജനകീയ ജനാധിപത്യറിപ്പബ്ലിക്കുകളായ അൽബേനിയ, ബരംഗേറിയ, ഹംഗറി, ജർമൻജനാധിപത്യറിപ്പബ്ലിക്, വിയത്നാം ജനാധിപത്യറിപ്പബ്ലിക്, ചൈനീസ്ജനകീയറിപ്പബ്ലിക്, കൊറിയൻജനാധിപത്യറിപ്പബ്ലിക്, മംഗോളിയ, പോളണ്ട്, റുമേനിയ, ചെക്കൊസ്ലവാക് സോഷ്യലിസ്ററ്റിപ്പബ്ലിക് എന്നീ രാജ്യങ്ങളും മഹത്തായ സോവിയററ്യൂണിയനും ചേർന്ന് രൂപംകൊണ്ടിരിക്കുന്ന കരുത്തേറിയ സോഷ്യലിസ്ററ്ചേരി, ചരിത്രപരമായി ഹ്രസ്വമായ ഒരു കാലയളവിനുള്ളിൽ സോഷ്യലിസ്ററ്നിർമാണത്തിൽ ഗണ്യമായ പുരോഗതി നേടിയിരിക്കുന്നു.

ഈ രാജ്യങ്ങളിലെ ജനകീയഗവൺമെൻറുകരം അവയുടെ അചഞ്ചലമായ ദാർഢ്യം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ദേശീയസമ്പദ്വ്യവസ്ഥയിൽ സോഷ്യലിസ്ററ് ഉൽപാദനബന്ധങ്ങരം മേധാവിത്വം വഹിക്കുന്നു. മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്ന ഏർപ്പാട് എന്നന്നേക്കുമായി ഉൻമൂലനം ചെയ്യപ്പെട്ടിരിക്കുന്നു; അഥവാ വിജയകരമായി ഉൻമൂലനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. മുതലാളിത്തരാജ്യങ്ങളെക്കാരം വളരെ വേഗത്തിൽ തങ്ങളുടെ സമ്പദ്വ്യവസ്ഥ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ സോഷ്യലിസ്ററ് രാജ്യങ്ങളിൽ സോഷ്യലിസ്ററ് വ്യവസായവൽക്കരണനയത്തിൻെറ വിജയം മഹത്തായ ഒരു സാമ്പത്തികമുന്നേററത്തിന് വഴി തുറന്നു. ഈ രാജ്യങ്ങളെല്ലാം വികസിതമായ ഒരു വ്യവസായവ്യവസ്ഥ സ്ഥാപിച്ചിരിക്കുന്നു. മുൻകാലത്ത് കാർഷികരാജ്യങ്ങളായിരുന്ന ഈ നാടുകരം ഇന്ന് ഒന്നുകിൽ വ്യാവസായിക—കാർഷികരാജ്യങ്ങളായി മാറിയിട്ടുണ്ട്; അഥവാ മാറിക്കൊണ്ടിരിക്കുകയാണ്.

ചെറുകിടസ്വകാര്യകൃഷിയുടെ പാതയിൽനിന്ന് സോഷ്യലിസ്ററ്രീതിയിലുള്ള വൻകിട സഹകരണകൃഷിയുടെ പാതയി

ലേക്ക് കൃഷിക്കാരെ സ്വന്തം ഇഷ്ടപ്രകാരം പരിവർത്തനം ചെയ്യിക്കുകയെന്ന സോഷ്യലിസ്ററ് നിർമാണത്തിലെ ഏററവും പ്രയാസമുള്ള പ്രശ്നം, സമീപകാലത്ത്, ഈ ജനകീയജനാധിപത്യരാജ്യങ്ങരം പരിഹരിച്ചിട്ടുണ്ട്; അഥവാ വിജയപൂർവം പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. സ്വകാര്യഭൂവുടമാസമ്പ്രദായത്തോടുള്ള കൃഷിക്കാരുടെ മമത ഒരു ദീർഘകാലപാരമ്പര്യമായി നിലനിന്നിരുന്ന രാജ്യങ്ങളെ സംബന്ധിച്ചിടത്തോളവും ഫ്യൂഡൽബന്ധങ്ങരംക്ക് സമീപകാലത്തുമാത്രം അറുതിവരുത്തിയ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളവും ലെനിൻെറ സഹകരണപദ്ധതിയുടെ വമ്പിച്ച സാധുതയും പ്രാധാന്യവും തെളിയിക്കപ്പെട്ടിരിക്കുന്നു.

തൊഴിലാളിവർഗത്തിൻെറ നേതൃത്വത്തിൽ തൊഴിലാളികളുടെയും കൃഷിക്കാരുടെയും സഖ്യം ഊട്ടിയുണ്ടാക്കുകയും ഉറപ്പിക്കുകയും നിലനിർത്തുകയും ചെയ്യുകയെന്നത് തൊഴിലാളിവർഗസർവാധിപത്യത്തിൻെറ പരമപ്രധാനമായ ഒരു തത്വമാണെന്ന് ലെനിൻ പഠിപ്പിച്ചിട്ടുണ്ട്. ഈ സഖ്യം ഇന്ന് കൂടുതൽ ശക്തിയാർജിച്ചിരിക്കുകയാണ്. സോഷ്യലിസ്ററ്വ്യവസ്ഥയുടെ രാഷ്ട്രീയാടിത്തറയായ, അധ്വാനിക്കുന്ന ജനങ്ങരംക്കിടയിലെ ഈ രണ്ടു വർഗങ്ങരം തമ്മിലുള്ള സഖ്യം സോഷ്യലിസ്ററ്നിർമാണം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ നിരന്തരമായി വികസിച്ചുകൊണ്ടിരിക്കുകയും, തൊഴിലാളിവർഗത്തിൻെറ നേതൃത്വത്തിലുള്ള ജനകീയഭരണത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും, കൃഷിക്കാരുടെ സ്വന്തമിഷ്ടമനുസരിച്ചുള്ള സഹകരണമെന്ന ലെനിനിസ്ററ് തത്വപ്രകാരം കാർഷികരംഗത്തിലെ സോഷ്യലിസ്ററ്പുനഃസംഘടനയെ പുരോഗമിപ്പിക്കുകയും ചെയ്യുന്നു.

സമൂഹത്തിൻെറ സാമൂഹ്യഘടനയിൽ ചരിത്രപ്രധാനങ്ങളായ മാററങ്ങരം ഉണ്ടായിരിക്കുന്നു. ജനകീയജനാധിപത്യരാഷ്ട്രങ്ങളിൽ ജന്മി—മുതലാളിവർഗങ്ങരം ഇല്ലാതായിക്കഴിഞ്ഞു. തൊഴിലാളിവർഗം സമൂഹത്തിലെ പ്രധാന ശക്തിയായിത്തീർന്നു. അതിൻെറ അണികരം വളരുകയാണ്. അതിൻെറ രാഷ്ട്രീയബോധവും പക്വതയും വർധിച്ചിട്ടുണ്ട്. സോഷ്യലിസം കൃഷിക്കാരെ തലമുറകളായുള്ള ദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കുകയും അവരെ സാമൂഹ്യപുരോഗതിയിലെ ഒരു സജീവശക്തിയാക്കുകയും ചെയ്തിരിക്കുന്നു. അധ്വാനിക്കുന്ന ജനങ്ങളുടെ മാംസത്തിൻെറ മാംസമായ ഒരു പുതിയ സോഷ്യലിസ്ററ് ബുദ്ധിജീവിവിഭാഗം ഉയർന്നുവന്നിരിക്കുന്നു. വിജ്ഞാന—സംസ്കാരമേഖലകളിലേക്ക് എല്ലാ പൗരന്മാർക്കും സ്വതന്ത്രമായി കടന്നുചെല്ലാൻ കഴിഞ്ഞിരിക്കുന്നു. അങ്ങനെ സോഷ്യലിസം സമൂഹത്തിൻെറ സാംസ്കാരികവികാസത്തിന്, മനുഷ്യരുടെ കഴിവുകളുടെയും സിദ്ധികളുടെയും സർവതോമുഖവും സമ്പൂർണവുമായ വികാസത്തിന് വേണ്ടുന്ന രാഷ്ട്രീയസാഹചര്യം മാത്രമല്ല ഭൗതികസാഹചര്യങ്ങരംകൂടി സൃഷ്ടിച്ചി

ട്ടുണ്ട്. ജനങ്ങളുടെ ജീവിതനിലവാരം, സാമ്പത്തികപുരോഗതിയുടെ ഫലമായി സ്ഥായിയായി മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു.

വിവിധ ദേശീയജനവിഭാഗങ്ങൾ ഉൾക്കൊള്ളുന്ന സോഷ്യലിസ്ററ് സ്റേററുകളിൽ എല്ലാ ദേശീയജനവിഭാഗങ്ങളിലുംപെട്ട അധ്വാനിക്കുന്ന ജനങ്ങളുടെ തകർക്കാൻവയ്യാത്ത ഒരു സഖ്യം രൂപം കൊള്ളുകയും, അത് ദൃഢീകരിക്കപ്പെടുകയുംചെയ്തിരിക്കുന്നു. സോഷ്യലിസ്ററ്രാജ്യങ്ങളിലെ മാർക്സിസ്ററ്-ലെനിനിസ്ററ് ദേശീയനയത്തിൻെറ വിജയം, ദേശീയജനവിഭാഗങ്ങൾക്കിടയിലുണ്ടായിട്ടുള്ള യഥാർഥമായ സമത്വവും അവയുടെ സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിയും ദേശീയമർദനത്തിനെതിരായി പോരാടുന്ന ജനങ്ങൾക്ക് ആവേശം നൽകുന്ന ഒരു മാതൃകയായി പരിലസിക്കുന്നു.

ജനകീയജനാധിപത്യരാജ്യങ്ങളിൽ സോഷ്യലിസ്ററ് പ്രത്യയശാസ്ത്രം ബൂർഷ്വാസിയുടെ പ്രത്യയശാസ്ത്രത്തിന്നെതിരായ സമരത്തിൽ ശ്രദ്ധാർഹങ്ങളായ വിജയങ്ങൾ നേടിയിരിക്കുന്നു. ഇതൊരു നീണ്ടുനിൽക്കുന്ന സമരമാണ്. ബൂർഷ്വാപ്രത്യയശാസ്ത്രത്തിൻെറ അവശിഷ്ടങ്ങളെ ജനഹൃദയങ്ങളിൽനിന്നും പൂർണമായും ഇല്ലായ്മചെയ്യുന്നതുവരെ ഈ സമരം നടന്നുകൊണ്ടിരിക്കും.

ചരിത്രത്തിൽ ആദ്യമായി സോവിയററ്യൂണിയനിൽ നിലവിൽ വരികയും ദൃഢമായി സ്ഥാപിക്കപ്പെടുകയും ചെയ്തിട്ടുള്ള സമൂഹത്തിൻെറ ധാർമികരാഷ്ട്രീയൈക്യം ഇപ്പോൾ മററ് സോഷ്യലിസ്ററ്രാജ്യങ്ങളിലും വളർന്നുകൊണ്ടിരിക്കുകയാണ്. ഉൽപാദനശക്തികളുടെ വളർച്ചയെയും സോഷ്യലിസ്ററ്സമൂഹത്തിൻെറ അഭിവൃദ്ധിയെയും പുരോഗമിപ്പിക്കാൻവേണ്ടി സ്വതന്ത്രരായ തൊഴിലാളികളുടെ ക്രിയാത്മകശക്തിയെ ഏററവും ഫലപ്രദമായുപയോഗിക്കാൻ ഇതുകൊണ്ട് സാധ്യമായിരിക്കുന്നു.

സോഷ്യലിസ്ററ്സമൂഹം സ്ഥായിയായി മെച്ചപ്പെടുകയും കൂടുതൽ കൂടുതൽ പകത പ്രാപിച്ചുവരികയുമാണ്. ദിവസം ചെല്ലുന്തോറും അത്, തൊഴിലിനോടുള്ള കമ്യൂണിസ്ററ്മനോഭാവത്തെയും ഭാവി കമ്യൂണിസ്ററ്സമൂഹത്തിലെ മററു സ്വഭാവവിശേഷങ്ങളെയും വളർത്തിക്കൊണ്ടുവരുന്നു. സോഷ്യലിസ്ററ് സാമ്പത്തികനടത്തിപ്പിൻെറയും സാമ്പത്തികാസൂത്രണത്തിൻെറയും രീതികൾ സ്ഥായിയായി മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു. സോഷ്യലിസ്ററ്ജനാധിപത്യം ഇന്നു വളർന്നുകൊണ്ടിരിക്കുന്നു. സാമ്പത്തിക-സാംസ്കാരികവികാസത്തെ നയിക്കുന്നതിൽ ജനങ്ങൾ വർധമാനമായ പങ്കുവഹിക്കുന്നു; ഭരണകൂടത്തിൻെറ ചില ജോലികൾ ക്രമാനുഗതമായി പൊതുസംഘടനകളിലേക്ക് കൈമാററംചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

*ഇന്ന് സോവിയററ്യൂണിയനിൽ മാത്രമല്ല, മററ് സോവിയററ്രാജ്യങ്ങളിലും മുതലാളിത്തത്തെ പുനഃസ്ഥാപി*

*ക്കുകയെന്നത് സാമൂഹ്യമായും സാമ്പത്തികമായും അസാധ്യമാക്കപ്പെട്ടിരിക്കുന്നു. സാമ്രാജ്യപിന്തിരിപ്പൻശക്തികളുടെ കയ്യേററങ്ങളിൽനിന്ന് ഓരോ സോഷ്യലിസ്ററ്രാജ്യത്തെയും, സോഷ്യലിസ്ററ്ചേരിയുടെ കൂട്ടായ കരുത്ത് തികച്ചും വിശ്വസിക്കാവുന്ന തരത്തിൽ സുരക്ഷിതമാക്കുന്നു. സോഷ്യലിസ്ററ് സ്റേററുകൾ ഒരേ ചേരിയിൽ അണിനിരന്നിട്ടുള്ളതും ഈ ചേരിയുടെ ഐക്യം വർധിച്ചുകൊണ്ടിരിക്കുന്നതും അതിൻെറ ശക്തി അനുസ്യൂതം വളർന്നുകൊണ്ടിരിക്കുന്നതും ഈ വ്യവസ്ഥക്കുള്ളിലൊട്ടാകെ സോഷ്യലിസത്തിൻെറ പൂർണവിജയത്തിന് ഉറപ്പുണ്ടാക്കുന്നു.*

തൊഴിലാളിവർഗത്തിൻെറയും കൃഷിക്കാരുടെയും വീരോചിതമായ യത്നങ്ങളുടെയും കമ്യൂണിസ്ററ്–വർക്കേഴ്സ്പാർടികളുടെ ഗംഭീരപ്രവർത്തനങ്ങളുടെയും ഫലമായി ഉൽപാദനശക്തികളെ ഇനിയും അതിവേഗം വികസിപ്പിക്കുവാനും പരമാവധി സമയം നേടുവാനും, മുതലാളിത്തവുമായുള്ള സമാധാനപരമായ മത്സരത്തിൽ വിജയം കൈവരിക്കാനും കഴിഞ്ഞ മൂന്നുവർഷങ്ങളിൽ സോഷ്യലിസ്ററ്രാജ്യങ്ങൾക്ക് ഏററവും അനുകൂലമായ വസ്തുനിഷ്ഠസാഹചര്യങ്ങൾ ലഭിച്ചിരിക്കുന്നു. ഈ അവസരങ്ങളെ ശരിയായി ഉപയോഗിക്കുകയെന്നത് തങ്ങളുടെ കടമയായി സോഷ്യലിസ്ററ്രാജ്യങ്ങളെ നയിക്കുന്ന മാർക്സിസ്ററ്–ലെനിനിസ്ററ് പാർടികൾ കരുതുന്നു.

വമ്പിച്ച വിജയങ്ങൾ കൈവരിക്കുകയും, ഗുരുതരങ്ങളായ പരീക്ഷണങ്ങളെ അതിജീവിക്കുകയും ചെയ്ത കമ്യൂണിസ്ററ്പാർടികൾ സോഷ്യലിസ്ററ്നിർമാണത്തെ നയിക്കുന്നതിൽ വിവിധങ്ങളായ ധാരാളം അനുഭവങ്ങൾ നേടിയിരിക്കുന്നു. ഓരോ രാജ്യത്തിൻെറയും ചരിത്രപരമായ സവിശേഷതകൾക്കും സോഷ്യലിസ്ററ് വ്യവസ്ഥയുടെ മൊത്തത്തിലുള്ള താൽപര്യങ്ങൾക്കും മതിയായ പരിഗണന കൊടുത്തുകൊണ്ട് സോഷ്യലിസ്ററ്നിർമാണത്തെ നിയന്ത്രിക്കുന്ന സാമാന്യവും വസ്തുനിഷ്ഠവുമായ നിയമങ്ങളെ ശരിയായി പ്രയോഗിച്ചതുകൊണ്ടാണ്, സോഷ്യലിസ്ററ് രാജ്യങ്ങൾക്ക്, മൊത്തത്തിൽ സോഷ്യലിസ്ററ്ചേരിക്ക്, തങ്ങളുടെ ഈ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞത്. ഇതിനുപുറമെ, പ്രസ്തുത രാജ്യങ്ങളിലെ ജനങ്ങളുടെ യത്നങ്ങളും ഈ രാജ്യങ്ങൾ തമ്മിലുള്ള സൗഹാർദപൂർണമായ സഹകരണവും സാർവദേശീയബോധത്തോടുകൂടിയ അന്യോന്യസഹായവും സർവോപരി സോവിയററ്യൂണിയൻെറ സൗഹാർദപരവും സാർവദേശീയബോധത്തിലധിഷ്ഠിതവുമായ സഹായവും ഇതിന്നു കാരണമാണ്.

സോഷ്യലിസ്ററ്ചേരിയിലെ രാജ്യങ്ങൾ അന്യോന്യം സഹായിക്കുകയും പിന്തുണ നൽകുകയും ചെയ്യുക, അവക്കിടയിലെ ഐക്യത്തിൻെറയും സൗഹൃദത്തിൻെറയും എല്ലാ ഗുണങ്ങളെയും ഉപയോഗപ്പെടുത്തുക—ഇതാണ് അവയുടെ നേട്ടങ്ങൾക്കും വിജയങ്ങൾക്കുമുള്ള പ്രാഥമികമായ സാർവദേശീയോപാധിയെന്നതിന്, സോഷ്യലിസ്ററ്രാജ്യങ്ങളുടെ വികാസത്തിൻെറ അനുഭവങ്ങൾ കൂടുതൽ തെളിവുനൽകുന്നു. സോഷ്യലിസ്ററ്ചേരിയിൽ പിളർപ്പുണ്ടാകുമെന്നുള്ള സാമ്രാജ്യവാദികളുടെയും വർഗവഞ്ചകരുടെയും തിരുത്തിയെഴുതൽവാദികളുടെയും ആശ മണലിൽ കെട്ടിപ്പടുത്തിട്ടുള്ളതാണ്. അത് പരാജയപ്പെടുമെന്ന് തീർച്ച. എല്ലാ സോഷ്യലിസ്ററ്രാജ്യങ്ങളും സോഷ്യലിസ്ററ്ചേരിയുടെ ഐക്യത്തെ സ്വന്തം കണ്ണിലെ കൃഷ്ണമണിപോലെയാണ് കാത്തുസൂക്ഷിക്കുന്നത്.

സോഷ്യലിസത്തിൻെറ ലോകസാമ്പത്തികവ്യവസ്ഥ പൊതു സോഷ്യലിസ്ററ് ഉൽപാദനബന്ധങ്ങളാൽ കൂട്ടിയിണക്കപ്പെട്ടിട്ടുള്ളതും, സോഷ്യലിസത്തിൻെറ സാമ്പത്തികനിയമങ്ങൾക്കനുസരിച്ച് വികസിച്ചുകൊണ്ടിരിക്കുന്നതുമാണ്. അതിൻെറ വിജയകരമായ വികാസത്തിന്, ആസൂത്രിതവും ആനുപാതികവുമായ വികാസത്തിൻെറ നിയമം നിരന്തരം പ്രയോഗിക്കേണ്ടതാണ്; ജനങ്ങളുടെ ക്രിയാത്മകമായ മുൻകയ്യിനെ പ്രോത്സാഹിപ്പിക്കേണ്ടതാണ്; വിവിധ സോഷ്യലിസ്ററ്രാജ്യങ്ങൾ സ്വമേധയാ പങ്കെടുക്കുന്നതിനെയും അന്യോന്യനന്മയുടെയും ശാസ്ത്രീയ—സാങ്കേതികനിലവാരം ഊർജിതമായി അഭിവൃദ്ധിപ്പെടുന്നതിൻെറയും അടിസ്ഥാനത്തിൽ ലോകസോഷ്യലിസ്ററ്വ്യവസ്ഥക്കകത്ത് ദേശീയസാമ്പത്തികപദ്ധതികളെ കൂട്ടിയിണക്കുകയും ഓരോ രാജ്യത്തും പ്രത്യേകസാമ്പത്തികശാഖകൾ വികസിപ്പിക്കുകയും അന്യോന്യം സഹകരിക്കുകയും ചെയ്യുന്നതിലൂടെ ഉണ്ടാക്കിയിട്ടുള്ള സാർവദേശീയ പ്രവൃത്തിവിഭജനത്തെ തുടർച്ചയായി അഭിവൃദ്ധിപ്പെടുത്തണം! ഇതിന്നുംപുറമെ കൂട്ടായ അനുഭവങ്ങൾ പഠിക്കേണ്ടതാണ്; അന്യോന്യം സഹകരിക്കുകയും സൗഹൃദപൂർണമായ പരസ്പരസഹായം നൽകുകയും ചെയ്യേണ്ടതാണ്; സാമ്പത്തികവികാസത്തിൻെറ നിലവാരത്തിലുള്ള ചരിത്രപരങ്ങളായ വ്യത്യാസങ്ങളെ ക്രമേണ ദൂരീകരിക്കേണ്ടതാണ്; സോഷ്യലിസ്ററ്വ്യവസ്ഥയിലെ എല്ലാ ജനതകൾക്കും മിക്കവാറും ഒരേകാലത്തുതന്നെ കമ്യൂണിസത്തിലേക്ക് പുരോഗമിക്കാനാവശ്യമായ ഭൗതികാടിത്തറ സൃഷ്ടിക്കേണ്ടതാണ്.

വിവിധ രാജ്യങ്ങളിലെ സോഷ്യലിസ്ററ്നിർമാണം സോഷ്യലിസ്ററ്ചേരിക്കൊട്ടാകെ കൂട്ടായ അനുഭവപാഠങ്ങളെടുക്കുന്നതിനുള്ള ഉറവിടമാണ്. സഹോദരപാർടികൾ ഈ അനുഭവങ്ങളെപ്പററി ശരിയായി പഠിക്കുകയും അവയെ ദേശീയമായ സവിശേഷതകൾക്കും പ്രത്യേക സാഹചര്യങ്ങൾക്കും അർഹമായ പരിഗണന നൽകി

ശരിയാംവണ്ണം ഉപയോഗിക്കുകയും ചെയ്യുകയെന്നത് ഓരോ സോഷ്യലിസ്ററ്രാജ്യത്തിന്റെയും വികസനത്തിന്റെ അലംഘ്യമായ ഒരു നിയമമാണ്.

ഓരോ രാജ്യത്തിലെയും സാധ്യതകൾക്കനുസരിച്ച് ഉയർന്ന തോതിൽ സ്വന്തം നാട്ടിലെ വ്യാവസായികവും കാർഷികവുമായ ഉൽപാദനം വികസിക്കുമ്പോൾ മൊത്തം വ്യാവസായിക—കാർഷികോൽപാദനത്തിൽ ലോകമുതലാളിത്തവ്യവസ്ഥയെ കവച്ചുവെക്കുകയും, അതിനുശേഷം പ്രതിശീർഷോൽപാദനത്തിലും ജീവിതനിലവാരത്തിലും ഏററവും വികസിതമായ മുതലാളിത്തരാജ്യങ്ങളെ പിൻതള്ളുകയും ചെയ്യുകയെന്ന ചരിത്രപരമായ കടമ ആവുന്നത്ര വേഗത്തിൽ, കൂട്ടായ യത്നത്തിലൂടെ നിർവഹിക്കുന്നതിനുവേണ്ടി ലോകസോഷ്യലിസ്ററ്വ്യവസ്ഥയുടെ എല്ലാ മെച്ചങ്ങളെയും ഓരോ രാജ്യത്തിലെയും ആഭ്യന്തരവിഭവങ്ങളെയും പരമാവധി പ്രയോജനപ്പെടുത്തുകയെന്നത് തങ്ങളുടെ സാർവദേശീയ ചുമതലയാണെന്ന് സോഷ്യലിസ്ററ്രാജ്യങ്ങളിലെ കമ്യൂണിസ്ററ് വർക്കേഴ്സ്പാർടികൾ കരുതുന്നു. ഈ കടമ നിർവഹിക്കാൻ രാഷ്ട്രീയ—സാമ്പത്തികപ്രവർത്തനങ്ങൾ സ്ഥായിയായി മെച്ചപ്പെടുത്തുകയും സാമ്പത്തികരംഗത്തെ മാനേജ്മെൻറ് തുടർച്ചയായി മെച്ചപ്പെടുത്തുകയും സോഷ്യലിസ്ററ് സമ്പദ്വ്യവസ്ഥയെ ശാസ്ത്രീയമാർഗത്തിൽ നയിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരിക്കുന്നു. ഇതിന് നിരന്തരമായ സാങ്കേതികപുരോഗതിയിലൂടെയും സാമ്പത്തികാസൂത്രണത്തിലൂടെയും ജനങ്ങളുടെ രാഷ്ട്രീയബോധം ഉയർത്തി സമൂഹത്തിന്റെ നന്മക്കുവേണ്ടി പ്രവർത്തിക്കാൻ ഭൗതികമായ പ്രേരണയും പ്രചോദനവും നൽകുകയെന്ന ലെനിനിസ്ററ്തത്വം കണിശമായി പാലിക്കുന്നതിലൂടെയും അധ്വാനത്തിന്റെ ഉൽപാദനക്ഷമത ഇനിയും ഉയർത്തേണ്ടതായിട്ടുണ്ട്. അധ്വാനശക്തിയും നിത്യോപയോഗസാധനങ്ങളും ഉപയോഗിക്കുന്നതിന്റെ അളവിൽ ധാർമികമായ നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്.

സോഷ്യലിസ്ററ്രാജ്യങ്ങളുടെ കമ്യൂണിസത്തിലേക്കുള്ള പരിവർത്തനത്തിനുള്ള ഭൗതികാടിസ്ഥാനം സൃഷ്ടിക്കുന്നതിന്, ഏററവും പുതിയ സാങ്കേതികരീതികൾ ഉപയോഗിച്ചുകൊണ്ടും ദേശീയ സമ്പദ്വ്യവസ്ഥയെ വൈദ്യുതീകരിക്കുന്നതിലൂടെ ഉൽപാദനത്തെ യന്ത്രവൽക്കരിക്കുകയും സ്വയംപ്രവർത്തിക്കുന്ന യന്ത്രോപകരണങ്ങൾ കൂടുതലുപയോഗിക്കുകയും ചെയ്തിട്ടും ഉയർന്ന ഒരു നിലവാരത്തിലേക്ക് ഉൽപാദനത്തെ വളർത്തേണ്ടത് അനുപേക്ഷണീയമാണ്. ഇതില്ലെങ്കിൽ, കമ്യൂണിസ്ററ്സമൂഹത്തിൽ ആവശ്യമായി വരുന്ന ഉപഭോഗവസ്തുക്കളുടെ സമൃദ്ധി നേടാൻ സാധ്യമാവില്ല. ഈ അടിസ്ഥാനത്തിൽ കമ്യൂണിസ്ററ് സാമൂഹ്യബന്ധങ്ങളെ വളർത്തുകയും ജനങ്ങളുടെ രാഷ്ട്രീയബോധം ഉയർത്തുകയും

പുതിയ കമ്യൂണിസ്ററ് സമൂഹത്തിലെ അംഗങ്ങളാവാൻവേണ്ട വിദ്യാഭ്യാസം നൽകുകയും ചെയ്യേണ്ടതാവശ്യമാണ്.

സാർവദേശീയ സോഷ്യലിസ്ററ് ഐക്യത്തിൻെറയും പൊതുതാൽപര്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും ബന്ധങ്ങരംകൊണ്ട് കൂട്ടിയിണക്കപ്പെട്ടവരും സോഷ്യലിസത്തിൻെറയും കമ്യൂണിസത്തിൻെറയും മാർഗത്തിൽ ചരിക്കുന്നവരുമായ, സ്വാതന്ത്ര്യവും പരമാധികാരവുമുള്ള ജനങ്ങളുടെ ഒരു സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ കൂട്ടുകെട്ടാണ് സോഷ്യലിസ്ററ്ചേരി. മാർക്സിസം—ലെനിനിസത്തിൻെറയും സോഷ്യലിസ്ററ് സാർവദേശീയബോധത്തിൻെറയും അടിസ്ഥാനതത്വങ്ങളിൽ ഉറച്ചുനിൽക്കുകയെന്നത് സോഷ്യലിസ്ററ്രാജ്യങ്ങരം തമ്മിലുള്ള പരസ്പരബന്ധങ്ങളുടെ ഒരലംഘ്യനിയമമാണ്. സോഷ്യലിസ്ററ്ചേരിയിലെ ഓരോ രാജ്യത്തിൻെറയും യഥാർത്ഥമായ തുല്യാവകാശങ്ങരംക്കും സ്വാതന്ത്ര്യത്തിനും ഉറപ്പുണ്ട്. പൂർണമായ സമത്വത്തിൻെറയും അന്യോന്യഗുണത്തിൻെറയും സഖാക്കളെന്നനിലക്കുള്ള പരസ്പരസഹായത്തിൻെറയും തത്വങ്ങരംക്കനുസരിച്ചാണ് സോഷ്യലിസ്ററ്രാജ്യങ്ങരം സർവതോമുഖമായ സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ സഹകരണം വളർത്തുന്നത്. ഇത് ഓരോ സോഷ്യലിസ്ററ്രാജ്യത്തിൻെറയും, പൊതുവിൽ സോഷ്യലിസ്ററ്ചേരിയുടെയും, താൽപര്യങ്ങരംക്കനുസരിച്ചതാണ്.

ലോകസോഷ്യലിസ്ററ്വ്യവസ്ഥിതിയുടെ ഏററവും വമ്പിച്ച നേട്ടങ്ങളിലൊന്ന്, വർഗവൈരുധ്യങ്ങരം കുറയുന്നതോടെ ദേശീയ വൈരുധ്യങ്ങളും കുറയുന്നുവെന്ന മാർക്സിസ്ററ്—ലെനിനിസ്ററ് തത്വത്തെ പ്രവൃത്തിയിൽ തെളിയിച്ചതാണ്. വിരുദ്ധവർഗങ്ങരം തമ്മിലും രാഷ്ട്രങ്ങളും സ്ററേററുകളും തമ്മിലും സായുധസംഘട്ടനങ്ങളിലേക്കു നയിക്കുന്ന വൈരുധ്യങ്ങളാംന് മുതലാളിത്തവ്യവസ്ഥയിൽ കാണുന്നത്. നേരെമറിച്ച്, സോഷ്യലിസ്ററ്ചേരിയിലുരംപ്പെടുന്ന ജനങ്ങളും സ്ററേററുകളും തമ്മിൽ വൈരുധ്യങ്ങരംക്കും സംഘട്ടനങ്ങരംക്കും വസ്തുനിഷ്ഠമായ കാരണങ്ങളൊന്നുമില്ല. സോഷ്യലിസ്ററ്ചേരിയുടെ വളർച്ച, അതിലെ സ്ററേററുകളും രാഷ്ട്രങ്ങളുംതമ്മിൽ കൂടുതലുയർന്ന ഐക്യത്തിനും ബഹുമുഖമായ സഹകരണത്തിനും വഴിതെളിയിക്കുന്നു. സോഷ്യലിസത്തിൻകീഴിൽ ദേശീയസമ്പദ്വ്യവസ്ഥയുടെയും സംസ്കാരത്തിൻെറയും ഭരണഘടനയുടെയും വളർച്ച, ലോകമൊട്ടുക്കുമുള്ള സോഷ്യലിസ്ററ്വ്യവസ്ഥ വളരുകയും ശക്തിപ്പെടുകയും ചെയ്യുന്നതിനോടൊപ്പവും രാഷ്ട്രങ്ങരം തമ്മിലുള്ള ഐക്യം വളർന്നു ശക്തിപ്പെടുന്നതിനനുസരിച്ചും നടക്കുന്നു. ദേശീയതാൽപര്യങ്ങളും സോഷ്യലിസ്ററ്വ്യവസ്ഥിതിയുടെ ഒട്ടാകെ താൽപര്യങ്ങളും സമഞ്ജസമായി ഇണങ്ങിച്ചേരുന്നു. ഈ അടിസ്ഥാനത്തിലാണ് ബൃഹത്തായ സോഷ്യലിസ്ററ്സമൂഹത്തിലുരംപ്പെട്ട എല്ലാ ജനത

കളുടെയും ധാർമികവും രാഷ്ട്രീയവുമായ ഐക്യം നിലവിൽ വരികയും വളരുകയും ചെയ്തിട്ടുള്ളത്. സോഷ്യലിസ്ററ്വ്യവസ്ഥയിൽനിന്നുയർന്ന് ജനങ്ങളുടെ സൗഹൃദബന്ധവും പരസ്പരസഹായവും മുതലാളിത്തത്തിൻെറ പ്രത്യേകതയായ രാഷ്ട്രീയമായ ഒററതിരിഞ്ഞുനിൽക്കലിൻെറയും ദേശീയമായ അഹന്തയുടെയും സ്ഥാനമെടുത്തിരിക്കുന്നു.

സോഷ്യലിസ്ററ്രാജ്യങ്ങളിലെ ജനങ്ങളുടെ പൊതുതാൽപര്യങ്ങളും സമാധാനത്തിൻെറയും സോഷ്യലിസത്തിൻെറയും താൽപര്യങ്ങളും ആവശ്യപ്പെടുന്നത് സോഷ്യലിസ്ററ് സാർവദേശീയബോധത്തിൻെറയും സോഷ്യലിസ്ററ് ദേശഭക്തിയുടെയും തത്വങ്ങളെ രാഷ്ട്രീയകാര്യങ്ങളിൽ വേണ്ടവിധം സംയോജിപ്പിക്കണമെന്നാണ്. ഭരണം നടത്തുന്ന കക്ഷിയായിത്തീർന്നിട്ടുള്ള ഓരോ കമ്യൂണിസ്ററ് പാർട്ടിയും തൻെറ സ്വന്തം രാജ്യത്തിൻെറയും മുഴുവൻ സോഷ്യലിസ്ററ്ചേരിയുടെയും ഭാഗധേയങ്ങൾക്ക് ചരിത്രപരമായി ഉത്തരവാദിത്വം വഹിക്കുന്നു.

ദേശീയപ്രത്യേകതകളെ കൂടുതലൂന്നുന്നതും, സോഷ്യലിസ്ററ്വിപ്ലവത്തെയും സോഷ്യലിസ്ററ്നിർമാണത്തെയും സംബന്ധിച്ച മാർക്സിസം—ലെനിനിസത്തിൻെറ മൗലികതത്വങ്ങളിൽ നിന്ന് വ്യതിചലിക്കുന്നതും സോഷ്യലിസത്തിൻെറ പൊതുതാൽപര്യങ്ങൾക്ക് ഹാനികരമാകുമെന്ന് 1957 ലെ പ്രഖ്യാപനത്തിൽ വളരെ ശരിയായിത്തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സോഷ്യലിസ്ററ്വിപ്ലവത്തിൻെറയും സോഷ്യലിസ്ററ് നിർമാണത്തിൻെറയും പൊതുതത്വങ്ങളെ ഓരോ രാജ്യത്തിലെയും ചരിത്രപരമായ പ്രത്യേകപരിതഃസ്ഥിതികൾക്കനുസരിച്ച് ക്രിയാത്മകമായി പ്രയോഗിക്കണമെന്നും, മററ് രാജ്യങ്ങളിലെ കമ്യൂണിസ്ററ്പാർടികൾ പിന്തുടരുന്ന നയങ്ങളും അടവുകളും അതേപടി യാന്ത്രികമായി പകർത്തിയാൽ പോരെന്നും പ്രഖ്യാപനം വളരെ ശരിയായിത്തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ദേശീയപ്രത്യേകതകളെ അവഗണിച്ചാൽ തൊഴിലാളികളുടെ പാർടി യാഥാർഥ്യത്തിൽനിന്നും ബഹുജനങ്ങളിൽനിന്നും ഒററപ്പെടും; സോഷ്യലിസത്തിൻെറ താൽപര്യങ്ങളെ അത് അപകടപ്പെടുത്തിയെന്നും വരാം.

സോഷ്യലിസം സ്ഥാപിച്ച ഉടൻ ദേശീയമായ വിഭാഗീയവീക്ഷണങ്ങളും സങ്കുചിതമനസ്ഥിതിയും തനിയേ അപ്രത്യക്ഷമാകുന്നില്ല. സോഷ്യലിസ്ററ്രാജ്യങ്ങൾ തമ്മിലുള്ള സാഹോദര്യവും സൗഹാർദബന്ധങ്ങളും ശക്തിപ്പെടണമെങ്കിൽ കമ്യൂണിസ്ററ്—വർക്കേഴ്സ്പാർടികൾ ഒരു ശരിയായ മാർക്സിസ്ററ്—ലെനിനിസ്ററ് സാർവദേശീയനയം പിന്തുടരണം. മുഴുവൻ തൊഴിലാളിവർഗത്തെയും ശരിയായ സാർവദേശീയബോധത്തിൻെറയും ദേശപ്രേമത്തിൻെറയും തത്വങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസം ചെയ്യിക്കണം; ബൂർഷ്വാദേശീയത്വത്തിൻെറയും സങ്കുചിതദേശീയവാദത്തി

ന്റെയും അവശിഷ്ടങ്ങളെ ഉൻമൂലനം ചെയ്യാനായി ഉറച്ച സമരം നടത്തണം.

*കമ്യൂണിസ്ററ്-വർക്കേഴ്സ്പാർടികൾ, സോഷ്യലിസ്ററ് സാർവദേശീയബോധത്തിന്റെ സ്പിരിററിലും ബൂർഷ്വാദേശീയതത്വത്തിന്റെയും സങ്കുചിതദേശീയവാദത്തിന്റെയും എല്ലാ രൂപങ്ങളോടുമുള്ള അസഹിഷ്ണുതയുടെ അടിസ്ഥാനത്തിലും തൊഴിലാളിവർഗത്തിന് അവിശ്രമം വിദ്യാഭ്യാസം നൽകുന്നു. സോഷ്യലിസ്ററ് രാജ്യങ്ങളിലെ കമ്യൂണിസ്ററ്-വർക്കേഴ്സ്പാർടികളുടെ ഉറച്ച ഐക്യവും മാർക്സിസ്ററ്-ലെനിനിസ്ററ് സിദ്ധാന്തങ്ങളോടുള്ള കൂറുമാണ് ഓരോ സോഷ്യലിസ്ററ് രാജ്യത്തിന്റെയും പൊതുവിൽ സോഷ്യലിസ്ററ്ചേരിയുടെയും ശക്തിയുടെയും അജയ്യതയുടെയും പ്രധാന നിദാനം.*

കമ്യൂണിസത്തിലേക്കുള്ള വഴി വെട്ടിത്തുറക്കുമ്പോൾ സോഷ്യലിസ്ററ്‌രാജ്യങ്ങളിലെ ജനങ്ങൾ മനുഷ്യരാശിക്കാകെവേണ്ടി പുതിയ സമൂഹത്തിന്റെ ഒരു മാതൃക സൃഷ്ടിക്കുകയാണ്. സോഷ്യലിസവും കമ്യൂണിസവും കെട്ടിപ്പടുക്കുന്നവരുടെ നിർമാണപരിശ്രമങ്ങളെ മുതലാളിത്തലോകത്തിലെ അധ്വാനിക്കുന്ന ജനങ്ങൾ അതിയായ താൽപര്യത്തോടെ ഉററുനോക്കിക്കൊണ്ടിരിക്കുന്നു. ഇതുമൂലം സോഷ്യലിസ്ററ്‌രാജ്യങ്ങളിലെ മാർക്സിസ്ററ്-ലെനിനിസ്ററ് പാർടികളും ജനങ്ങളും സോഷ്യലിസവും കമ്യൂണിസവും വിജയകരമായി കെട്ടിപ്പടുക്കുന്നതിൽ സാർവദേശീയതൊഴിലാളിപ്രസ്ഥാനത്തോട് ഉത്തരവാദപ്പെട്ടിരിക്കുന്നു.

മഹത്തായ സോഷ്യലിസ്ററ്‌രാഷ്ട്രങ്ങളുടെ സമൂഹത്തെ അക്ഷീണം ശക്തിപ്പെടുത്തേണ്ടത് കമ്യൂണിസ്ററ്—വർക്കേഴ്സ്പാർടികളുടെ കടമയാണ്. ലോകപ്രശ്നങ്ങളിൽ അവയുടെ പങ്കും സ്വാധീനശക്തിയും പ്രതിവർഷം വർധിച്ചുകൊണ്ടിരിക്കുന്നു.

*സോഷ്യലിസ്ററ്‌രാഷ്ട്രങ്ങൾ ഒരു ലോകവ്യവസ്ഥിതി രൂപീകരിച്ചുകൊണ്ട് ലോകകാര്യങ്ങളിൽ സുശക്തമായ സ്വാധീനം ചെലുത്തിത്തുടങ്ങിയിരിക്കുന്ന ഒരു കാലഘട്ടമുളവായിരിക്കുന്നു. ആധുനികലോകത്തിന്റെ സുപ്രധാന പ്രശ്നങ്ങളെ സമാധാനത്തിന്റെയും ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും താൽപര്യങ്ങൾക്കനുസരിച്ച് പരിഹരിക്കുവാനുള്ള യഥാർഥ സൗകര്യങ്ങൾ ഇപ്പോൾ ഉളവായിട്ടുണ്ട്.*

## സമാധാനത്തിനും സമാധാനപരമായ സഹവർത്തി ത്വത്തിനും വേണ്ടിയുള്ള സമരത്തെപ്പററി

യുദ്ധത്തിൻെറയും സമാധാനത്തിൻെറയും പ്രശ്നമാണ് നമ്മുടെ കാലത്തെ ഏററവും നീറുന്ന പ്രശ്നം.

യുദ്ധം മുതലാളിത്തത്തിൻെറ സന്തതസഹചാരിയാണ്. മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്ന വ്യവസ്ഥയും മനുഷ്യൻ മനുഷ്യനെ നിഹനിക്കുന്ന വ്യവസ്ഥയും മുതലാളിത്തവ്യവസ്ഥയുടെ ഇരുവശങ്ങളത്രേ. സാമ്രാജ്യത്വം മനുഷ്യരാശിയുടെമേൽ വിനാശകാരികളായ രണ്ടു ലോകയുദ്ധങ്ങൾ അടിച്ചേൽപിച്ചുകഴിഞ്ഞിരിക്കുന്നു; അവയേക്കാൾ കൂടുതൽ ഭീകരമായ ഒരു വിപത്തിലാഴ്ത്തുമെന്ന് ഇപ്പോൾ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. കൂട്ടക്കൊലയും വിനാശവും സൃഷ്ടിക്കുന്ന രാക്ഷസീയങ്ങളായ ഉപാധികൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു; ഒരു യുദ്ധത്തിൽ അവയുപയോഗിച്ചാൽ രാജ്യങ്ങൾക്കാകമാനം അശ്രുതപൂർവമായ നാശം സംഭവിക്കും: ലോകവ്യവസായത്തിൻെറയും സംസ്കാരത്തിൻെറയും കേന്ദ്രങ്ങൾ ചാമ്പലാകും. അത്തരമൊരു യുദ്ധം കോടിക്കണക്കിനുള്ള ജനങ്ങൾക്ക് മരണവും ദുരിതവും വരുത്തിവെക്കും; യുദ്ധത്തിൽ പങ്കുചേരാത്ത രാജ്യങ്ങളിലെ ജനങ്ങൾക്കും അത് സംഭവിക്കും. സാമ്രാജ്യത്വം മുഴുവൻമനുഷ്യരാശിക്കും വിപത്തായിത്തീർന്നിരിക്കുന്നു.

ജനങ്ങൾ മുമ്പെന്നത്തേക്കാളുമധികം ജാഗരൂകരാകണം. സാമ്രാജ്യത്വം നിലനിൽക്കുന്നിടത്തോളംകാലം ആക്രമണയുദ്ധങ്ങൾക്കുള്ള മണ്ണുണ്ടാകും.

*പുതിയൊരു ലോകയുദ്ധത്തിൻെറ വിപത്ത് ഇപ്പോഴും തുടരുന്നുണ്ടെന്ന് എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾക്കറിയാം. അമേരിക്കൻസാമ്രാജ്യത്വമാണ് ആക്രമണത്തിൻെറയും യുദ്ധത്തിൻെറയും മുഖ്യശക്തി.* അതിൻെറ നയം സജീവമായ പിന്തിരിപ്പത്തത്തിൻെറ ആശയസംഹിതയുൾക്കൊള്ളുന്നതാണ്. 'കമ്യൂണിസ്ററ്ഭീഷണി'യെ എതിർക്കുകയെന്ന

മറപിടിച്ചുകൊണ്ട് അമേരിക്കൻസാമ്രാജ്യാധിപത്യവാദികൾ, ബ്രിട്ടനിലെയും ഫ്രാൻസിലെയും പശ്ചിമജർമനിയിലെയും സാമ്രാജ്യമേധാവികളോട് കൂട്ടുകൂടിക്കൊണ്ട്, പല രാജ്യങ്ങളെയും നാറേറാ, സെൻേറാ, സിയാറേറാ മുതലായ പല സൈനികബ്ലോക്കുകളിലേക്കും വലിച്ചിഴച്ചിരിക്കുന്നു. 'സ്വതന്ത്ര ലോക'മെന്നു വിവരിക്കപ്പെടുന്ന രാജ്യങ്ങളെ, പ്രഥമവും പ്രധാനവുമായ സോഷ്യലിസ്ററ്രാജ്യങ്ങൾക്കെതിരായി ഒരുക്കിയിട്ടുള്ള സൈനികത്താവളങ്ങളുടെ ഒരു വലക്കെട്ടിൽ അത് കുടുക്കിയിട്ടിരിക്കുന്നു. ഈ ബ്ലോക്കുകളുടെയും താവളങ്ങളുടെയും നിലനിൽപ് ലോകസമാധാനത്തെയും സുരക്ഷിതത്വത്തെയും അപകടപ്പെടുത്തുന്നു; തങ്ങളുടെ രാജ്യത്ത് അമേരിക്കൻ സൈനികാക്രമണവാദികൾക്ക് ഇടംനൽകിയിരിക്കുന്ന ആ രാജ്യങ്ങളുടെ പരമാധികാരത്തെ കയ്യേറുക മാത്രമല്ല, അവയുടെ ജീവിതത്തെത്തന്നെയും അപകടപ്പെടുത്തുകകൂടി ചെയ്യുന്നവയാണ് ഈ താവളങ്ങളും ബ്ലോക്കുകളും.

അമേരിക്കയിലെയും ബ്രിട്ടനിലെയും ഫ്രാൻസിലെയും സാമ്രാജ്യശക്തികൾ പശ്ചിമജർമൻ സാമ്രാജ്യത്വവുമായി കുററകരമായ ഒരു കരാറുണ്ടാക്കിയിരിക്കുന്നു. പശ്ചിമജർമനിയിൽ മിലിററിസം പുനരുജ്ജീവിപ്പിക്കപ്പെടുകയാണ്; ഹിററ്ലർജനറൽമാരുടെ കീഴിൽ വലിയൊരു സ്ഥിരംസൈന്യത്തിൻെറ—അമേരിക്കൻ സാമ്രാജ്യമേധാവികൾ അതിനെ ന്യൂക്ലിയർആയുധങ്ങളും റോക്കററ്ആയുധങ്ങളും മററു നവീനായുധങ്ങളും അണിയിക്കുന്നു—പുനരുദ്ധാരണം അതിവേഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്നു; സമാധാനകാംക്ഷികളായ ജനങ്ങളുടെ സുദൃഢമായ പ്രതിഷേധത്തിന്നിടയാക്കിയിട്ടുള്ള ഒരു വസ്തുതയാണിത്. ഈ ആക്രമണസൈന്യത്തിനുവേണ്ടി ഫ്രാൻസിലും മററ് പശ്ചിമയൂറോപ്യൻരാജ്യങ്ങളിലും സൈനികത്താവളങ്ങളുണ്ടാക്കുന്നു. യൂറോപ്യൻനാടുകളിലെ സമാധാനത്തിനും സുരക്ഷിതത്വത്തിനും എതിരായി പശ്ചിമജർമനിയിൽ നിന്നുമുയരുന്ന ഭീഷണി വർധിച്ചുകൊണ്ടിരിക്കുന്നു. പശ്ചിമജർമനിയിലെ പ്രതികാരദുർമോഹികൾ രണ്ടാം യുദ്ധത്തിനുശേഷം സ്ഥാപിതമായ അതിർത്തികൾ പുതുക്കുവാനുള്ള തങ്ങളുടെ നിശ്ചയം പരസ്യമായി പ്രഖ്യാപിക്കുന്നു. ഹിററ്ലർപ്പരിഷകൾ അക്കാലത്ത് ചെയ്തതുപോലെ പശ്ചിമജർമൻ മിലിററിസ്ററുകൾ യൂറോപ്പിലെ സോഷ്യലിസ്ററ്നാടുകൾക്കും മററ് രാജ്യങ്ങൾക്കുമെതിരായി യുദ്ധത്തിനൊരുങ്ങുകയാണ്; തങ്ങളുടെ സ്വന്തം ആക്രമണപദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കുകയാണ്. പശ്ചിമ ബർലിൻ സാർവദേശീയ പ്രകോപനത്തിൻെറ ആസ്ഥാനമായി മാററപ്പെട്ടിരിക്കുന്നു. ബോൺഭരണകൂടം സമാധാനപൂർവമായ സഹവർത്തിത്വത്തിൻെറയും നിരായുധീകരണത്തിൻെറയും സംഘർഷലഘൂകരണത്തിൻെറയും യൂറോപ്പിലെ മുഖ്യശത്രുവായിത്തീർന്നിരിക്കുന്നു.

പശ്ചിമജർമൻ സാമ്രാജ്യമേധാവികളുടെ ആക്രമണപദ്ധതികളെ യൂറോപ്പിലെ സമാധാനകാംക്ഷികളായ എല്ലാ രാജ്യങ്ങളുടെയും രാഷ്ട്രങ്ങളുടെയും ഏകീകൃതശക്തി ഉപയോഗിച്ചെതിർക്കേണ്ടതുണ്ട്. പശ്ചിമജർമൻ മിലിററിസ്ററുകളുടെ ആക്രമണലക്ഷ്യങ്ങൾക്കെതിരായ സമരത്തിൽ വിശേഷിച്ചും വലിയൊരു പങ്കാണ് ജർമൻ ജനാധിപത്യ റിപ്പബ്ലിക്ക് വഹിക്കുന്നത്. പശ്ചിമയൂറോപ്പിൽ സോഷ്യലിസത്തിന്റെ കാവൽസങ്കേതവും ജർമൻരാഷ്ട്രത്തിന്റെ സമാധാനാഭിലാഷങ്ങളുടെ യഥാർഥപ്രതീകവുമായ ജർമൻ ജനാധിപത്യ റിപ്പബ്ലിക്കിനെ സംരക്ഷിക്കേണ്ടത് സോഷ്യലിസ്ററ് ചേരിയിലെ എല്ലാ രാജ്യങ്ങളുടെയും, സമാധാനകാംക്ഷികളായ എല്ലാ ജനങ്ങളുടെയും കടമയാണെന്ന് സമ്മേളനം കരുതുന്നു.

അമേരിക്കൻ സാമ്രാജ്യാധിപതികൾ വിദൂരപൂർവ പ്രദേശത്തും യുദ്ധത്തിന്റെ കേന്ദ്രങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് കിണഞ്ഞുശ്രമിക്കുകയാണ്. ജാപ്പനീസ് ജനതയുടെ ദേശീയ സ്വാതന്ത്ര്യത്തെ ചവിട്ടിമെതിച്ചുകൊണ്ടും അവരുടെ ആഗ്രഹത്തിന് വിരുദ്ധമായും, ജപ്പാനിലെ പിന്തിരിപ്പൻ ഭരണവൃത്തങ്ങളുമായി കൂട്ടുചേർന്നുകൊണ്ട് അവർ സോവിയററ് യൂണിയനും ചൈനാ ജനകീയ റിപ്പബ്ലിക്കിനും സമാധാനസ്നേഹികളായ മററു രാജ്യങ്ങൾക്കുമെതിരായി ആക്രമണലക്ഷ്യങ്ങൾ വെച്ചുപുലർത്തുന്ന പുതിയൊരു സൈനികസന്ധി ജപ്പാന്റെ മേൽ കെട്ടിയേൽപിച്ചിരിക്കുന്നു. അമേരിക്കൻ അക്രമികൾ തെക്കൻകൊറിയയും ചൈനാ ജനകീയറിപ്പബ്ലിക്കിനവകാശപ്പെട്ട തായ്‌വാൻ ദ്വീപും കയ്യടക്കിവെച്ചിരിക്കുന്നു. തെക്കൻ വിയത്നാമിന്റെ കാര്യങ്ങളിൽ കൂടുതൽ കൂടുതൽ ഇടപെടുന്നു; അവയെ ആപത്തു നിറഞ്ഞ സൈനിക പ്രകോപനങ്ങളുടെയും ചൂതാട്ടങ്ങളുടെയും ആസ്ഥാനങ്ങളാക്കി മാററിയിരിക്കുന്നു. ക്യൂബക്കെതിരെ ആക്രമണഭീഷണി ഉയർത്തിയും ലാററിനമേരിക്കയിലെയും ആഫ്രിക്കയിലെയും മധ്യപൂർവദേശത്തെയും ജനതകളുടെ കാര്യങ്ങളിൽ ഇടപെട്ടുകൊണ്ടും അമേരിക്കൻസാമ്രാജ്യമേധാവികൾ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യുദ്ധത്തിന്റെ പുതിയ ആസ്ഥാനങ്ങൾ സൃഷ്ടിക്കുവാനും ശ്രമിക്കുന്നു. ഉദാഹരണത്തിന്, ലാററിനമേരിക്കയുടെ മേലുള്ള സാമ്പത്തികവും രാഷ്ട്രീയവുമായ നിയന്ത്രണം നിലനിർത്താനും തങ്ങളുടെ ആക്രമണലക്ഷ്യങ്ങളുടെ സാക്ഷാത്കരണത്തിൽ അവിടത്തെ ജനതകളെ ഉൾപ്പെടുത്താനും വേണ്ടി അമേരിക്കൻസ്റേററുകളുടെ സംഘടന പോലുള്ള പ്രാദേശിക സഖ്യരൂപങ്ങളെ ഉപയോഗപ്പെടുത്തുന്നു.

അമേരിക്കൻ സാമ്രാജ്യാധിപതികൾ പടുകൂററനായ ഒരു യുദ്ധയന്ത്രാവലി ഉണ്ടാക്കുകയും അത് വെട്ടിച്ചുരുക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നു. സോവിയററ് യൂണിയന്റെയും സമാധാനസ്നേഹികളായ മററ് രാജ്യങ്ങളുടെയും രചനാത്മകമായ നിരായുധീകരണ നിർദേശങ്ങളെ അവർ തകരാറിലാക്കുന്നു, സ്വന്തം ജനത

യുടെയും മററ് നാടുകളിലെ, വിശേഷിച്ചും ആഫ്രിക്കൻ വൻകരയിലെ, ജനതകളുടെയും പ്രതിഷേധങ്ങളെ നിരാകരിച്ചുകൊണ്ട്, ഫ്രഞ്ചുഭരണവൃത്തങ്ങൾ അണുവായുധങ്ങൾ പരീക്ഷിക്കുകയും നിർമിക്കുകയും ചെയ്യുന്നു. അമേരിക്കൻ മിലിററിസ്ററുകൾ അപായകരമായ അണുവായുധപരീക്ഷണങ്ങൾ പുനരാരംഭിക്കുന്നതിന്നൊരുക്ക് കൂട്ടുന്നു; ഗുരുതരമായ സാർവദേശീയ സംഘട്ടനങ്ങളുടെ ഭീഷണി ഉയർത്തുന്ന സൈനിക പ്രകോപനങ്ങൾ തുടരുന്നു.

തങ്ങളുടെ പ്രകോപനനയവും ആക്രമണ നടപടികളുംവഴി അമേരിക്കൻ ഭരണവൃത്തങ്ങൾ ചതുശ്ശക്തി ഭരണതലവൻമാരുടെ പാരീസ് യോഗത്തെ തുരങ്കംവെച്ചു; അവർ സാർവദേശീയ സംഘർഷം വർധിപ്പിക്കാനും ശീതയുദ്ധത്തെ രൂക്ഷമാക്കാനും തുനിഞ്ഞിറങ്ങി യുദ്ധവിപത്ത് വർധിപ്പിച്ചിട്ടുണ്ട്.

സമാധാനത്തിനെതിരായ സാമ്രാജ്യത്വപ്രകോപനങ്ങൾ ജനതകളുടെ രോഷത്തെയും എതിർപ്പിനെയും ആളിക്കത്തിച്ചിരിക്കുന്നു. ലോകത്തിൽ അതിനുള്ള സ്വാധീനത്തിന് മാരകമായ പുതിയ പ്രഹരങ്ങളേററിരിക്കുന്നു.

സാമ്രാജ്യത്വത്തിൻെറ ആക്രമണസ്വഭാവം മാറിയിട്ടില്ല. പക്ഷെ, അതിൻെറ ആക്രമണപദ്ധതികളെ പരാജയപ്പെടുത്താൻ കഴിവുള്ള യഥാർഥശക്തികൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. യുദ്ധം വിധിനിയതമാംവണ്ണം അനിവാര്യമല്ല. സാമ്രാജ്യമേധാവികൾക്ക് തന്നിഷ്ടംപോലെ പ്രവർത്തിക്കാൻ കഴിയുമായിരുന്നുവെങ്കിൽ, അവരിതിനകംതന്നെ മനുഷ്യരാശിയെ പുതിയൊരു ലോകയുദ്ധത്തിൻെറ വിനാശങ്ങളുടെയും ഭീകരതകളുടെയും ഗർത്തത്തിലാഴ്ത്തുമായിരുന്നു. എന്നാൽ യുദ്ധമുണ്ടാകണമോ, യുദ്ധം ഉണ്ടാകാതിരിക്കണമോ എന്ന് തന്നിഷ്ടംപോലെ സാമ്രാജ്യമേധാവികൾക്ക് തീരുമാനിക്കാൻ കഴിഞ്ഞിരുന്ന കാലം പൊയ്പ്പോയിരിക്കുന്നു. കഴിഞ്ഞ കൊല്ലങ്ങളിൽ ഒന്നിലധികം പ്രാവശ്യം സാമ്രാജ്യവാദികൾ പ്രാദേശികയുദ്ധങ്ങളാരംഭിച്ചുകൊണ്ട് മനുഷ്യരാശിയെ ആഗോളവിപത്തിൻെറ വക്കത്തെത്തിക്കുകയുണ്ടായി. സോവിയററ്യൂണിയൻെറയും മററ് സോഷ്യലിസ്ററ്സ്റേററുകളുടെയും സമാധാനസ്നേഹികളായ എല്ലാ ശക്തികളുടെയും സുദൃഢമായ നിലപാട് ഈജിപ്തിലെ ആംഗ്ലോ-ഫ്രാങ്കോ-ഇസ്രേലി ഇടപെടലിന് വിരാമമിട്ടു; സിറിയയ്ക്കും ഇറാക്കിനും മററ് ചില രാജ്യങ്ങൾക്കുമെതിരായ സാമ്രാജ്യാധിപതികളുടെ സൈനികാക്രമണങ്ങളെ തടഞ്ഞു. അൾജീരിയയിലെ ധീരോദാത്തരായ ജനത സ്വാതന്ത്ര്യത്തിനും സ്വാശ്രയത്വത്തിനും വേണ്ടിയുള്ള വീരോചിതസമരം തുടരുന്നു. കോംഗോവിലെയും ലാവോസിലെയും ജനങ്ങൾ വർധമാനമായ ദൃഢതയോടെ സാമ്രാജ്യമേധാവികളുടെ കുററകരമായ പ്രവർത്തനങ്ങളെ ചെറുക്കുന്നു. സാമ്രാജ്യാധിപതികൾ ആരംഭിക്കുന്ന പ്രാദേശികയുദ്ധങ്ങളെ ഫലപ്രദമായി എതിർക്കാനും അത്തരം

യുദ്ധങ്ങളുടെ കേന്ദ്രങ്ങളെ വിജയകരമായി നശിപ്പിക്കാനും സാധ്യമാണെന്ന് അനുഭവം തെളിയിക്കുന്നു.

*ഒരു ആഗോളയുദ്ധം ആരംഭിക്കാനുള്ള സാമ്രാജ്യത്വാക്രമികളുടെ ശ്രമങ്ങൾക്ക് കടിഞ്ഞാണിടാൻ കഴിയുന്ന കാലം വന്നെത്തിയിരിക്കുന്നു. ലോകസോഷ്യലിസ്ററ് ചേരിയുടെയും സാർവദേശീയ തൊഴിലാളിവർഗത്തിൻെറയും ദേശീയവിമോചനപ്രസ്ഥാനത്തിൻെറയും യുദ്ധത്തെ എതിർക്കുന്ന എല്ലാ രാജ്യങ്ങളുടെയും സമാധാനകാംക്ഷികളായ എല്ലാ ശക്തികളുടെയും സംയുക്ത പരിശ്രമങ്ങൾ കൊണ്ട് ലോകയുദ്ധത്തെ തടയാനാവും.*

നമ്മുടെ കാലത്തെ സാർവദേശീയ ബന്ധങ്ങളുടെ വികാസത്തെ നിർണയിക്കുന്നത് രണ്ട് സാമൂഹ്യവ്യവസ്ഥകൾ തമ്മിലുള്ള സമരമാണ്——സോഷ്യലിസത്തിൻെറയും സമാധാനത്തിൻെറയും ജനാധിപത്യത്തിൻെറയും ശക്തികൾ സാമ്രാജ്യത്വത്തിൻെറയും പിന്തിരിപ്പത്തത്തിൻെറയും ആക്രമണത്തിൻെറയും ശക്തികൾക്കെതിരായി നടത്തുന്ന സമരം; ആ സമരത്തിൽ സോഷ്യലിസത്തിൻെറയും സമാധാനത്തിൻെറയും ജനാധിപത്യത്തിൻെറയും ശക്തികളുടെ മേൻമ കൂടുതൽ കൂടുതൽ സ്പഷ്ടമായിക്കൊണ്ടിരിക്കുന്നു.

ചരിത്രത്തിലാദ്യമായി വമ്പിച്ച സംഘടിതശക്തികൾ യുദ്ധത്തെ എതിർക്കുന്നു; ശാസ്ത്രത്തിൻെറയും സാങ്കേതികജ്ഞാനത്തിൻെറയും നിർണായകശാഖകളിൽ ഇന്ന് ലോകത്തെ നയിക്കുന്ന മഹത്തായ സോവിയററ് യൂണിയൻ; സമാധാനം കാത്തുരക്ഷിക്കാനായി അതിൻെറ ഭൗതികവും രാഷ്ട്രീയവുമായ വമ്പിച്ച ശക്തിയാകെ അർപ്പിച്ചിരിക്കുന്ന മുഴുവൻ സോഷ്യലിസ്ററ്ചേരി; സമാധാനം സംരക്ഷിക്കുന്നതിൽ ജീവൽപ്രധാനമായ താൽപര്യമുള്ള ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാററിനമേരിക്കയിലെയും സമാധാനസ്നേഹികളായ രാജ്യങ്ങൾ; സാർവദേശീയ തൊഴിലാളിവർഗവും അവരുടെ സംഘടനകളും—സർവോപരി കമ്യൂണിസ്ററ് പാർടികൾ; കോളനികളിലെയും ആശ്രിതരാജ്യങ്ങളിലെയും ജനതകളുടെ ദേശീയവിമോചനപ്രസ്ഥാനം; ലോകസമാധാനപ്രസ്ഥാനം; സാമ്രാജ്യത്വയുദ്ധനയത്തിൽ ഒരു പങ്കും ആഗ്രഹിക്കാത്തവരും സമാധാനപരമായ സഹവർത്തിത്വത്തിനുവേണ്ടി വാദിക്കുന്നവരുമായ നിഷ്പക്ഷരാജ്യങ്ങൾ. ശക്തികളുടെ ബലാബലത്തെക്കുറിച്ചും ഒരു നവീനയുദ്ധത്തിൻെറ മാരകങ്ങളായ അനന്തരഫലങ്ങളെക്കുറിച്ചും സമചിത്തതയാർന്ന ഒരു കാഴ്ചപ്പാട് സ്വീകരിക്കുന്നു. വികസിത മുതലാളിത്തരാജ്യങ്ങളിലെ, ബൂർഷ്വാസിക്കിടയിലെ വ്യക്തമായ ഒരു വിഭാഗവും സമാധാനപരമായ സഹവർത്തിത്വമെന്ന നയത്തെ അനുകൂലിക്കുന്നു. സമാധാനത്തെ പിന്താങ്ങുന്നവരുടെ, അമേരി

ക്കൻ സാമ്രാജ്യാധിപത്യം കുത്തിയിളക്കുന്ന യുദ്ധത്തിൻെറയും ആക്രമണത്തിൻെറയും സാമ്രാജ്യത്വത്തിനെതിരായ പോരാളികളുടെ, ആകാവുന്നത്ര വിപുലമായ ഐക്യമുന്നണി സമാധാനം നിലനിർത്തുന്നതിന് ആവശ്യമത്രെ.

ജനാധിപത്യ-സമാധാനശക്തികളെ സംബന്ധിച്ചിടത്തോളം ആഗോളമായൊരു അണുവായുധ യുദ്ധവിപത്തിനെതിരായി മനുഷ്യരാശിയെ കാത്തുരക്ഷിക്കുകയെന്നതിൽ കൂടുതൽ അടിയന്തരമായൊരു കടമയില്ല. യുദ്ധവിരോധികളും സമാധാനം കാംക്ഷിക്കുന്നവരുമായ ശക്തികളുടെ പ്രധാനപ്രവർത്തനങ്ങളുടെ ലക്ഷ്യം യുദ്ധത്തെ തടയുന്നതായിരിക്കണമെന്ന് നവീനയുദ്ധോപാധികളുടെ അഭൂതപൂർവമായ വിനാശാത്മകശക്തി അനുശാസിക്കുന്നു. യുദ്ധത്തിനെതിരായ സമരം, യുദ്ധം പൊട്ടിപ്പുറപ്പെടുംവരെ നീട്ടിവയ്ക്കാനാവില്ല. എന്തെന്നാൽ, അന്നാകുമ്പോഴേക്കും, ഈ ഗോളത്തിലെ പല ദേശങ്ങളെയും അവിടങ്ങളിലെ ജനതകളെയും സംബന്ധിച്ചിടത്തോളം അതിനെ ചെറുക്കാനുള്ള സന്ദർഭം നഷ്ടപ്പെട്ടിരിക്കും. *ഒരു പുതിയ യുദ്ധത്തിൻെറ ഭീഷണിക്കെതിരായ സമരം ഇപ്പോൾ ആരംഭിക്കണം; ആററം-ഹൈഡ്രജൻ ബോംബുകൾ വീഴാൻ തുടങ്ങുന്നതുവരെ കാത്തിരിക്കാൻ വയ്യ; ദിവസം ചെല്ലുന്തോറും അത് ശക്തിയാർജിക്കുകയും വേണം. പ്രധാന സംഗതി, ആക്രമണകാരികളെ തക്കസമയത്ത് കടിഞ്ഞാണിടുക, യുദ്ധത്തെ തടയുക, യുദ്ധം പൊട്ടിപ്പുറപ്പെടാൻ അനുവദിക്കാതിരിക്കുക എന്നതാണ്.*

ഇന്ന് സമാധാനത്തിനുവേണ്ടി പോരാടുക എന്നതിൻെറ അർത്ഥം, അങ്ങേയററത്തെ ജാഗരൂകത പാലിക്കുക, സാമ്രാജ്യാധിപതികളുടെ നയത്തെ അക്ഷീണം തുറന്നുകാണിക്കുക, യുദ്ധവെറിയരുടെ തന്ത്രങ്ങളെയും കുത്തിത്തിരുപ്പുകളെയും കണ്ണിലെണ്ണയൊഴിച്ചു സൂക്ഷിക്കുക, യുദ്ധത്തിനുവേണ്ടി വെമ്പുന്നവർക്കെതിരായി ജനതകളുടെ ന്യായമായ രോഷത്തെ തട്ടിയുണർത്തുക, സമാധാനശക്തികളെ ഇനിയും കൂടുതൽ നന്നായി സംഘടിപ്പിക്കുക, സമാധാനത്തിനുവേണ്ടിയുള്ള ബഹുജനപ്രവർത്തനങ്ങളെ അനുസ്യൂതമായി തീവ്രമാക്കുക, പുതിയ യുദ്ധങ്ങളിൽ യാതൊരു താൽപര്യവുമില്ലാത്ത എല്ലാ രാജ്യങ്ങളും തമ്മിൽ സഹകരണം വളർത്തുക എന്നാണ്. സാമ്രാജ്യമേധാവികൾ സൈനികത്താവളങ്ങൾ സ്ഥാപിച്ചിട്ടുള്ള രാജ്യങ്ങളിൽ അവയില്ലാതാക്കുന്നതിനുള്ള സമരം ശക്തിപ്പെടുത്തേണ്ടതാവശ്യമാണ്. ദേശീയസ്വാതന്ത്ര്യം ഉറപ്പിക്കുകയും പരമാധികാരം പരിരക്ഷിക്കുകയും യുദ്ധത്തെ തടയുകയും ചെയ്യുന്നതിനുള്ള ഒരു പ്രധാന ഘടകമാണത്.

സ്വന്തം രാജ്യങ്ങളുടെ സൈന്യവൽക്കരണത്തിനെതിരായ സമരത്തെ, അമേരിക്കൻ സാമ്രാജ്യമേധാവികളുമായി ബന്ധപ്പെട്ട മുത

ലാളിത്ത കുത്തകകൾക്കെതിരായ സമരവുമായി സംയോജിപ്പിക്കണം. എല്ലാ രാജ്യങ്ങളിലും സമാധാനപ്രസ്ഥാനത്തെ വളർത്താനും നഗരങ്ങളിലേക്കും ഫാക്ടറികളിലേക്കും ഓഫീസുകളിലേക്കും അതിനെ വ്യാപിപ്പിക്കാനുംവേണ്ടി അവിശ്രമം പോരാടുകയെന്നത് ഇന്ന് മുമ്പത്തേക്കാൾ പ്രധാനമായിത്തീർന്നിരിക്കുന്നു.

വ്യത്യസ്ത രാഷ്ട്രീയ—മതവിശ്വാസമുള്ള, സമൂഹത്തിലെ വ്യത്യസ്ത വർഗങ്ങളിൽപ്പെട്ട, ജനങ്ങളെ, പുതിയ യുദ്ധങ്ങളെ തടയുകയും ശാശ്വതമായ സമാധാനം സുഭദ്രമാക്കുകയും ചെയ്യുക എന്ന ഉൽകൃഷ്ടാഭിലാഷത്താൽ ഏകീകൃതരായ ജനങ്ങളെ, ഉൾക്കൊള്ളുന്ന നമ്മുടെ കാലത്തെ ഏററവും വിപുലമായ പ്രസ്ഥാനമാണ് സമാധാനപ്രസ്ഥാനം.

ലോകസോഷ്യലിസ്ററ് വ്യവസ്ഥിതിയെ കൂടുതൽ ദൃഢീകരിക്കുകയെന്നത് സ്ഥായിയായ സമാധാനം സംരക്ഷിക്കുന്നതിൽ പ്രഥമപ്രാധാന്യമർഹിക്കുന്നു. നിരായുധീകരണം നടപ്പിലാക്കാതിരിക്കുന്നിടത്തോളംകാലം സോഷ്യലിസ്ററ് രാജ്യങ്ങൾ തങ്ങളുടെ പ്രതിരോധക്കഴിവ്, മതിയായ നിലവാരത്തിൽ, നിലനിർത്തണം.

കമ്യൂണിസ്ററുകാരുടെ അഭിപ്രായത്തിൽ, സമാധാനം സംരക്ഷിക്കപ്പെടണമെങ്കിൽ, ആദ്യമായും നിർവഹിക്കപ്പെടേണ്ട കടമകൾ ആയുധപ്പന്തയം നിർത്തുക, അണുവായുധങ്ങളും അവയുടെ പരീക്ഷണങ്ങളും ഉൽപാദനവും നിരോധിക്കുക, വിദേശ യുദ്ധത്താവളങ്ങൾ പൊളിക്കുക, മററു രാജ്യങ്ങളിൽനിന്ന് വിദേശസൈന്യങ്ങളെ പിൻവലിക്കുക, സൈനികബ്ലോക്കുകൾ പിരിച്ചുവിടുക, ജർമനിയുമായി സമാധാനസന്ധിഉണ്ടാക്കുക, പശ്ചിമബർലിനെ അസൈനികസ്വതന്ത്രനഗരമാക്കുക, പശ്ചിമജർമൻ പ്രതികാരദുർമോഹികളുടെ ആക്രമണലക്ഷ്യങ്ങളെ പരാജയപ്പെടുത്തുക, ജാപ്പനീസ് മിലിററിസത്തിന്റെ പുനരുജ്ജീവനം തടയുക എന്നിവയാണ്.

ഒരു പുതിയ ലോകയുദ്ധത്തെ തടയുകയെന്ന മഹത്തായ ചുമതല പ്രഥമവും പ്രധാനവുമായി സാർവദേശീയ തൊഴിലാളിവർഗത്തിന്റെ കൈയിലാണ് ചരിത്രം അർപ്പിച്ചിരിക്കുന്നത്. ഒരു അണുയുദ്ധം ആരംഭിക്കുന്നതിനുവേണ്ടി സാമ്രാജ്യാധിപതികൾ ഗൂഢാലോചന നടത്തുകയും ഒന്നിച്ചുചേരുകയും ചെയ്യുന്നു. ഒരു പുതിയ യുദ്ധത്തിന്റെ വിപത്തിൽനിന്ന് മനുഷ്യരാശിയെ രക്ഷിക്കുന്നതിനുവേണ്ടി സാർവദേശീയ തൊഴിലാളിവർഗം അതിന്റെ അണികളെ ശക്തിപ്പെടുത്തണം.

*യുദ്ധവിപത്തിനെതിരായി തൊഴിലാളിവർഗത്തിന്റെ എല്ലാ ശക്തികളെയും യോജിപ്പിക്കുന്നതിന്, രാഷ്ട്രീയവും മതപരവും മററുമായ യാതൊരു വ്യത്യാസവും തടസ്സമായിക്കൂട. ലോക തൊഴിലാളിവർഗത്തിന്റെ എല്ലാ വിഭാഗങ്ങളുടെയും സംഘടനകളുടെയും സുശക്തമായ*

*ഇച്ഛാശക്തിയും സംയുക്തപ്രവർത്തനവും കൊണ്ട് യുദ്ധത്തിൻെറ ശക്തികളെ നേരിടുന്നതിനുള്ള, ലോക യുദ്ധത്തെ തടയാനും സമാധാനത്തെ സംരക്ഷിക്കാനും വേണ്ടി അതിൻെറ എല്ലാ ശക്തികളെയും ഏകീകരിക്കുവാനുള്ള, സമയം വന്നെത്തിയിരിക്കുന്നു.*

കമ്യൂണിസ്ററ് പാർടികാം സമാധാനത്തിനുവേണ്ടിയുള്ള സമരത്തെ തങ്ങളുടെ സർവപ്രധാനകടമയായി കരുതുന്നു. സാമ്രാജ്യ മേധാവികളുടെ എല്ലാ ആക്രമണനടപടികളെയും ബഹുജനസമരങ്ങാംവഴി ഉറച്ചെതിർക്കാൻ തൊഴിലാളിവർഗത്തോടും ട്രേഡ് യൂണിയനുകളോടും, സഹകരണസംഘടനകളോടും, മഹിളാ–യുവജന ലീഗുകളോടും സംഘടനകളോടും അധ്വാനിക്കുന്ന എല്ലാ ജനവിഭാഗങ്ങളോടും—അവരുടെ രാഷ്ട്രീയവും മതപരവുമായ വിശ്വാസങ്ങളെന്തുമാവട്ടെ—അവർ ആഹ്വാനംചെയ്യുന്നു.

എന്നാൽ സാമ്രാജ്യത്വയുദ്ധഭ്രാന്തൻമാർ യുദ്ധമാരംഭിക്കുകയാണെങ്കിൽ ജനതകാം മുതലാളിത്തത്തെ തൂത്തെറിയുകയും കുഴിച്ചുമൂടുകയും ചെയ്യും.

സോഷ്യലിസ്ററ്രാജ്യങ്ങളുടെ വിദേശനയം സോഷ്യലിസ്ററ്രാജ്യങ്ങളും മുതലാളിത്തരാജ്യങ്ങളും തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വവും സാമ്പത്തികമത്സരവും എന്ന ലെനിനിസ്ററ് തത്വത്തിൻെറ ഉറച്ച അടിത്തറയിൻമേലാണ് നില കൊള്ളുന്നത്. സമാധാനത്തിൻെറ സാഹചര്യങ്ങളിൽ സോഷ്യലിസ്ററ് വ്യവസ്ഥ സമ്പദ്‌വ്യവസ്ഥയുടേതും സംസ്കാരത്തിൻേറതും ശാസ്ത്രത്തിൻേറതും സാങ്കേതികജ്ഞാനത്തിൻേറതുമായ എല്ലാ രംഗങ്ങളിലും മുതലാളിത്തവ്യവസ്ഥയേക്കാം മെച്ചപ്പെട്ടതാണെന്ന് കൂടുതൽ കൂടുതൽ തെളിയിച്ചുകൊണ്ടിരിക്കുന്നു. ആസന്നഭാവി സമാധാനത്തിൻെറയും സോഷ്യലിസത്തിൻെറയും ശക്തികാംക്ക് പുതിയ വിജയങ്ങാം പ്രദാനം ചെയ്യും. സോവിയററ്‌യൂണിയനാകും ലോകത്തിലെ പ്രമുഖ വ്യാവസായികശക്തി. ചൈന ഒരു വൻ വ്യാവസായിക രാഷ്ട്രമായിത്തീരും. സോഷ്യലിസ്ററ്‌വ്യവസ്ഥ ലോക വ്യാവസായികോൽപാദനത്തിൻെറ പകുതിയിലേറെ ഉൽപാദിപ്പിക്കാൻ തുടങ്ങും. സമാധാനമേഖല വികസിക്കും. മുതലാളിത്തരാജ്യങ്ങളിലെ തൊഴിലാളിവർഗവും കോളനികളിലെയും ആശ്രിതരാജ്യങ്ങളിലെയും ദേശീയ വിമോചനപ്രസ്ഥാനവും പുതിയ വിജയങ്ങാം നേടും. കൊളോണിയൽവ്യവസ്ഥയുടെ തകർച്ച പൂർണമാകും. സോഷ്യലിസത്തിൻെറയും സമാധാനത്തിൻെറയും ശക്തികളുടെ മേൻമ കേവലമാകും. ഈ സാഹചര്യങ്ങളിൽ, സോഷ്യലിസം ലോകത്തിൽ പരിപൂർണവിജയം നേടുംമുമ്പെതന്നെ, ലോകത്തിൻെറ ഒരു ഭാഗത്ത് മുതലാളിത്തം നിലനിൽക്കുമ്പോാംതന്നെ, സമൂഹത്തിൻെറ ജീവിതത്തിൽനിന്ന് യുദ്ധത്തെ ഒഴിവാക്കാ

നുള്ള യഥാർഥസാധ്യത ഉളവാകും. ലോകമെങ്ങുമുള്ള സോഷ്യലിസത്തിന്റെ വിജയം എല്ലാ യുദ്ധങ്ങളുടെയും സാമൂഹ്യവും ദേശീയവുമായ കാരണങ്ങളെ പരിപൂർണമായും ഉച്ചാടനം ചെയ്യും.

ലോകത്തിലെ എല്ലാ കമ്യൂണിസ്ററുകാരും ഏകകണ്ഠമായും പതറിച്ചയില്ലാതെയും സമാധാനപരമായ സഹവർത്തിത്വത്തെ ഉയർത്തിപ്പിടിക്കുകയും യുദ്ധത്തെ തടയുന്നതിനുവേണ്ടി ഉറച്ചുപോരാടുകയും ചെയ്യുന്നു. ഒരു പുതിയ ലോകയുദ്ധത്തെ തടയുന്നതിനുള്ള സാധ്യതയെ കുറച്ചുകാണുന്നതിനെയും അതേസമയംതന്നെ യുദ്ധവിപത്തിനെ കുറച്ചുകാണുന്നതിനെയും തടയാൻ കമ്യൂണിസ്ററുകാർ ബഹുജനങ്ങൾക്കിടയിൽ അവിശ്രമം പരിശ്രമിക്കണം.

രണ്ടു വ്യവസ്ഥകളായി വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു ലോകത്തിൽ സാർവദേശീയബന്ധങ്ങളുടെ ശരിയും യുക്തിയുക്തവുമായ ഏകതത്വം, ലെനിൻ ഉന്നയിച്ചതും 1957 ലെ മോസ്കൊപ്രഖ്യാപനത്തിലും സമാധാനവിജ്ഞാപനത്തിലും, സി പി എസ് യുവിന്റെ 20 ഉം 21 ഉം കോൺഗ്രസുകളുടെ തീരുമാനങ്ങളിലും, മററ് കമ്യൂണിസ്ററ്-വർക്കേഴ്സ് പാർടികളുടെ രേഖകളിലും, കൂടുതൽ വിശദീകരിക്കപ്പെട്ടതുമായ, വ്യത്യസ്ത സാമൂഹ്യവ്യവസ്ഥകളുള്ള രാഷ്ട്രങ്ങൾ തമ്മിൽ സമാധാനപൂർവമായ സഹവർത്തിത്വമെന്ന തത്വമത്രെ.

ചൈനാ ജനകീയറിപ്പബ്ലിക്കും ഇന്ത്യാറിപ്പബ്ലിക്കും കൂട്ടായി ഉന്നയിച്ച പഞ്ചശീലതത്വങ്ങളും, ബന്ദൂങ്സമ്മേളനത്തിൽ അംഗീകരിക്കപ്പെട്ട പ്രമാണങ്ങളും സമാധാനത്തിന്റെയും സമാധാനകാംക്ഷികളായ ജനങ്ങളുടെയും താൽപര്യങ്ങൾക്കനുഗുണമാണ്.

ഒന്നുകിൽ വ്യത്യസ്ത വ്യവസ്ഥകളുള്ള രാജ്യങ്ങൾ തമ്മിൽ സമാധാനപരമായ സഹവർത്തിത്വം, അല്ലെങ്കിൽ വിനാശാത്മകമായ യുദ്ധം—ഇതാണിന്നത്തെ ഇരു മാർഗങ്ങൾ, മറെറാരു മാർഗമില്ല. 'ശീതയുദ്ധ'ത്തിന്റേതും യുദ്ധപ്രകോപനങ്ങളുടേതുമായ അമേരിക്കൻസിദ്ധാന്തത്തെ കമ്യൂണിസ്ററുകാർ ശക്തിയായി നിരസിക്കുന്നു. എന്തുകൊണ്ടെന്നാൽ, അണുവായുധപ്രയോഗ വിപത്തിലേക്ക് നയിക്കുന്നൊരു നയമാണത്. സമാധാനപരമായ സഹവർത്തിത്വത്തെ ഉയർത്തിപ്പിടിക്കുന്ന സമയത്ത് കമ്യൂണിസ്ററുകാർ ശീതയുദ്ധത്തിന് പൂർണമായ വിരാമമിടുന്നതിനും സൈനികബ്ലോക്കുകൾ പിരിച്ചുവിടുന്നതിനും സൈനികതാവളങ്ങളില്ലാതാക്കുന്നതിനും സാർവദേശീയ നിയന്ത്രണത്തിൻകീഴിലുള്ള സാമാന്യവും പൂർണവുമായ നിരായുധീകരണത്തിനും കൂടിയാലോചനകളിലൂടെ സാർവദേശീയതർക്കങ്ങൾ ഒത്തുതീർക്കുന്നതിനും രാഷ്ട്രങ്ങളുടെ സമത്വാവകാശത്തെയും ഭൂപരമായ അപരിച്ഛിന്നതയെയും സ്വാതന്ത്ര്യത്തെയും പരമാധികാരത്തെയും ആദരിക്കുന്നതിനും മററുള്ളവരുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കലിനും രാഷ്ട്രങ്ങൾ തമ്മിൽ വ്യാപാരവും സാംസ്കാരിക-ശാസ്ത്രീയബന്ധങ്ങളും വ്യാപകമായി വികസിപ്പിക്കുന്നതിനുംവേണ്ടി പോരാടുന്നു.

ക്രൂരങ്ങളായ പുതിയ യുദ്ധങ്ങൾ അഭിലഷിക്കാത്തവരും ശാശ്വതസമാധാനം ആഗ്രഹിക്കുന്നവരുമായ മുഴുവൻജനങ്ങളുടെയും മൗലികതാൽപര്യങ്ങളെ സമാധാനപരമായ സഹവർത്തിത്വത്തിന്റെ നയം സംരക്ഷിക്കുന്നു. ഈ നയം സോഷ്യലിസത്തിന്റെ നിലയെ ശക്തിപ്പെടുത്തുന്നു; സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സാർവദേശീയസ്വാധീനത്തെയും അന്തസ്സിനെയും വർധിപ്പിക്കുന്നു. മുതലാളിത്തരാജ്യങ്ങളിലെ കമ്യൂണിസ്റ്റ് പാർടികളുടെ അന്തസ്സിനെയും സ്വാധീനത്തെയും ഉയർത്തുന്നു. സോഷ്യലിസത്തിന്റെ കൂറുള്ള ബന്ധുവാണ് സമാധാനം. എന്തുകൊണ്ടെന്നാൽ, കാലം സോഷ്യലിസത്തിനനുകൂലമായും മുതലാളിത്തത്തിന്നെതിരായുമാണ് പ്രവർത്തിക്കുന്നത്.

സമാധാനപരമായ സഹവർത്തിത്വത്തിന്റെ നയം, ബഹുജനങ്ങളെ അണിനിരത്തുന്നതും സമാധാനശത്രുക്കൾക്കെതിരായി ഊർജസ്വലസമരങ്ങൾ അഴിച്ചുവിടുന്നതുമായ ഒരു നയമാണ്. നിരുത്തരവാദികൾ അവകാശപ്പെടുന്നതുപോലെ, രാഷ്ട്രങ്ങളുടെ സമാധാനപരമായ സഹവർത്തിത്വം വർഗസമരത്തിന്റെ നിഷേധമല്ല. വ്യത്യസ്ത സാമൂഹ്യക്രമങ്ങളോടുകൂടിയ രാഷ്ട്രങ്ങൾ തമ്മിലുള്ള സഹവർത്തിത്വം മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള വർഗസമരത്തിന്റെ ഒരു രൂപമാണ്, സമാധാനപരമായ സഹവർത്തിത്വത്തിന്റെ സാഹചര്യങ്ങളിൽ, മുതലാളിത്തരാജ്യങ്ങളിൽ വർഗസമരത്തിന്റെ വികാസത്തിനും കോളനികളിലും ആശ്രിതരാജ്യങ്ങളിലും ജനങ്ങളുടെ ദേശീയവിമോചനപ്രസ്ഥാനത്തിന്റെ വികാസത്തിനും അനുകൂലമായ അവസരങ്ങൾ ലഭിക്കുന്നു. അതുപോലെതന്നെ വിപ്ലവകരമായ വർഗസമരത്തിന്റെയും ദേശീയ വിമോചനസമരത്തിന്റെയും വിജയങ്ങൾ സമാധാനപരമായ സഹവർത്തിത്വത്തെയും ശക്തിപ്പെടുത്തുന്നു. സമാധാനപരമായ സഹവർത്തിത്വത്തിൽ ജനങ്ങൾക്കുള്ള വിശ്വാസത്തെയും, ലോകയുദ്ധത്തെ തടയുവാനുള്ള അവരുടെ ദൃഢനിശ്ചയത്തെയും കൂടുതൽ ഉറപ്പിക്കേണ്ടത് തങ്ങളുടെ കടമയാണെന്ന് കമ്യൂണിസ്റ്റുകാർ കരുതുന്നു. സമാധാനത്തിനും ജനാധിപത്യത്തിനും ദേശീയവിമോചനത്തിനും വേണ്ടിയുള്ള ഊർജസ്വലസമരത്തിലൂടെ സാമ്രാജ്യത്വത്തെ ക്ഷീണിപ്പിക്കുവാനും അതിന്റെ പ്രവർത്തനപരിധി പരിമിതപ്പെടുത്തുവാനും കമ്യൂണിസ്റ്റുകാർ പരമാവധി പ്രവർത്തിക്കുകതന്നെ ചെയ്യും.

വ്യത്യസ്ത സാമൂഹ്യവ്യവസ്ഥിതികളോടുകൂടിയ രാജ്യങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വമെന്നാൽ, സോഷ്യലിസ്റ്റ് ആശയസംഹിതയും മുതലാളിത്താശയസംഹിതയും തമ്മിലുള്ള അനുരഞ്ജനമെന്നർഥമാകുന്നില്ല. നേരെമറിച്ച്, സോഷ്യലിസ്റ്റ് ആശയസംഹിതയുടെ വിജയത്തിനുവേണ്ടിയുള്ള തൊഴിലാ

ളിവർഗത്തിൻെറയും കമ്യൂണിസ്ററ് പാർടികളുടെയും സമരം തീക്ഷ്ണമാക്കുകയെന്നാണ് വിവക്ഷ. എന്നാൽ രാഷ്ട്രങ്ങൾ തമ്മിലുള്ള ആശയപരവും രാഷ്ട്രീയവുമായ തർക്കങ്ങൾ യുദ്ധംമൂലമല്ല പരിഹരിക്കേണ്ടത്.

പൂർണമായ പൊതു നിരായുധീകരണത്തിനുവേണ്ടി സോവിയററ് യൂണിയൻ മുന്നോട്ടുവെച്ചിട്ടുള്ള പരിപാടി നടപ്പിലാക്കുകയെന്നത്, മനുഷ്യസമൂഹത്തിൻെറ ഭാഗധേയം നിർണയിക്കുന്നതിൽ ചരിത്രപ്രാധാന്യമുള്ളതാണെന്ന് സമ്മേളനം കരുതുന്നു.

ഈ പരിപാടി നടപ്പിലാക്കുകയെന്നതിനർഥം, രാജ്യങ്ങൾതമ്മിൽ യുദ്ധംചെയ്യുന്നതിനുള്ള സാധ്യതയെത്തന്നെ ഇല്ലാതാക്കുകയെന്നാണ്. സാമ്രാജ്യാധിപതികൾ മർക്കടമുഷ്ടിയോടെ ചെറുക്കുന്നതുനിമിത്തം, ഇത് സാധിക്കുക അത്ര എളുപ്പമല്ല. അതുകൊണ്ട്, ഈ പരിപാടി പ്രയോഗത്തിൽ വരുത്തുക എന്ന ലക്ഷ്യത്തോടുകൂടി, ആക്രമണോത്സുകരായ സാമ്രാജ്യശക്തികൾക്കെതിരായി ഊർജസ്വലവും നിർണായകവുമായ സമരം നടത്തേണ്ടതത്യാവശ്യമാണ്. വർധമാനമായ തോതിൽ ഈ സമരം നടത്തുകയും വ്യക്തമായ ഫലങ്ങൾ നേടുവാൻ വേണ്ടി അക്ഷീണം യത്നിക്കുകയും ചെയ്യേണ്ടത് വളരെ ആവശ്യമാണ്—അതായത്, അണുവായുധങ്ങളുടെ പരീക്ഷണവും നിർമാണവും നിരോധിക്കുന്നതിനുവേണ്ടി, പട്ടാളക്കൂട്ടുകെട്ടുകളും വിദേശരാജ്യങ്ങളിലെ പട്ടാളത്താവളങ്ങളും ഇല്ലാതാക്കുന്നതിനുവേണ്ടി, സൈന്യങ്ങളും ആയുധങ്ങളും ഗണ്യമായി കുറവുചെയ്യുന്നതിനുവേണ്ടി, അക്ഷീണം സമരംചെയ്യണം—ഇവയെല്ലാം പൊതുനിരായുധീകരണത്തിനുള്ള മാർഗം തുറക്കുന്നതാണ്. സോഷ്യലിസ്ററ്രാജ്യങ്ങളുടെയും സമാധാനം കാംക്ഷിക്കുന്ന മററു രാജ്യങ്ങളുടെയും ലോകതൊഴിലാളിവർഗത്തിൻെറയും, എല്ലാ രാജ്യങ്ങളിലെയും വിപുലമായ ജനസഞ്ചയങ്ങളുടെയും ഊർജസ്വലവും ദൃഢനിശ്ചയത്തോടുകൂടിയതുമായ സമരത്തിലൂടെ ആക്രമണവൃത്തങ്ങളെ ഒററപ്പെടുത്തുവാനും, ആയുധപ്പന്തയത്തെയും യുദ്ധസജ്ജീകരണങ്ങളെയും പരാജയപ്പെടുത്തുവാനും പൊതുനിരായുധീകരണത്തിനുവേണ്ടിയുള്ള ഒരു കരാറിലൊപ്പുവയ്ക്കാൻ സാമ്രാജ്യമേധാവികളെ നിർബന്ധിക്കുവാനും കഴിയുന്നതാണ്.

ആയുധമത്സരംവഴി ഒരു യുദ്ധത്തെ തടയാനാവില്ല; ജനങ്ങൾക്ക് വലിയ തോതിൽ തൊഴിൽസൗകര്യങ്ങൾ നൽകുന്നതിനോ ജീവിതസൗകര്യങ്ങൾ പ്രദാനംചെയ്യുന്നതിനോ അത് സഹായകവുമല്ല. അത് യുദ്ധത്തിലേക്കാണ് നയിക്കുക. ഒരുപിടി കുത്തകക്കാർക്കും യുദ്ധത്തിൻമേൽ ഊഹക്കച്ചവടം നടത്തുന്നവർക്കും മാത്രമേ ആയുധപ്പന്തയത്തിൽ താൽപര്യമുള്ളൂ. യുദ്ധാവശ്യങ്ങൾക്കുവേണ്ടിയുള്ള ചെലവ് കുറക്കണമെന്നും, അങ്ങനെ ലഭിക്കുന്ന പണം ബഹുജനങ്ങളുടെ ജീവിതനില മെച്ചപ്പെടുത്തുവാൻവേണ്ടി ഉപയോഗപ്പെടുത്തണമെന്നും മുതലാളിത്തരാജ്യങ്ങളിലെ ജനങ്ങൾ ആവശ്യപ്പെടുന്നുണ്ട്.

ഓരോ രാജ്യത്തിലും നിരായുധീകരണംമൂലം വിട്ടുകിട്ടുന്ന പണവും വിഭവങ്ങളും ജനങ്ങളുടെ ജീവിതാവശ്യങ്ങൾ നിറവേററാനുള്ള ഉൽപാദനത്തിനും, ഗൃഹനിർമാണം, ആരോഗ്യം, പൊതുവിദ്യാഭ്യാസം, സാമൂഹ്യരക്ഷ, ശാസ്ത്രീയഗവേഷണം തുടങ്ങിയവക്കും വേണ്ടി ഉപയോഗപ്പെടുത്തുന്നതിന് വിശാലമായ ഒരു ബഹുജനപ്രസ്ഥാനം ഉയർത്തിക്കൊണ്ടുവരേണ്ടതാവശ്യമാണ്. നിരായുധീകരണം, ബഹുജനങ്ങളുടെ ഒരു സമരമുദ്രാവാക്യമായിത്തീർന്നിട്ടുണ്ട്; അത് ചരിത്രപരമായ ഒരു അടിയന്തരാവശ്യമായിത്തീർന്നിട്ടുണ്ട്. സജീവവും ദൃഢനിശ്ചയത്തോടുകൂടിയതുമായ ഒരു സമരത്തിലൂടെ, ജനങ്ങളുടെ ഈ ആവശ്യം അംഗീകരിക്കുവാൻ സാമ്രാജ്യാധിപതികളെ നിർബന്ധിക്കുകതന്നെ വേണം.

സോഷ്യലിസ്ററ്രാജ്യങ്ങളിലെ കമ്യൂണിസ്ററ്-വർക്കേഴ്സ് പാർടികൾ, വ്യത്യസ്ത സാമൂഹ്യവ്യവസ്ഥകളോടുകൂടിയ രാജ്യങ്ങളുടെ സമാധാനപരമായ സഹവർത്തിത്വത്തിന്റെ നയം സ്ഥിരമായി തുടരുകയും, ഒരു പുതിയ യുദ്ധത്തിന്റെ ഭീകരതകളിലും ദുരിതങ്ങളിലുംനിന്ന് ജനങ്ങളെ ഒഴിവാക്കാൻവേണ്ടി പരമാവധി പരിശ്രമിക്കുകയും ചെയ്യുന്നതാണ്; അവർ സാമ്രാജ്യത്വത്തിന്നെതിരെ അങ്ങേയററത്തെ ജാഗ്രത പുലർത്തുകയും, മുഴുവൻ സോഷ്യലിസ്ററ്ചേരിയുടെയും, ശക്തിയും പ്രതിരോധക്ഷമതയും ഊർജസ്വലമായി വളർത്തുകയും, ജനതകളുടെ സുരക്ഷിതത്വം കാത്തുസൂക്ഷിക്കുന്നതിനും സമാധാനം സംരക്ഷിക്കുന്നതിനുംവേണ്ടി എല്ലാ നടപടികളും കൈക്കൊള്ളുകയും ചെയ്യുന്നതാണ്.

*ദാരിദ്ര്യവും ചൂഷണവും അവസാനിപ്പിക്കുകയും, മനുഷ്യരാശിയുടെ ജീവിതത്തിൽനിന്ന് ഏതുതരത്തിലുള്ള യുദ്ധത്തിന്റെയും സാധ്യതയെ എന്നന്നേക്കുമായി തുടച്ചുനീക്കുകയും ചെയ്യുകയെന്നത് മാത്രമല്ല, ഒരു പുതിയ ലോകത്തെ സംബന്ധിച്ച ഇന്നത്തെ പേടിസ്വപ്നത്തിൽനിന്ന് മാനവസമൂഹത്തെ മോചിപ്പിക്കുകകൂടി ചെയ്യുക എന്നത് തങ്ങളുടെ ചരിത്രപരമായ ദൗത്യമായി കമ്യൂണിസ്ററുകാർ കരുതുന്നു. മഹത്തായ ഈ ദൗത്യം നിറവേററുന്നതിനുവേണ്ടി തങ്ങളുടെ മുഴുവൻശക്തിയും ഓജസ്സും കമ്യൂണിസ്ററ്പാർടികൾ ഉഴിഞ്ഞുവെക്കും.*

## ദേശീയ വിമോചനപ്രസ്ഥാനത്തിൻെറ വിജയങ്ങൾ

ലോകത്തിൻെറ വിപുലമായ പ്രദേശങ്ങളിൽ ദേശീയ വിമോചന വിപ്ലവങ്ങരം വിജയം വരിച്ചിരിക്കുന്നു. യുദ്ധത്തിനുശേഷമുള്ള പതിനഞ്ചുകൊല്ലത്തിനുള്ളിൽ, ഏഷ്യയിലും ആഫ്രിക്കയിലുമായി പരമാധികാരമുള്ള നാൽപതോളം പുതിയ രാജ്യങ്ങരം ഉദയംചെയ്തിട്ടുണ്ട്. പരിപൂർണ്ണ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ലാററിൻ അമേരിക്കൻ ജനതയുടെ സമരത്തിന് ക്യൂബൻവിപ്ലവത്തിൻെറ വിജയം ശക്തിമത്തായ ഉത്തേജനം നൽകിയിരിക്കുന്നു. മനുഷ്യസമൂഹത്തിൻെറ ജീവിതത്തിൽ, ഒരു പുതിയ ചരിത്രകാലഘട്ടം ആരംഭിച്ചിരിക്കുകയാണ്. ഏഷ്യ, ആഫ്രിക്ക, ലാററിൻ അമേരിക്ക എന്നിവിടങ്ങളിലെ സ്വാതന്ത്ര്യം നേടിയ ജനതകരം ലോകരാഷ്ട്രീയത്തിൽ സജീവമായ പങ്ക് വഹിക്കാൻ തുടങ്ങിയിരിക്കുന്നു.

കൊളോണിയലിസത്തിൻെറ പൂർണ്ണമായ തകർച്ച ആസന്നമാണ്. ദേശീയവിമോചന പ്രസ്ഥാനത്തിൻെറ ആഘാതമേററ് കൊളോണിയൽ അടിമത്തവ്യവസ്ഥക്കുണ്ടായിട്ടുള്ള തകർച്ച, ലോകസോഷ്യലിസ്ററ് വ്യവസ്ഥയുടെ രൂപീകരണത്തെ കഴിച്ചാൽ പിന്നെ രണ്ടാമതായി ഏററവും ചരിത്രപ്രാധാന്യമുള്ള ഒരു സംഭവവികാസമാണ്.

മഹത്തായ ഒക്ടോബർ സോഷ്യലിസ്ററ് വിപ്ലവം കിഴക്കൻരാജ്യങ്ങളെ തട്ടിയുണർത്തുകയും കൊളോണിയൽജനതകളെ ലോകവ്യാപകമായ വിപ്ളവപ്രസ്ഥാനത്തിൻെറ പൊതുപ്രവാഹത്തിലേക്ക് ആനയിക്കുകയും ചെയ്തു. രണ്ടാം ലോകമഹായുദ്ധത്തിൽ സോവിയററ് യൂണിയന് വിജയമുണ്ടായതും, യൂറോപ്പിലെയും, ഏഷ്യയിലെയും ഏതാനും രാജ്യങ്ങളിൽ ജനകീയ ജനാധിപത്യം സ്ഥാപിതമായതും, ചൈനയിൽ സോഷ്യലിസ്ററ്വിപ്ലവം വിജയിച്ചതും, ലോകസോഷ്യലിസ്ററ് വ്യവസ്ഥയുടെ രൂപീകരണവും ഈ സംഭവവികാസത്തെ വളരെയേറെ സഹായിച്ചു. സാമ്രാജ്യത്വമർദനത്തിൽനിന്ന് മോചനം നേടാനുള്ള കൊളോണിയൽ—ആശ്രിതരാജ്യങ്ങളിലെ ജനങ്ങളുടെ സമരത്തിന് ലോകസോഷ്യലി

സത്തിന്റെ ശക്തികഠം നിർണായകസംഭാവന നൽകി. സ്വാതന്ത്ര്യം നേടിയ ജനതകളുടെ സ്വതന്ത്രമായ ദേശീയവികസനത്തിന് സോഷ്യലിസ്ററ് വ്യവസ്ഥ വിശ്വസ്തമായ ഒരു കവചമാണ്. ദേശീയവിമോചന പ്രസ്ഥാനത്തിന് ലോകതൊഴിലാളിവർഗപ്രസ്ഥാനത്തിൽനിന്ന് ശക്തമായ പിന്തുണ ലഭിക്കുന്നുണ്ട്.

ഏഷ്യയുടെ മുഖച്ഛായക്ക് സമൂലമായ മാററം ഉണ്ടായിട്ടുണ്ട്. ആഫ്രിക്കയിൽ കൊളോണിയൽവ്യവസ്ഥ തകരുകയാണ്. ലാററിൻ അമേരിക്കയിൽ സാമ്രാജ്യത്വത്തിന്നെതിരായ ഊർജസ്വലമായ ഒരു സമരനിര തുറക്കപ്പെട്ടിരിക്കയാണ്. സാമ്രാജ്യത്വവുമായുള്ള ഉഗ്രസമരത്തിലൂടെ ഏഷ്യയിലെയും ആഫ്രിക്കയിലെയും ലോകത്തിലെ മററു ഭാഗങ്ങളിലെയും ജനകോടികഠം സ്വാതന്ത്ര്യം നേടിക്കഴിഞ്ഞു. കമ്യൂണിസ്ററുകാർ ദേശീയ വിമോചനയുദ്ധങ്ങളുടെ പുരോഗമനപരവും വിപ്ലവപരവുമായ പ്രാധാന്യം എല്ലായ്പോഴും അംഗീകരിച്ചിട്ടുണ്ട്; അവരാണ് ദേശീയസ്വാതന്ത്ര്യത്തിന്റെ ഏററവും സജീവരായ വക്താക്കഠം. ലോകസോഷ്യലിസ്ററ് വ്യവസ്ഥയുടെ നിലനിൽപും സാമ്രാജ്യത്വത്തിന്റെ നില ദുർബലമായതും മർദിതജനവിഭാഗങ്ങഠംക്ക് സ്വാതന്ത്ര്യം നേടാനുള്ള പുതിയ അവസരങ്ങഠം നൽകിയിരിക്കുന്നു.

കൊളോണിയൽരാജ്യങ്ങളിലെ ജനങ്ങഠം സ്വാതന്ത്ര്യം നേടുന്നത് അതതു രാജ്യത്തെ പ്രത്യേക സാഹചര്യമനുസരിച്ച് സായുധസമരത്തിലൂടെയോ സൈനികേതരമാർഗങ്ങളിലൂടെയോ ആണ്. ശക്തമായ ഒരു ദേശീയവിമോചനപ്രസ്ഥാനത്തിലൂടെ മാത്രമേ അവ സ്ഥായിയായ വിജയം നേടുന്നുള്ളു. കൊളോണിയൽശക്തികഠം ഒരിക്കലും സ്വമനസാ കൊളോണിയൽജനതകഠംക്ക് സ്വാതന്ത്ര്യം നൽകുകയും അവർ ചൂഷണംചെയ്യുന്ന രാജ്യങ്ങളിൽനിന്ന് വിട്ടുപോകുകയുമില്ല.

കൊളോണിയലിസത്തെ ഇന്ന് താങ്ങിനിർത്തുന്നത് പ്രധാനമായും അമേരിക്കയാണ്. അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വശക്തികഠം, മുൻകോളനികളിലെ ജനങ്ങളുടെ മേലുള്ള ചൂഷണം പുതിയ സമ്പ്രദായങ്ങളിലും രൂപങ്ങളിലും തുടരുന്നതിനുവേണ്ടി വെറളിപിടിച്ച ശ്രമങ്ങഠം നടത്തിവരികയാണ്. ഏഷ്യൻ–ആഫ്രിക്കൻ–ലാററിനമേരിക്കൻ രാജ്യങ്ങളിൽ തങ്ങളുടെ സാമ്പത്തികനിയന്ത്രണവും രാഷ്ട്രീയസ്വാധീനവും നിലനിർത്തുന്നതിനുവേണ്ടി കുത്തകമുതലാളികഠം പരിശ്രമിക്കുന്നു. സ്വാതന്ത്ര്യം നേടിയിട്ടുള്ള രാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥകളിലുള്ള തങ്ങളുടെ നില സംരക്ഷിക്കുകയും, സാമ്പത്തിക 'സഹായ'ത്തിന്റെ മറയിൽനിന്നുകൊണ്ട് പുതിയ സ്ഥാനങ്ങഠം നേടുകയും, ആ രാജ്യങ്ങളെ പട്ടാളക്കൂട്ടുകെട്ടുകളിലേക്ക് വലിച്ചിഴക്കുകയും അവിടങ്ങളിൽ പട്ടാളസർവാധിപത്യങ്ങഠം സ്ഥാപിക്കുകയും യുദ്ധത്താവളങ്ങഠം ഏർപ്പെടുത്തുകയുമാണ് ഈ പരിശ്രമങ്ങളുടെ ലക്ഷ്യം. പുതുതായി

സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളുടെ ദേശീയപരമാധികാരത്തെ ക്ഷീണിപ്പിക്കുവാനും തുരങ്കംവെക്കുവാനും, രാഷ്ട്രങ്ങളുടെ സ്വയം നിർണയാവകാശത്തെ വികൃതപ്പെടുത്തുവാനും, 'പരസ്പരാശ്രയ' മെന്ന വഞ്ചനാപരമായ മുദ്രാവാക്യത്തിൻ കീഴിൽ പുതിയ രൂപത്തിലുള്ള കൊളോണിയലാധിപത്യം കെട്ടിവെക്കുവാനും ഈ രാജ്യങ്ങളിൽ സ്വന്തംപാവകളെ അധികാരത്തിലേക്കുയർത്തുവാനും ബൂർഷ്വാസിയിലൊരു വിഭാഗത്തെ വാടകയ്ക്ക് എടുക്കുവാനും സാമ്രാജ്യത്വശക്തികൾ പരിശ്രമിക്കുന്നു. വേണ്ടത്ര ശക്തിയാർജിച്ചിട്ടില്ലാത്ത പുതിയ രാഷ്ട്രങ്ങളെ ക്ഷീണിപ്പിക്കാൻ അവർ ദേശീയഭിന്നതകളുടെ വിഷലിപ്തമായ ആയുധങ്ങളുപയോഗപ്പെടുത്തുന്നു. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ ആക്രമണപരമായ സൈനികബ്ലോക്കുകളെയും ഓരോ രാജ്യവുമായി പ്രത്യേകം ഉണ്ടാക്കുന്ന ആക്രമണപരമായ പട്ടാളക്കൂട്ടുകെട്ടുകളെയും അവർ നല്ലപോലെ ഉപയോഗപ്പെടുത്തുന്നു. പ്രാദേശിക ചൂഷകവർഗങ്ങളിലെ ഏററവും പിന്തിരിപ്പൻ വിഭാഗങ്ങളാണ് ഇക്കാര്യത്തിൽ സാമ്രാജ്യമേധാവികളുടെ ചട്ടുകങ്ങളായി പ്രവർത്തിക്കുന്നത്.

എല്ലാ ദേശാഭിമാനശക്തികളെയും യോജിപ്പിച്ചുകൊണ്ടുള്ള ഒരൊററ ദേശീയ ജനാധിപത്യമുന്നണിയിലൂടെ സാമ്രാജ്യത്വത്തിനും നാടുവാഴിത്താവശിഷ്ടങ്ങൾക്കും എതിരായ ഉറച്ച സമരം നടത്തിയിട്ടുമാത്രമേ കൊളോണിയൽനുകം വലിച്ചെറിഞ്ഞ രാജ്യങ്ങൾക്ക് അവയെ അഭിമുഖീകരിക്കുന്ന ദേശീയ പുനർജൻമത്തിൻെറ അടിയന്തരകടമകൾ ഫലപ്രദമായി നിറവേററാൻ കഴിയുകയുള്ളു. സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളിലെ പുരോഗമനശക്തികളെ യോജിപ്പിക്കുന്നതും യോജിപ്പിക്കുവാൻ കഴിയുന്നതും താഴെ പറയുന്ന ദേശീയ ജനാധിപത്യകടമകളുടെ അടിസ്ഥാനത്തിലാണ്: രാഷ്ട്രീയസ്വാതന്ത്ര്യത്തെ ഉറപ്പിക്കുക; കൃഷിക്കാരുടെ താൽപര്യത്തിനൊത്തവിധം കാർഷികപരിഷ്കാരം നടപ്പിലാക്കുക; നാടുവാഴിത്താവശിഷ്ടങ്ങളെ തുടച്ചുനീക്കുക; സാമ്രാജ്യത്വസാമ്പത്തികമേധാവിത്വത്തെ പിഴുതെറിയുക; വിദേശകുത്തകകളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തുകയും അവയെ ദേശീയ സമ്പദ്വ്യവസ്ഥയിൽനിന്ന് പുറംതള്ളുകയും ചെയ്യുക; ജീവിതനിലവാരം ഉയർത്തുക; സാമൂഹ്യജീവിതത്തെ ജനാധിപത്യവൽക്കരിക്കുക; സ്വതന്ത്രവും സമാധാനപരവുമായ ഒരു വിദേശനയം അനുവർത്തിക്കുക; സോഷ്യലിസ്ററ് രാജ്യങ്ങളും മററ് സുഹൃദ്‌രാജ്യങ്ങളുമായുള്ള സാമ്പത്തിക—സാംസ്കാരിക സഹകരണം വികസിപ്പിക്കുക.

ദേശീയ വിമോചനസമരത്തിൽ പ്രധാനപ്പെട്ടൊരു പങ്ക് വഹിച്ചിട്ടുള്ള തൊഴിലാളിവർഗം ദേശീയ—സാമ്രാജ്യത്വവിരുദ്ധ—ജനാധിപത്യ വിപ്ലവത്തിൻെറ കടമകൾ പൂർണമായും നീക്കുപോക്കില്ലാതെയും നിർവഹിക്കണമെന്ന് ആവശ്യപ്പെടുകയും സാമൂഹ്യപുരോ

ഗതിയെ തടഞ്ഞുനിർത്താ ന പിന്തിരിപ്പൻശ്രമങ്ങളെ ചെറുക്കുകയും ചെയ്യുന്നു.

ജനസംഖ്യയിൽ ബഹുഭൂരിപക്ഷത്തിൻെറ താൽപര്യങ്ങളെ നേരിട്ട്. ബാധിക്കുന്ന കർഷകപ്രശ്നത്തിൻെറ പരിഹാരം ഈ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങേയററം പ്രാധാന്യമുള്ളതാണ്. മൗലികമായ കാർഷികപരിഷ്കാരങ്ങരം ഇല്ലാതെ ഭക്ഷ്യപ്രശ്നം പരിഹരിക്കാനോ, കൃഷിയിലെയും വ്യവസായത്തിലെയും ഉൽപാദകശക്തികളുടെ വികാസത്തെ തടസ്സപ്പെടുത്തുന്ന മധ്യകാലാവശിഷ്ടങ്ങളെ തൂത്തുമാററാനോ സാധ്യമല്ല. ദേശീയസമ്പദ്വ്യവസ്ഥയിൽ, വിശേഷിച്ചും വ്യവസായത്തിൽ, ഒരു പൊതുമേഖല—വിദേശകുത്തകകളിൽനിന്ന് വിമുക്തവും ക്രമേണ രാജ്യത്തിൽ സമ്പദ്വ്യവസ്ഥയിലെ നിർണായകഘടകമായിത്തീരുന്നതുമായ ഒരു മേഖല—ജനാധിപത്യാടിസ്ഥാനത്തിൽ സൃഷ്ടിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതിന് ഈ രാജ്യങ്ങളിൽ വമ്പിച്ച പ്രാധാന്യമുണ്ട്.

ദേശീയസ്വാതന്ത്ര്യം നേടുകയും പരിരക്ഷിക്കുകയും ചെയ്യുന്നതിലും ദൂരവ്യാപകങ്ങളായ ജനാധിപത്യപരിവർത്തനങ്ങരം സിദ്ധിക്കുന്നതിലും സാമൂഹ്യപുരോഗതിക്കുറപ്പുണ്ടാക്കുന്നതിലും തൊഴിലാളിവർഗത്തിൻെറയും കർഷകരുടെയും സഖ്യം ഏററവും പ്രധാനപ്പെട്ട ശക്തിയാണ്. ഈ സഖ്യമാണ് വിശാലമായ ദേശീയ മുന്നണിയുടെ അടിത്തറയാകേണ്ടത്. വിമോചനസമരത്തിൽ ദേശീയ ബൂർഷ്വാസി എത്രത്തോളം പങ്കുചേരുമെന്നതും ഗണ്യമായൊരളവിൽ ഈ സഖ്യത്തിൻെറ ശക്തിയെയും സുസ്ഥിരതയെയും ആശ്രയിച്ചിരിക്കുന്നു. ദേശസ്നേഹികളായ ദേശീയശക്തികരംക്കും ദേശീയസ്വാതന്ത്ര്യത്തിനുംവേണ്ടി സാമ്രാജ്യത്വത്തിന്നെതിരായി പൊരുതാനൊരുക്കമുള്ള നാട്ടിലെ എല്ലാ ശക്തികരംക്കും ഇതിൽ വലിയ പങ്കുവഹിക്കാൻ കഴിയും.

ഇന്നത്തെ സാഹചര്യങ്ങളിൽ സാമ്രാജ്യവൃത്തങ്ങളുമായി ബന്ധമില്ലാത്ത കോളനികളിലെയും ആശ്രിതരാജ്യങ്ങളിലെയും ദേശീയ ബൂർഷ്വാസി, സാമ്രാജ്യത്വവിരുദ്ധവും നാടുവാഴിത്തവിരുദ്ധവുമായ വിപ്ലവത്തിൻെറ മുഖ്യകടമകരം നിർവഹിക്കുന്നതിൽ, വസ്തുനിഷ്ഠമായി, തൽപരരാണ്. അതുകൊണ്ടവർക്കും സാമ്രാജ്യത്വത്തിനും നാടുവാഴിത്തത്തിനും എതിരായ വിപ്ലവസമരത്തിൽ പങ്കുചേരാനുള്ള കഴിവിപ്പോഴുമുണ്ട്. ആ അർഥത്തിൽ അത് പുരോഗമനപരമാണ്. എന്നാൽ അത് അസ്ഥിരമാണ്; പുരോഗമനപരമാണെങ്കിലും, സാമ്രാജ്യത്വവും നാടുവാഴിത്തവുമായി സന്ധിചെയ്യാനുള്ള വാസനയും അതിനുണ്ട്. ഈ ഇരട്ടസ്വഭാവംമൂലം ദേശീയ ബൂർഷ്വാസി വിപ്ലവത്തിൽ പങ്കെടുക്കുന്നതിൻെറ അളവ് ഓരോ നാട്ടിലും വ്യത്യസ്തമായിരിക്കും. സമൂർത്തസാഹചര്യങ്ങളെ, വർഗശക്തികളുടെ ബന്ധത്തിലുള്ള വൈരുധ്യങ്ങളുടെ രൂക്ഷതയെ, സാമ്രാജ്യത്വവും നാടുവാഴിത്തവും ദേശീയബൂർഷ്വാസിയും

തമ്മിലുള്ള വൈരുധ്യങ്ങളുടെ ആഴത്തെ ആശ്രയിച്ചാണ് അതിരിക്കുന്നത്.

രാഷ്ട്രീയസ്വാതന്ത്ര്യം നേടിയതിനുശേഷം, ജീവിതമുയർത്തുന്ന സാമൂഹ്യപ്രശ്നങ്ങൾക്കും ദേശീയസ്വാതന്ത്ര്യത്തെ ഉറപ്പിക്കുന്നതിൻെറ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ ജനങ്ങൾ ശ്രമിക്കുന്നു. വിഭിന്ന വർഗങ്ങളും പാർടികളും വ്യത്യസ്ത പരിഹാരങ്ങൾ നിർദേശിക്കുന്നു. ഏത് വികാസമാർഗമാണ് തെരഞ്ഞെടുക്കേണ്ടതെന്നത് അതത് ജനങ്ങളുടെ ആഭ്യന്തരകാര്യമാണ്. സാമൂഹ്യവൈരുധ്യങ്ങൾ വളരുന്നതോടെ ആഭ്യന്തരപിന്തിരിപ്പത്തവും സാമ്രാജ്യത്വവുമായി സന്ധിചെയ്യാൻ ദേശീയബൂർഷ്വാസി കൂടുതൽ കൂടുതൽ വാസന കാണിക്കുന്നു. കാലാകാലമായുള്ള പിന്നോക്കനില അവസാനിപ്പിക്കാനും തങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുമുള്ള ഏററവും നല്ല മാർഗം മുതലാളിത്തേതരവികസനമാണെന്ന് ജനങ്ങൾ കാണാൻ തുടങ്ങുന്നു. ഇങ്ങനെ മാത്രമേ ജനങ്ങൾക്ക് ചൂഷണത്തിൽ നിന്നും ദാരിദ്ര്യത്തിൽനിന്നും വിശപ്പിൽനിന്നും സ്വയം വിമുക്തരാകാൻ കഴിയൂ; അടിസ്ഥാനപരമായ ഈ സാമൂഹ്യപ്രശ്നം പരിഹരിക്കുന്നതിൽ തൊഴിലാളിവർഗവും വിപുലമായ കർഷകബഹുജനങ്ങളും നേതൃത്വപരമായ ഒരു പങ്കുവഹിക്കേണ്ടതുണ്ട്.

ഇന്നത്തെ ചരിത്രപരമായ പരിതഃസ്ഥിതിയിൽ സ്വതന്ത്രമായ ഒരു ദേശീയജനാധിപത്യം—അതായത് രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യത്തെ പതറിച്ചുകൂടാതെ ഉയർത്തിപ്പിടിക്കുകയും, സാമ്രാജ്യത്വത്തിനും അതിൻെറ സൈനികബ്ലോക്കുകൾക്കും സ്വന്തം രാജ്യത്തിൽ സൈനികത്താവളങ്ങൾ സ്ഥാപിക്കുന്നതിനും എതിരായി പോരാടുകയും; സ്വേച്ഛാധിപത്യപരവും ഏകാധിപത്യപരവുമായ ഭരണസമ്പ്രദായങ്ങ   നിരസിക്കുകയും ജനങ്ങളുടെ വിശാലമായ ജനാധിപത്യാവകാശങ്ങൾക്കും പൗരസ്വാതന്ത്ര്യങ്ങൾക്കും (അഭിപ്രായസ്വാതന്ത്ര്യം, പൗരസ്വാതന്ത്ര്യം, യോഗങ്ങളും പ്രകടനങ്ങളും നടത്താനുള്ള സ്വാതന്ത്ര്യം, രാഷ്ട്രീയപാർടികളും സാമൂഹ്യസംഘടനകളും രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം) ഉറപ്പു നൽകുകയും; കാർഷികപരിഷ്കരണവും മററു ജനാധിപത്യ—സാമൂഹ്യ പരിവർത്തനങ്ങളും നടപ്പിലാക്കുന്നതിനുവേണ്ടി പ്രവർത്തിക്കാനും ഗവൺമെൻറിൻെറ നയങ്ങൾക്ക് രൂപംകൊടുക്കുന്നതിൽ പങ്കെടുക്കാനും ബഹുജനങ്ങൾക്ക് അവസരം നൽകുകയും ചെയ്യുന്ന ഒരു സ്റേററ്—സ്ഥാപിക്കുന്നതിന് അനുകൂലമായ ആഭ്യന്തരവും സാർവദേശീയവുമായ സാഹചര്യങ്ങൾ അനേകം രാജ്യങ്ങളിൽ ആവിർഭവിക്കുന്നതാണ്. ത്വരിതമായ സാമൂഹ്യപുരോഗതി സാധിക്കുവാനും, സമാധാനത്തിനുവേണ്ടിയും സാമ്രാജ്യത്വചേരിയുടെ ആക്രമണനയങ്ങൾക്കെതിരായും കൊളോണിയൽമർദനത്തിൻെറ പരിപൂർണമായ ഉൻമൂലനത്തിനുവേണ്ടിയുള്ള ജനങ്ങളുടെ സമരത്തിൽ സജീവമായ   പങ്കുവഹിക്കുവാനും   ദേശീയജനാധിപത്യങ്ങളുടെ

രൂപീകരണവും ദൃഢീകരണവും ബന്ധപ്പെട്ട രാജ്യങ്ങൾക്ക് കഴിവുണ്ടാക്കുന്നു.

സാമ്രാജ്യത്വവിരുദ്ധ—നാടുവാഴിത്തവിരുദ്ധ—ജനാധിപത്യവിപ്ലവം അചഞ്ചലമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയും ദേശീയജനാധിപത്യങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടിയും ജനങ്ങളുടെ ജീവിതനിലവാരം മൗലികമായി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയും കമ്യൂണിസ്റ്റ്പാർടികൾ സജീവമായി പ്രവർത്തിക്കുന്നു. നേടിയ നേട്ടങ്ങളെ ഉറപ്പിക്കുവാനും സാമ്രാജ്യമേധാവികളുടെ സ്ഥാനങ്ങളെ ദുർബലമാക്കാനും ഉപകരിക്കുന്ന ദേശീയഗവൺമെന്റുകളുടെ എല്ലാ നടപടികളെയും അവർ പിന്താങ്ങുന്നു. അതേസമയംതന്നെ ജനവിരുദ്ധവും ജനാധിപത്യവിരുദ്ധവുമായ പ്രവൃത്തികളെ, ദേശീയസ്വാതന്ത്ര്യത്തെ അപകടപ്പെടുത്തുന്ന ഭരണവൃത്തങ്ങളുടെ സ്വാർഥപരവും സങ്കുചിതവുമായ വർഗതാൽപര്യങ്ങളെ, രാഷ്ട്രീയത്തിന്റെയാകെ താൽപര്യമായി ചിത്രീകരിക്കാനുള്ള ബൂർഷ്വാസിയിലെ പിന്തിരിപ്പൻവിഭാഗങ്ങളുടെ ശ്രമങ്ങളെ, കമ്യൂണിസ്റ്റുകാർ തുറന്നുകാണിക്കുന്നു; ആ ഉദ്ദേശത്തോടുകൂടി ബൂർഷ്വാരാഷ്ട്രീയവക്താക്കൾ സോഷ്യലിസ്റ്റ്മുദ്രാവാക്യങ്ങളെക്കൊണ്ട് പന്താടുന്നതിനെ അവർ തുറന്നുകാണിക്കുന്നു. അവർ സാമൂഹ്യജീവിതത്തിൽ യഥാർഥമായ ജനാധിപത്യവൽക്കരണം നടപ്പിലാക്കുവാൻ പോരാടുന്നു. സ്വേച്ഛാപ്രഭുത്വഭരണകൂടങ്ങളെ ചെറുക്കുവാനും അത്തരം ഭരണകൂടങ്ങൾ സൃഷ്ടിക്കാനുള്ള പ്രവണതകളെ തടയാനുംവേണ്ടി എല്ലാ പുരോഗമനശക്തികളെയും അണിനിരത്തുന്നു.

കമ്യൂണിസ്റ്റുകാരുടെ ലക്ഷ്യങ്ങൾ രാഷ്ട്രത്തിന്റെ പരമമായ താൽപര്യങ്ങൾക്ക് അനുയോജ്യമാണ്. 'കമ്യൂണിസ്റ്റ് വിരോധ'ത്തിന്റെ മുദ്രാവാക്യമുപയോഗിച്ച് ദേശീയമുന്നണിയെ ശിഥിലീകരിക്കാനും വിമോചനപ്രസ്ഥാനത്തിന്റെ മുന്നണിവിഭാഗമായ കമ്യൂണിസ്റ്റ്കാരെ ഒറ്റപ്പെടുത്താനുമുള്ള പിന്തിരിപ്പൻമാരുടെ ശ്രമം ദേശീയപ്രസ്ഥാനത്തെ ദുർബലപ്പെടുത്തുന്നു; അത് ജനങ്ങളുടെ ദേശീയതാൽപര്യങ്ങൾക്ക് വിരുദ്ധവും ദേശീയനേട്ടങ്ങൾ നഷ്ടപ്പെടുത്തുകയെന്ന വിപത്തുൾക്കൊള്ളുന്നതുമാണ്.

വിമോചനത്തിനുവേണ്ടി പോരാടുന്ന ജനങ്ങളുടെയും സാമ്രാജ്യത്വനുകത്തെ വലിച്ചെറിഞ്ഞുകഴിഞ്ഞ രാജ്യങ്ങളുടെയും ആത്മാർഥതയും സത്യസന്ധതയുമുള്ള സുഹൃത്തുക്കളാണ് സോഷ്യലിസ്റ്റ് രാജ്യങ്ങൾ. ഈ പുത്തൻ ദേശീയ സ്റ്റേറ്റുകളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നത് താത്വികമായിത്തന്നെ തെറ്റാണെന്ന അടിസ്ഥാനത്തിൽ തള്ളിക്കളയുകയും അതേസമയം സ്വന്തം സ്വാതന്ത്ര്യത്തെ ശക്തിപ്പെടുത്തുന്നതിൽ ആ ജനതകളെ സഹായിക്കുകയും ചെയ്യുകയെന്നത് സോഷ്യലിസ്റ്റ്രാജ്യങ്ങൾ തങ്ങളുടെ സാർവദേശീയ കടമയായി കരുതുന്നു. പുരോഗതി നേടുന്നതിനും

ദേശീയവ്യവസായം സൃഷ്ടിക്കുന്നതിനും ദേശീയ സമ്പദ്വ്യവസ്ഥയെ വികസിപ്പിക്കുന്നതിനും ഉറപ്പിക്കുന്നതിനും നാട്ടുകാരായ വിദഗ്ധൻമാരെ പരിശീലിപ്പിക്കുന്നതിനും, അവർ ഈ രാജ്യങ്ങളെ ഉദാരമായി സഹായിക്കുകയും പിന്താങ്ങുകയും ചെയ്യുന്നു; ലോകസമാധാനത്തിനുവേണ്ടിയും സാമ്രാജ്യത്വാക്രമണത്തിനെതിരായുമുള്ള സമരത്തിൽ അവരുമായി സഹകരിക്കുന്നു.

മററ് രാഷ്ട്രങ്ങളെ മർദിക്കുന്ന ഒരു രാഷ്ട്രവും 'സ്വതന്ത്രമാവില്ല'ന്ന് മനസ്സിലാക്കിയ അധീശരാജ്യങ്ങളിലെ വർഗബോധമുള്ളതൊഴിലാളികൾ, സാമ്രാജ്യാധിപതികളുടെ മർദനത്തിന് വിധേയമായ രാഷ്ട്രങ്ങളുടെ സ്വയംനിർണയാവകാശത്തിനുവേണ്ടി സന്ധിയില്ലാതെ പൊരുതിയിട്ടുണ്ട്. ഈ രാഷ്ട്രങ്ങൾ ദേശീയസ്വാതന്ത്ര്യത്തിൻെറ പാതയിലെത്തിയിരിക്കുന്ന ഈ സന്ദർഭത്തിൽ, സാമ്രാജ്യമേധാവികൾക്കെതിരായും ദേശീയസ്വാതന്ത്ര്യത്തിനും അതുറപ്പിക്കുന്നതിനും വേണ്ടിയുമുള്ള അവരുടെ സമരത്തിൽ ആ രാഷ്ട്രങ്ങളെ ഊർജസ്വലമായി സഹായിക്കുകയെന്നതും അവരുടെ സാമ്പത്തികവും സാംസ്കാരികവുമായ പുനർജന്മത്തിൻെറ പ്രശ്നങ്ങൾ ഫലപ്രദമായി പരിഹരിക്കുന്നതിന് അവരെ സഹായിക്കുകയെന്നതും വ്യാവസായികമായി വികാസം സിദ്ധിച്ച മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളികളുടെയും എല്ലാ ജനാധിപത്യശക്തികളുടെയും സാർവദേശീയ ചുമതലയാണ്. അങ്ങനെ ചെയ്യുമ്പോൾ അവർ സ്വന്തം നാടുകളിലെ ബഹുജനങ്ങളുടെ താൽപര്യങ്ങളെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്.

കഴിഞ്ഞ ചില ദശകങ്ങളിലെ ലോകചരിത്രത്തിൻെറ ഗതിക്രമമാകെ എല്ലാ രൂപത്തിലും ഭാവത്തിലുമുള്ള കൊളോണിയൽവ്യവസ്ഥയുടെ അന്തിമവും പൂർണവുമായ ഉന്മൂലനത്തെ കുറിക്കുന്നു. ഇന്നും കോളനിയടിമത്തത്തിൽ വലയുന്ന എല്ലാ ജനതകൾക്കും തങ്ങളുടെ ദേശീയസ്വാതന്ത്ര്യം നേടുന്നതിന് സർവപിന്തുണയും നൽകണം. എല്ലാ രൂപത്തിലുമുള്ള കോളനിയടിമത്തം ഉന്മൂലനം ചെയ്യപ്പെടണം. സാർവദേശീയസംഘർഷം ലഘൂകരിക്കുകയും സാർവലൗകികസമാധാനം ഉറപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ കൊളോണിയലിസത്തിൻെറ ഉന്മൂലനത്തിന് വമ്പിച്ച പ്രാധാന്യമുണ്ട്. സാമ്രാജ്യത്വത്തിനെതിരായി വീരോചിതസമരം നടത്തുന്ന ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാററിനമേരിക്കയിലെയും ഓഷ്യാനയിലെയും ജനതകളോട് ഈ സമ്മേളനം ഐക്യം പ്രകടിപ്പിക്കുന്നു. രാഷ്ട്രീയസ്വാതന്ത്ര്യം നേടിയ—പരിപൂർണവിമോചനത്തിലേക്കുള്ള പ്രധാനപ്പെട്ടൊരു കാൽവെപ്പാണിത്—ആഫ്രിക്കയിലെ പുതിയ സ്റേററുകളിലെ ജനതകളെ ഈ സമ്മേളനം സ്വാഗതംചെയ്യുന്നു. സ്വാതന്ത്ര്യത്തിനും ദേശീയമായി അന്യാശ്രയമില്ലാതെ നിലനിൽക്കുന്നതിനും വേണ്ടി പോരാടുന്ന ധീരോദാത്തരായ അൾജീരിയൻജനതക്ക് ഈ സമ്മേളനം ഹൃദയംഗമമായ ആശംസ

കളും പിന്തുണയുമർപ്പിക്കുകയും അംജീരിയക്കെതിരായ ആക്രമണ യുദ്ധം ഉടനടി അവസാനിപ്പിക്കണമെന്നാവശ്യപ്പെടുകയും ചെയ്യുന്നു. യൂണിയൻ ഓഫ് സൗത്താഫ്രിക്കയിലെ വർണവിവേചനപരമായ മർദനങ്ങളുടെയും ഭീകരതകളുടെയും മനുഷ്യത്വവിഹീന സമ്പ്രദായത്തെ ഈ സമ്മേളനം രോഷത്തോടെ അധിക്ഷേപിക്കുകയും, സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയുള്ള സമരത്തിൽ തെക്കെ ആഫ്രിക്കയിലെ ജനങ്ങളെ സജീവമായി സഹായിക്കാൻ ലോകമെങ്ങുമുള്ള ജനാധിപത്യവാദികളോടഭ്യർത്ഥിക്കുകയും ചെയ്യുന്നു. ക്യൂബയിലെയും കോംഗോവിലെയും ജനതകളുടെയും സ്വാതന്ത്ര്യം നേടിയ മററെല്ലാ രാജ്യങ്ങളുടെയും പരമാധികാരാവകാശങ്ങളിൽ ഇടപെടരുതെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

സാമ്രാജ്യത്വ—കൊളോണിയൽ ഭീകരതയിൽനിന്ന് സ്വയം മുക്തരാകാൻ വേണ്ടി പൊരുതുന്ന ജനങ്ങൾക്ക് ധാർമികവും ഭൗതികവുമായി പരിപൂർണസഹായം നൽകുകയെന്നത് തങ്ങളുടെ കടമയാണെന്ന് എല്ലാ സോഷ്യലിസ്ററ് രാജ്യങ്ങളും സാർവദേശീയ തൊഴിലാളിവർഗവും കമ്യൂണിസ്ററ് പ്രസ്ഥാനവും കരുതുന്നു.

## പുതിയ കാലഘട്ടത്തിലെ പുതിയ അവസരങ്ങൾ

സമാധാനത്തിനും ദേശീയസ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സോഷ്യലിസത്തിനും വേണ്ടിയുള്ള സമരത്തിൽ തങ്ങളെ അഭിമുഖീകരിക്കുന്ന ചരിത്രപരമായ കടമകൾ നിർവഹിക്കുന്നതിന്, ലോകശക്തികളുടെ പുതിയ സമതുലിതാവസ്ഥ കമ്യൂണിസ്ററ്-വർക്കേഴ്സ് പാർടികൾക്ക് പുതിയ അവസരങ്ങൾ നൽകുന്നു.

കമ്യൂണിസ്ററ് പാർടികൾ വിപ്ലവത്തിൻെറ ഭാവിസാധ്യതകളെയും കടമകളെയും നിർണയിക്കുന്നത്, അതതു രാജ്യങ്ങളിൽ നിലനിൽക്കുന്ന ചരിത്രപരവും സാമൂഹ്യവുമായ സമൂർത്തസാഹചര്യങ്ങൾക്കനുസൃതമായും സാർവദേശീയസ്ഥിതിക്ക് അർഹമായ പരിഗണന നൽകിക്കൊണ്ടുമാണ്. തൊഴിലാളിവർഗത്തിൻെറയും ജനങ്ങളുടെയും താൽപര്യങ്ങളെ പരിരക്ഷിക്കാനും അവരുടെ ജീവിതസ്ഥിതി മെച്ചപ്പെടുത്താനും ജനങ്ങളുടെ ജനാധിപത്യാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും വിപുലമാക്കാനും വേണ്ടി, സോഷ്യലിസത്തിൻെറ വിജയംവരെ കാത്തുനിൽക്കാതെ ഇന്നത്തെ സാഹചര്യങ്ങളിൽത്തന്നെ കമ്യൂണിസ്ററുകാർ ആവതൊക്കെച്ചെയ്യുന്നു; നിസ്വാർഥമായ സമരം നടത്തുന്നു. മുതലാളിത്തമർദനത്തിൽനിന്ന് മോചനം നേടാനുള്ള ജനങ്ങളുടെ സമരത്തിൻെറ മുഖ്യമായ ഭാരം തങ്ങളിലാണർപ്പിതമായിട്ടുള്ളതെന്ന് തൊഴിലാളിവർഗവും അതിൻെറ വിപ്ലവമുന്നണിയും മനസ്സിലാക്കുന്നു. അതുകൊണ്ടവർ എല്ലാ രാജ്യങ്ങളിലും രാഷ്ട്രീയവും സാമ്പത്തികവും ആശയപരവുമായ പ്രവർത്തനത്തിൻെറ ഓരോ രംഗത്തുമുള്ള മർദകരുടെയും ചൂഷകരുടെയും ആധിപത്യത്തിന്നെതിരായ ആക്രമണത്തെ വർധമാനമായ ഊർജസ്വലതയോടെ മുന്നോട്ടുകൊണ്ടുപോകും. ഈ സമരത്തിൻെറ ഗതിക്രമത്തിനിടയിൽ മുതലാളിത്തത്തെ മറിച്ചിടുന്നതിനും സോഷ്യലിസ്ററ്വിപ്ളവത്തിൻെറ വിജയത്തിനും വേണ്ടി നിർണായകസമരങ്ങൾക്ക് ബഹുജനങ്ങൾ സജ്ജരാക്കപ്പെടുന്നു; അതിനുള്ള സാഹചര്യങ്ങൾ ഉളവാകുന്നു.

ഇന്നത്തെ സാഹചര്യങ്ങളിൽ ആയുധപ്പന്തയത്തിൻെറ മുഖ്യപ്രണേതാവുംപിന്തിരിപ്പത്തത്തിൻെറയും ആക്രമണായുദ്ധങ്ങളുടെയും

കോട്ടയുമായ മുതലാളിത്തകുത്തകകളുടെയും അവരുടെ താൽപര്യങ്ങളെ സംരക്ഷിക്കുന്ന സ്റേററ് കുത്തക മുതലാളിത്ത വ്യവസ്ഥയുടെയാകെയും നേർക്കാണ് കൂടുതൽ കൂടുതൽ ഊക്കോടുകൂടി മുഖ്യമായും ആഞ്ഞടിക്കേണ്ടിയിരിക്കുന്നത്.

അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും സൈനികവുമായ ആധിപത്യത്തിൽ കഴിയുന്ന യൂറോപ്യൻ വൻകരയിലേതല്ലാത്ത ചില വികസിതമുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളിവർഗവും ജനങ്ങളും അവരുടെ മുഖ്യമായ പ്രഹരം തിരിച്ചുവിട്ടിട്ടുള്ളത് അമേരിക്കൻ സാമ്രാജ്യാധിപത്യത്തിനും സ്വന്തം നാട്ടിന്റെ താൽപര്യങ്ങളെ വഞ്ചിക്കുന്ന കുത്തകമൂലധനത്തിനും മററുള്ള ആഭ്യന്തര പിന്തിരിപ്പൻ ശക്തികൾക്കും എതിരായിട്ടാണ്. ഈ സമരത്തിനിടക്ക് നാട്ടിലെ എല്ലാ ജനാധിപത്യദേശാഭിമാനശക്തികളും, യഥാർഥ ദേശീയസ്വാതന്ത്ര്യവും ജനാധിപത്യവും നേടാനുദ്ദേശിച്ചുകൊണ്ടുള്ള ഒരു വിപ്ലവത്തിന്റെ വിജയത്തിനുവേണ്ടി പൊരുതുന്ന ഐക്യമുന്നണിയിൽ ഒത്തുചേരുന്നു; ആ വിപ്ലവത്തിന്റെ വിജയം സോഷ്യലിസ്ററ് വിപ്ളവത്തിന്റെ കടമകൾ നിർവഹിക്കുന്ന ഘട്ടത്തിലേക്ക് പ്രവേശിക്കുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു.

വൻകിട കുത്തകകൾ തൊഴിലാളിവർഗത്തിന്റെയും പൊതുവിൽ ജനങ്ങളുടെയും താൽപര്യങ്ങളെ, എല്ലാരംഗങ്ങളിലും, അതിക്രമിക്കുന്നു. അധ്വാനിക്കുന്ന ജനങ്ങളുടെ മേലുള്ള ചൂഷണം കൂടുതൽ രൂക്ഷമാവുകയാണ്. അതുപോലെതന്നെ വിപുലമായ കർഷകബഹുജനങ്ങൾ അധികമധികം പാപ്പരാക്കപ്പെടുകയും ചെയ്യുന്നു. അതേസമയം ചെറുകിട ബൂർഷ്വാസിയും ഇടത്തരം ബൂർഷ്വാസിയും അനുഭവിക്കുന്ന വിഷമതകൾ കൂടുതൽ തീക്ഷ്ണമാകുന്നു. നാട്ടിലെ എല്ലാ വിഭാഗങ്ങളുടെയും മേലുള്ള വൻകിട കുത്തകകളുടെ മർദനം കൂടുതൽ കൂടുതൽ ഭാരിച്ചതായിത്തീരുന്നു. തൽഫലമായി ഒരുപിടി കുത്തകമുതലാളികളും എല്ലാവിഭാഗം ജനങ്ങളും തമ്മിലുള്ള വൈരുധ്യം—ബൂർഷ്വാസമൂഹത്തിലെ അടിസ്ഥാനപരമായ വർഗവൈരുധ്യം—അധ്വാനവും മൂലധനവും തമ്മിലുള്ള വൈരുധ്യം—രൂക്ഷമാകുന്നതോടൊപ്പംതന്നെ ഇന്ന് കൂടുതൽ പ്രത്യക്ഷമാവുകയാണ്.

കുത്തകകൾ ബഹുജനങ്ങളുടെ ജനാധിപത്യാവകാശങ്ങളെ ഉൻമൂലനംചെയ്യുവാനോ ആവുന്നത്ര വെട്ടിച്ചുരുക്കുവാനോ ശ്രമിക്കുന്നു. ചില രാജ്യങ്ങളിൽ നഗ്നമായ ഫാസിസ്ററ് ഭീകരഭരണം ഇന്നും തുടരുന്നു; പല രാജ്യങ്ങളിലും 'ഫാസിസ്ററ്വൽക്കരണം' പുതിയ രൂപങ്ങളിൽ വളരുന്നു; സ്വേച്ഛാധിപത്യപരമായ ഉള്ളടക്കമില്ലാത്തതും പുറമേക്ക് മാത്രമുള്ളതുമായ പാർലമെൻററിരൂപങ്ങളുമായി കൂട്ടിയിണക്കപ്പെടുന്നു. പല ജനാധിപത്യ സംഘടനകളും നിരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. തൊഴിലാളിവർഗ

ത്തിൻെറ ലക്ഷ്യത്തിനുവേണ്ടി സമരംചെയ്യുന്ന ആയിരക്കണക്കിനുള്ള പടയാളികൾ, സമാധാനത്തിൻെറ ആയിരക്കണക്കിനുള്ള വക്താക്കൾ, ഇന്ന് തുറുങ്കറയിലാണ്.

ലോകത്തിലെ എല്ലാ കമ്യൂണിസ്ററുകാരുടെയും പേരിൽ ഈ യോഗം അമേരിക്കയിലെയും സ്പെയിനിലെയും പോർച്ചുഗലിലെയും ഇററലിയിലെയും പശ്ചിമ ജർമനിയിലെയും ഗ്രീസിലെയും ഇറാനിലെയും പാകിസ്താനിലെയും ഐക്യ അറബി റിപ്പബ്ലിക്കിലെയും ജോർദാനിലെയും ഇറാക്കിലെയും അർജൻറീനയിലെയും പരാഗ്വയിലെയും ഡോമിനിക്കൻറിപ്പബ്ലിക്കിലെയും മെക്സിക്കൊയിലെയും യൂണിയൻ ഓഫ് സൗത്താഫ്രിക്കയിലെയും സുഡാനിലെയും മററ് രാജ്യങ്ങളിലെയും ഇരുമ്പഴികൾക്കു പിന്നിൽ നരകിക്കുന്ന തൊഴിലാളിവർഗത്തിൻെറ ധീരോദാത്തരായ മക്കളോട്, ജനാധിപത്യത്തിൻെറ ധീരസേനാനികളോട് തൊഴിലാളിവർഗത്തിൻേറതായ സൗഹാർദം പ്രകടിപ്പിക്കുന്നു. സമാധാനത്തിൻെറയും ദേശീയസ്വാതന്ത്ര്യത്തിൻെറയും ജനാധിപത്യത്തിൻെറയും ഈ വക്താക്കളുടെ മോചനം നേടുന്നതിനുവേണ്ടി ലോകവ്യാപകമായൊരു സുശക്തപ്രക്ഷോഭം ആരംഭിക്കുവാൻ ഈ സമ്മേളനം അഭ്യർഥിക്കുന്നു.

തൊഴിലാളിവർഗവും കർഷകരും ബുദ്ധിജീവികളും പെററിബൂർഷ്വാസിയും നഗരങ്ങളിലെ ഇടത്തരം ബൂർഷ്വാസിയും കുത്തകാധിപത്യത്തെ ഉൻമൂലനംചെയ്യുന്നതിൽ അതീവതൽപരരാണ്. അതുകൊണ്ട് ഈ ശക്തികളെ അണിനിരത്തുന്നതിന്നനുകൂലമായ സാഹചര്യങ്ങളുണ്ട്.

സമാധാനം, ദേശീയസ്വാതന്ത്ര്യം, ജനാധിപത്യത്തിൻെറ സംരക്ഷണവും വിപുലീകരണവും, ദേശീയ സമ്പദ്വ്യവസ്ഥയുടെ മർമപ്രധാനമായ ശാഖകളുടെ ദേശസാൽക്കരണം, അവയുടെ മാനേജുമെൻറുകളുടെ ജനാധിപത്യവൽക്കരണം, ജനങ്ങളുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതരത്തിൽ മുഴുവൻസമ്പദ്വ്യവസ്ഥയെയും സമാധാനപരമായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കൽ, മൗലികങ്ങളായ കാർഷികപരിഷ്കാരങ്ങൾ നടപ്പാക്കൽ, അധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതസ്ഥിതി മെച്ചപ്പെടുത്തൽ, കുത്തകകളുടെ ഭീകരതകൾക്കെതിരായി കർഷകരുടെയും പെററിബൂർഷ്വാസിയുടെയും താൽപര്യങ്ങളെ പരിരക്ഷിക്കൽ എന്നിവക്കുവേണ്ടിയുള്ള സമരത്തിൻെറ അടിസ്ഥാനത്തിൽ ഈ ഐക്യം തികച്ചും സാധിക്കാവുന്നതാണെന്ന് കമ്യൂണിസ്ററുകാർ കരുതുന്നു.

സാമൂഹ്യപുരോഗതിയുടെ പാതയിലൂടെയുള്ള പ്രധാനപ്പെട്ട ഒരു കാൽവെപ്പായിരിക്കും ഈ നടപടികൾ. നാട്ടിലെ ഭൂരിപക്ഷം ജനങ്ങളുടെ താൽപര്യങ്ങൾക്ക് അനുഗുണങ്ങളുമാകും അവ. സ്വഭാവത്തിൽ ജനാധിപത്യപരങ്ങളാണീ നടപടികളെല്ലാം. അവ മനുഷ്യൻ

മനുഷ്യൻെറ മേൽ നടത്തുന്ന ചൂഷണത്തെ ഉൻമൂലനംചെയ്യുന്നില്ല; പക്ഷെ, സാക്ഷാത്കരിക്കപ്പെട്ടാൽ, അവ കുത്തകകളുടെ ശക്തിയെ പരിമിതപ്പെടുത്തും; നാടിൻെറ കാര്യങ്ങളിൽ തൊഴിലാളിവർഗത്തിനുള്ള അന്തസ്സിനെയും രാഷ്ട്രീയ മുൻതൂക്കത്തെയും വർധിപ്പിക്കും; ഏററവും പിന്തിരിപ്പനായ ശക്തികളെ ഒററപ്പെടുത്തുവാൻ സഹായിക്കും; പുരോഗമനശക്തികളുടെ ഏകീകരണത്തെ സുഗമമാക്കുകയും ചെയ്യും. ജനാധിപത്യപരിഷ്കാരങ്ങൾക്കുവേണ്ടിയുള്ള സമരത്തിൽ പങ്കെടുക്കുമ്പോൾ ജനങ്ങളിൽ വമ്പിച്ച വിഭാഗങ്ങൾ തൊഴിലാളിവർഗവുമായി പ്രവർത്തനൈക്യമുണ്ടാക്കേണ്ടതിൻെറ ആവശ്യകതയെപ്പററി ബോധവാൻമാരാകുകയും രാഷ്ട്രീയമായി കൂടുതൽ സജീവരാകുകയും ചെയ്യുന്നു. ജനാധിപത്യപരിഷ്കാരങ്ങൾക്കും കുത്തകകളുടെ ശക്തിയെ മറിച്ചിടുന്നതിനും വേണ്ടിയുള്ള സാമ്പത്തികവും രാഷ്ട്രീയവുമായ സമരത്തെ നയിക്കുകയും അതിൻെറ വിജയത്തിന്നുറപ്പുവരുത്തുകയും ചെയ്യേണ്ടത് തൊഴിലാളിവർഗത്തിൻെറയും അതിൻെറ കമ്യൂണിസ്ററ്മുന്നണിയുടെയും സർവപ്രധാനമായ കടമയാണ്.

സാമ്പത്തികവും സാമൂഹ്യവുമായ മേഖലകളുടെയും ഭരണപരവും രാഷ്ട്രീയവും സാംസ്കാരികവുമായ എല്ലാ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പൊതുവായ ജനാധിപത്യവൽക്കരണത്തിനുവേണ്ടി കമ്യൂണിസ്ററുകാർ വാദിക്കുന്നു.

കമ്യൂണിസ്ററുകാർ ജനാധിപത്യത്തിനുവേണ്ടിയുള്ള സമരത്തെ സോഷ്യലിസത്തിനുവേണ്ടിയുള്ള സമരത്തിൻെറ ഭാഗമായി പരിഗണിക്കുന്നു. ഈ സമരത്തിലവർ ബഹുജനങ്ങളുമായുള്ള തങ്ങളുടെ ബന്ധങ്ങളെ തുടർച്ചയായി ശക്തിപ്പെടുത്തുന്നു; ഇത് ജനങ്ങളുടെ രാഷ്ട്രീയബോധം വളർത്തുന്നു; സോഷ്യലിസ്ററ് വിപ്ലവത്തിൻെറ കടമകളും അവ പൂർത്തിയാക്കപ്പെടേണ്ടതിൻെറ ആവശ്യകതയും മനസ്സിലാക്കാൻ അവരെ സഹായിക്കുകയും ചെയ്യുന്നു. ഇത് മാർക്സിസ്ററ്—ലെനിനിസ്ററ് പാർടികളെ, മുതലാളിത്തവ്യവസ്ഥിതിയുടെ ചട്ടക്കൂട്ടിനകത്തുനിന്നുകൊണ്ടുള്ള പരിഷ്കരണങ്ങളെ അന്തിമലക്ഷ്യമായി കണക്കാക്കുകയും സോഷ്യലിസ്ററ് വിപ്ളവത്തിൻെറ ആവശ്യകതയെ നിഷേധിക്കുകയും ചെയ്യുന്ന പരിഷ്കരണവാദികളിൽനിന്ന് തികച്ചും വേർതിരിക്കുന്നു. ദൈനംദിനസമരങ്ങളിലൂടെ മുതലാളിത്തരാജ്യങ്ങളിലെ ജനതകൾ സോഷ്യലിസം മാത്രമാണ് തങ്ങൾക്കുള്ള യഥാർഥ പോംവഴിയെന്ന്, അവസാനമായി മനസ്സിലാക്കുമെന്ന് മാർക്സിസ്ററ്—ലെനിനിസ്ററുകൾ സുദൃഢമായി വിശ്വസിക്കുന്നു.

കൂടുതൽ ജനവിഭാഗങ്ങളിപ്പോൾ സജീവമായി വർഗസമരത്തിൽ പങ്കുചേരുന്നുവെന്നതിനാൽ ട്രേഡ് യൂണിയനുകളിലും സഹകരണസംഘങ്ങളിലും, കർഷകർക്കും യുവജനങ്ങൾക്കും മഹിളകൾക്കു

മിടയിലും സ്പോർട്സ് സംഘടനകളിലും, അസംഘടിത ജനവിഭാഗങ്ങൾക്കിടയിലുമുള്ള കമ്യൂണിസ്ററുകാരുടെ പ്രവർത്തനം വിപുലപ്പെടുത്തുകയെന്നത് അങ്ങേയററം പ്രധാനമാണ്; സമാധാനത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള സമരത്തിലേക്ക്, കമ്യൂണിസത്തിൻെറ മഹത്തായ ആദർശങ്ങളിലേക്ക്, യുവതലമുറയെ ആകർഷിക്കുവാനുള്ള പുതിയ അവസരങ്ങളുണ്ടായിരിക്കുന്നു. ലെനിൻെറ മഹത്തായ ഉപദേശം—ബഹുജനങ്ങൾക്കിടയിൽ കൂടുതൽ ആണ്ടിറങ്ങുക, എവിടെയെല്ലാം ബഹുജനങ്ങളുണ്ടോ അവിടെയെല്ലാം പ്രവർത്തിക്കുക, ബഹുജനങ്ങളെ നയിക്കാൻ വേണ്ടി അവരുമായുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തുക—ഇത് ഓരോ കമ്യൂണിസ്ററ് പാർടിയുടെയും പ്രധാന കടമയായിത്തീരണം.

സാർവദേശീയനിലവാരത്തിലെന്നപോലെതന്നെ, ഐക്യം ശിഥിലമായിത്തീർന്നിട്ടുള്ള രാജ്യങ്ങളിലും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിലെ ഐക്യം പുനഃസ്ഥാപിക്കയെന്നത്, രാഷ്ട്രീയ ജീവിതത്തിൽ തൊഴിലാളിവർഗത്തിനുള്ള പങ്ക് ഉയർത്തുന്നതിനും അവരുടെ താൽപര്യങ്ങളെ വിജയപൂർവം പരിരക്ഷിക്കുന്നതിനുമാവശ്യമാണ്. അധ്വാനിക്കുന്ന ജനങ്ങൾ വ്യത്യസ്ത ട്രേഡ് യൂണിയനുകളിൽപ്പെട്ടവരാകാം; പക്ഷെ, അവർക്ക് പൊതുതാൽപര്യങ്ങളുണ്ട്. സമീപവർഷങ്ങളിൽ നടന്നിട്ടുള്ള ഏററവും വലിയ വർഗസമരങ്ങളിൽ എപ്പോഴെല്ലാം വിവിധ ട്രേഡ് യൂണിയൻ സംഘടനകൾ കൂട്ടായി പൊരുതിയിട്ടുണ്ടോ അപ്പോഴെല്ലാം ആ ഐക്യം സാധിച്ചുവെന്നതിൻെറ ഫലമായി, അധ്വാനിക്കുന്ന ജനങ്ങളുടെ ആവശ്യങ്ങൾ നേടുന്നതിൽ അവ വിജയിച്ചിട്ടുമുണ്ട്. ട്രേഡ് യൂണിയനൈക്യം പുനഃസ്ഥാപിക്കുന്നതിന് പററിയ യഥാർഥങ്ങളായ മുൻ ഉപാധികളുണ്ടായിട്ടുണ്ടെന്ന് കമ്യൂണിസ്ററുകാർ വിശ്വസിക്കുന്നു. അത് സൃഷ്ടിക്കാൻ അവർ സ്ഥിരോത്സാഹത്തോടെ പ്രവർത്തിക്കുന്നതാണ്. പ്രായോഗികമായി ട്രേഡ് യൂണിയൻ ജനാധിപത്യം നിലവിലില്ലാത്ത രാജ്യങ്ങളിൽ ട്രേഡ് യൂണിയനുകളുടെ സ്വാതന്ത്ര്യത്തിനും, രാഷ്ട്രീയമോ മറേറാ ആയ വിവേചനം കൂടാതെ അധ്വാനിക്കുന്ന എല്ലാ ജനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും ട്രേഡ് യൂണിയൻ അവകാശങ്ങൾ അംഗീകരിപ്പിക്കുന്നതിനും അവ നടപ്പിൽ വരുത്തുന്നതിനും വേണ്ടി അനുസ്യൂതം ശ്രമിക്കേണ്ടതുണ്ടെന്ന് ട്രേഡ് യൂണിയനൈക്യത്തിനുവേണ്ടിയുള്ള സമരം അനുശാസിക്കുന്നു.

മറെറല്ലാ ബഹുജന ജനാധിപത്യപ്രസ്ഥാനങ്ങളുടെയും ഐക്യം പുനഃസ്ഥാപിക്കുകയെന്നതും സമാധാനത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും പുരോഗതിയെ സംബന്ധിച്ചിടത്തോളം ആവശ്യമത്രെ. സമാധാനത്തിനും ദേശീയസ്വാതന്ത്ര്യത്തിനും ജനാധിപത്യാവകാശങ്ങളുടെ സംരക്ഷണത്തിനും വിപുലീകരണത്തിനും ജീവിതസ്ഥിതി നന്നാക്കുന്നതിനും അധ്വാനിക്കുന്ന ജനങ്ങളുടെ

സാമൂഹ്യാവകാശങ്ങളുടെ വിപുലീകരണത്തിനും വേണ്ടിയുള്ള സംയുക്തസമരങ്ങളിലൂടെ ബഹുജനസംഘടനകൾക്കിടയിലുള്ള ഐക്യം നേടാവുന്നതാണ്.

തങ്ങളുടെ കടമകൾ നിർവഹിക്കുവാനുള്ള മുതലാളിത്തരാജ്യങ്ങളിലെ ജനസാമാന്യത്തിന്റെ സമരത്തിൽ നിർണായകപങ്കുവഹിക്കുന്നത്, സാമൂഹ്യവിപ്ളവത്തിന്റെ മുഖ്യപ്രേരകശക്തിയായ തൊഴിലാളിവർഗവും അധ്വാനിക്കുന്ന കർഷകരും തമ്മിലുള്ള സഖ്യമാണ്. ഭരണവർഗങ്ങളും വലതുപക്ഷ സോഷ്യൽ ഡമോക്രാററിക് നേതൃത്വവും പിന്തിരിപ്പൻ ട്രേഡ് യൂണിയൻ നേതാക്കളും ദേശീയവും സാർവദേശീയവുമായ നിലവാരത്തിൽ പുലർത്താനാഗ്രഹിക്കുന്ന, തൊഴിലാളിവർഗത്തിന്റെ അണികളിലുള്ള ഭിന്നിപ്പാണ് ഇന്നും തൊഴിലാളിവർഗത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിന്റെ പ്രധാന തടസ്സം. ഈ ഭിന്നിപ്പിനെ ഇല്ലാതാക്കാൻ കമ്യൂണിസ്ററുകാർ ദൃഢചിത്തതയോടെ പ്രവർത്തിക്കുന്നു.

തൊഴിലാളിവർഗത്തിന്റെ ഐക്യത്തെ ഭിന്നിപ്പിക്കാനും ശിഥിലമാക്കാനുംവേണ്ടി വിവിധ രാജ്യങ്ങളിലെ സാമ്രാജ്യവാദികൾ, മർദനോപാധികളോടൊപ്പംതന്നെ, ചതിയുടെയും കൈക്കൂലിയുടെയും മാർഗങ്ങളവലംബിക്കുന്നു. ഈ ഭിന്നിപ്പ് തൊഴിലാളിവർഗത്തിന്റെ ശക്തിയെ തകർക്കുകയാണ് ചെയ്യുന്നതെന്നും സാമ്രാജ്യത്വ പിന്തിരിപ്പൻമാർക്ക് മാത്രമാണത് ഗുണംചെയ്യുന്നതെന്നും കഴിഞ്ഞ ചില കൊല്ലങ്ങളിലെ സംഭവങ്ങൾ വീണ്ടും സ്ഥിരീകരിച്ചിട്ടുണ്ട്.

ചില വലതുപക്ഷ സോഷ്യൽ ഡമോക്രാററിക് നേതാക്കൾ പരസ്യമായി സാമ്രാജ്യത്വത്തിന്റെ അഭിപ്രായഗതികൾ സ്വീകരിക്കുകയും മുതലാളിത്തവ്യവസ്ഥയെ ന്യായീകരിക്കുകയും തൊഴിലാളിവർഗത്തെ ഭിന്നിപ്പിക്കുകുയം ചെയ്യുന്നുണ്ട്. കമ്യൂണിസത്തോടുള്ള വിരോധവും ലോകകാര്യങ്ങളിൽ സോഷ്യലിസത്തിന്റെ വർധിച്ചുവരുന്ന സ്വാധീനശക്തിയെപ്പററിയുള്ള ഭയവും മൂലം അവർ പിന്തിരിപ്പൻ യാഥാസ്ഥിതികശക്തികൾക്ക് കീഴടങ്ങുകയാണ്. മാർക്സിസത്തെയും വർഗസമരത്തെയും പരമ്പരാഗതമായ സോഷ്യലിസ്ററ് മുദ്രാവാക്യങ്ങളെയും പരസ്യമായി പരിത്യജിക്കുന്ന പരിപാടികൾ സോഷ്യൽ ഡമോക്രാററിക് പാർടികളെക്കൊണ്ട് സ്വീകരിപ്പിക്കുന്നതിൽ വലതുപക്ഷനേതൃത്വം ചില രാജ്യങ്ങളിൽ വിജയിച്ചിട്ടുണ്ട്. അങ്ങനെ അവർ ഒരിക്കൽക്കൂടി ബൂർഷ്വാസിക്ക് ഒരു സേവനം ചെയ്തിരിക്കുന്നു. വലതുപക്ഷ നേതൃത്വത്തിന്റെ ഈ നയത്തോടുള്ള എതിർപ്പ് സോഷ്യൽ ഡമോക്രാററിക് പാർടികളിൽ വളരുകയാണ്. അങ്ങനെ എതിർക്കുന്നവരിൽ സോഷ്യൽ ഡമോക്രാററിക് പാർടിപ്രവർത്തകരിൽ ഒരു വിഭാഗവും ഉൾപ്പെടുന്നു. സമാധാനത്തിനും ജനാധിപത്യത്തിനും സാമൂഹ്യപുരോഗതിക്കും വേണ്ടിയുള്ള സമരത്തിൽ തൊഴിലാളിവർഗത്തിന്റെയും അധ്വാനിക്കുന്ന മററ് ജനങ്ങളുടെയും കൂട്ടായപ്രവർത്തനത്തെ അനുകൂലി

ക്കുന്ന ശക്തികൾ വളരുകയാണ്. സോഷ്യൽ ഡമോക്രാററിക് പാർടികളിലെ വമ്പിച്ച ഭൂരിപക്ഷം, വിശേഷിച്ചും തൊഴിലാളികൾ, സമാധാനത്തിൻെറയും, സാമൂഹ്യപുരോഗതിയുടെയും സുഹൃത്തുക്കളാണ്.

സോഷ്യൽ ഡമോക്രാററുകളുടെ ആശയപരമായ നിലപാടുകളെയും വലതുപക്ഷ—അവസരവാദപ്രവർത്തനങ്ങളെയും കമ്യൂണിസ്ററുകാർ തുടർന്ന് വിമർശിക്കും; മുതലാളിത്തത്തിനെതിരായും സോഷ്യലിസത്തിൻെറ വിജയത്തിനുവേണ്ടിയും പതറിച്ചയില്ലാത്ത വർഗസമരത്തിൻെറ നിലപാടുകളെടുക്കുന്നതിനുവേണ്ടി സോഷ്യൽ ഡമോക്രാററിക് പാർടിക്കാരായ ബഹുജനങ്ങളെ പ്രേരിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയ പ്രവർത്തനങ്ങൾ അവർ തുടരും. കമ്യൂണിസ്ററുകാരും സോഷ്യൽ ഡമോക്രാററുകാരും തമ്മിലുള്ള ആശയപരമായ ഭിന്നതകൾ. തൊഴിലാളിവർഗപ്രസ്ഥാനത്തിൻെറയും യോജിച്ചസമരത്തിൻെറയും—വിശേഷിച്ചും യുദ്ധവിപത്തിനെതിരായി—അടിയന്തരപ്രശ്നങ്ങളെക്കുറിച്ച അഭിപ്രായവിനിമയത്തെ തടസ്സപ്പെടുത്തിക്കൂടെന്ന് കമ്യൂണിസ്ററുകാർ ദൃഢമായി വിശ്വസിക്കുന്നു.

കമ്യൂണിസ്ററുകാർ അധ്വാനിക്കുന്ന ജനങ്ങൾക്കിടയിലുള്ള സോഷ്യൽ ഡമോക്രാററുകാരെ സ്വന്തം വർഗസഹോദരൻമാരായി കരുതുന്നു. അവർ പലപ്പോഴും ട്രേഡ് യൂണിയനുകളിലും മററ് സംഘടനകളിലും ഒന്നിച്ചുപ്രവർത്തിക്കുന്നു; തൊഴിലാളിവർഗത്തിൻെറയും മൊത്തത്തിൽ ജനങ്ങളുടെയും താൽപര്യങ്ങൾക്ക് വേണ്ടി ഒന്നിച്ചുപോരാടുന്നു.

അണുവായുധങ്ങളുടെ നിർമാണവും പരീക്ഷണവും ഉപയോഗവും ഉടനടി നിരോധിക്കുക, അണുവായുധവിമുക്ത മേഖലകൾ സ്ഥാപിക്കുക, സാർവദേശീയ നിയന്ത്രണത്തിൻ കീഴിൽ സാമാന്യവും പൂർണവുമായ നിരായുധീകരണം നടപ്പിലാക്കുക, വിദേശനാടുകളിലുള്ള സൈനികത്താവളങ്ങൾ ഉച്ചാടനം ചെയ്യുകയും വിദേശപട്ടാളങ്ങളെ പിൻവലിക്കുകയും ചെയ്യുക, കൊളോണിയൽ—ആശ്രിത രാജ്യങ്ങളിലെ ജനതകളുടെ ദേശീയ വിമോചനപ്രസ്ഥാനങ്ങളെ സഹായിക്കുക, ദേശീയപരമാധികാരത്തെ കാത്തുരക്ഷിക്കുക, ജനാധിപത്യത്തെ വളർത്തുകയും ഫാസിസ്ററ്ഭീഷണിയെ ചെറുക്കുകയും ചെയ്യുക, അധ്വാനിക്കുന്ന ജനതയുടെ ജീവിതനിലവാരങ്ങൾ അഭിവൃദ്ധിപ്പെടുത്തുക, കൂലി കുറയ്ക്കാതെതന്നെ ജോലിസമയം ചുരുക്കുക മുതലായവക്കുവേണ്ടി ദേശീയവും സാർവദേശീയവുമായനിലവാരത്തിൽ കമ്യൂണിസ്ററ് പാർടികളും സോഷ്യൽ ഡമോക്രാററിക് പാർടികളും കൂട്ടായി പ്രവർത്തിക്കണമെന്ന്, തൊഴിലാളിവർഗപ്രസ്ഥാനത്തിൻെറ ജീവൽപ്രധാനങ്ങളായ താൽപര്യങ്ങൾ ആവശ്യപ്പെടുന്നു. ദശലക്ഷക്കണക്കിനുള്ള സോഷ്യൽ ഡമോക്രാ

ററുകാരും ചില സോഷ്യൽ ഡമോക്രാററിക് പാർടികളും ഈ പ്ര ശ്നങ്ങരം പരിഹരിക്കുന്നതിന് ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ, അനുകൂലമായ നിലപാടെടുത്തിട്ടുണ്ട്. സ്വന്തം അണി കളിലെ ഭിന്നിപ്പിനെ ദൂരീകരിച്ചാൽ, എല്ലാ വിഭാഗങ്ങളുമായും ഐക്യം നേടിയാൽ, പല രാജ്യങ്ങളിലെയും തൊഴിലാളിവർഗത്തിന് മുതലാളിത്തരാജ്യങ്ങളിലെ ഭരണവൃത്തങ്ങളുടെ മേൽ കനത്തൊരു പ്രഹരമേൽപിക്കാൻ കഴിയുമെന്നും, ഒരു പുതിയ യുദ്ധത്തി നുവേണ്ടി ഒരുക്കുകൂട്ടുന്നതിൽനിന്നവരെ തടയാനാവുമെന്നും, കുത്തകമൂലധനത്തിൻെറ പ്രത്യാക്രമണത്തെ പിന്നോട്ടടിക്കാനാവു മെന്നും തങ്ങളുടെ ദൈനികങ്ങളും ജീവൽപ്രധാനങ്ങളും ജനാധിപ ത്യപരങ്ങളുമായ അവകാശങ്ങരം നേടാനാവുമെന്നും പറയുന്നത് ശരി യായിരിക്കും.

അധ്വാനിക്കുന്ന ജനതയുടെ ജീവിതനില മെച്ചപ്പെടുത്തുന്നതി നും അവരുടെ ജനാധിപത്യാവകാശങ്ങരം സംരക്ഷിക്കുകയും വിപു ലമാക്കുകയും ചെയ്യുന്നതിനും ദേശീയസ്വാതന്ത്ര്യം നേടുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനും രാഷ്ട്രങ്ങരംക്കിടയിൽ സമാ ധാനം സ്ഥാപിക്കുന്നതിനുംവേണ്ടിയെന്നപോലെ ഭരണാധികാരം നേടുകയും സോഷ്യലിസം നിർമിക്കുകയും ചെയ്യുന്നതിനുംവേ ണ്ടിയുള്ള ഇരുസമരങ്ങളിലും സോഷ്യലിസ്ററ് പാർടികളുമായി സഹകരണം വേണമെന്ന് കമ്യൂണിസ്ററ്പാർടികരം വാദിക്കുന്നു. പൊരുത്തക്കേടില്ലാത്തതും ശാസ്ത്രീയമായി സാധൂകരിക്കപ്പെട്ടതും ജീവിതം സ്ഥിരീകരിച്ചതുമായ മാർക്സിസം-ലെനിനിസത്തിൻെറ മഹത്തായ സിദ്ധാന്തവും സോഷ്യലിസ്ററ് നിർമാണത്തിൻെറ സ മ്പന്നമായ സാർവദേശീയാനുഭവവും കമ്യൂണിസ്ററുകാർക്കുണ്ട്. സോഷ്യൽ ഡമോക്രാററുകാരുമായി ചർച്ചകരം നടത്താൻ അവർ തയ്യാറാണ്. എന്തുകൊണ്ടെന്നാൽ, അധ്വാനിക്കുന്ന ജനങ്ങരംക്കിട യിൽ രൂഢമൂലമായിരിക്കുന്ന കാലുഷ്യങ്ങളും ഭിന്നിപ്പും ദൂരീകരി ക്കുകയും സഹകരണം സ്ഥാപിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യ ത്തോടെ അഭിപ്രായങ്ങളും ആശയങ്ങളും അനുഭവവും താരതമ്യപ്പെ ടുത്താനുള്ള ഏററവും നല്ല മാർഗം അതാണെന്നവർക്കുറപ്പുണ്ട്.

കമ്യൂണിസ്ററ്പ്രസ്ഥാനത്തെയും അതിൻെറ ആശയസംഹി തയെയും പററി അവിശ്വാസം ഉദ്ദീപിപ്പിക്കാൻ ശ്രമിക്കുന്ന സാ മ്രാജ്യത്വചിന്തിരിപ്പൻമാർ, മുതലാളിത്തവ്യവസ്ഥയെ മറിച്ചിടുക യും സോഷ്യലിസ്ററ് വ്യവസ്ഥിതി സ്ഥാപിക്കുകയും ചെയ്യ ണമെങ്കിൽ സ്റേററുകരം തമ്മിൽ യുദ്ധമുണ്ടാകണമെന്ന് കമ്യൂ ണിസ്ററുകാർ കരുതുന്നതായാരോപിച്ചുകൊണ്ട് ബഹുജനങ്ങളെ ഇപ്പോഴും പേടിപ്പെടുത്തുന്നുണ്ട്. കമ്യൂണിസ്ററ്പാർടികരം ഈ അപവാദത്തെ ശക്തമായി നിരസിക്കുന്നു, സാമ്രാജ്യവാദികരം ആ രംഭിച്ച ഇരു ലോകയുദ്ധങ്ങളും സോഷ്യലിസ്ററ്വിപ്ളവങ്ങ ളിൽ ചെന്നവസാനിച്ചുവെന്ന വസ്തുതയ്ക്ക്, സാമൂഹ്യവിപ്ളവ

ങ്ങളുടെ പാത അവശ്യമായും ലോകയുദ്ധത്തിലൂടെയാണെന്ന്, വിശേഷിച്ചും സോഷ്യലിസത്തിന്റേതായ പ്രബലമായൊരു ലോകവ്യവസ്ഥിതി നിലനിൽക്കുന്ന ഇന്ന് ഒരിക്കലും അർത്ഥമില്ല. സ്റേററുകൾതമ്മിലുള്ള യുദ്ധത്തിലൂടെയാണ് സാമൂഹ്യവിപ്ളവങ്ങളുടെ പാത കിടക്കുന്നതെന്ന് മാർക്സിസ്ററ്—ലെനിനിസ്ററുകാർ ഒരിക്കലും കരുതിയിട്ടില്ല.

സാമൂഹ്യവ്യവസ്ഥ തെരഞ്ഞെടുക്കുവാനുള്ള അവകാശം ഓരോ രാജ്യത്തിലെയും ജനതയുടെ അപഹരിക്കാനാകാത്ത അവകാശമത്രേ. സോഷ്യലിസ്ററ്വിപ്ളവം ഇറക്കുമതിചെയ്യാവുന്ന ഒന്നല്ല; പുറമേനിന്ന് കെട്ടിയേൽപിക്കാനുമാവില്ല. അതതു രാജ്യങ്ങളിലെ ആഭ്യന്തരവികാസത്തിന്റെ, അവിടങ്ങളിലെ, സാമൂഹ്യവൈരുധ്യങ്ങൾ അത്യന്തം രൂക്ഷമാകുന്നതിന്റെ ഒരു ഫലമാണത്. മാർക്സിസ്ററ്—ലെനിനിസ്ററ് സിദ്ധാന്തത്തെ വഴികാട്ടിയായി സ്വീകരിക്കുന്ന കമ്യൂണിസ്ററ്പാർടികൾ എന്നും വിപ്ളവം കയററുമതി ചെയ്യുന്നതിനെ എതിർത്തിട്ടുണ്ട്. അതേസമയം എതിർവിപ്ളവം കയററിഅയക്കാൻ നോക്കുന്ന സാമ്രാജ്യാധിപതികൾക്കെതിരായും അവർ ഉറച്ചുനിന്നു പോരാടുന്നു. യോജിച്ചുനിൽക്കുവാനും, തങ്ങളുടെ എല്ലാ ആഭ്യന്തരശക്തികളെയും അണിനിരത്തുവാനും ഊർജസ്വലമായ നടപടികളെടുക്കുവാനും വിപ്ളവക്കൊടി ഉയർത്തുന്ന ഏതെങ്കിലും ജനതയുടെ കാര്യങ്ങളിൽ സാമ്രാജ്യത്വം ഇടപെടുന്നതിനെ ലോകസോഷ്യലിസ്ററ് വ്യവസ്ഥയുടെ ശക്തിയെ ആശ്രയിച്ചുകൊണ്ട് തടയുകയോ സുദൃഢമായി ചെറുക്കുകയോ ചെയ്യുവാനും എല്ലാ രാജ്യങ്ങളിലെയും ജനതകളെ ആഹ്വാനംചെയ്യേണ്ടത് തങ്ങളുടെ സാർവദേശീയ കടമയാണെന്നും അവർ കരുതുന്നു.

സോഷ്യലിസ്ററ്വിപ്ളവം നിർവഹിക്കുന്നതിനും ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിലുള്ള തൊഴിലാളിവർഗത്തിന്റെ, അധ്വാനിക്കുന്ന ബഹുജനസാമാന്യത്തിന്റെ സമരത്തെ മാർക്സിസ്ററ്—ലെനിനിസ്ററ്പാർടികൾ നയിക്കുന്നു. അതത് നാട്ടിനകത്തെ വ്യത്യസ്തവർഗങ്ങളുടെ പ്രത്യേക ബലാബലത്തെയും, തൊഴിലാളിവർഗത്തിന്റെയും അതിന്റെ മുന്നണിയുടെയും സംഘടനയുടെയും പക്വതയെയും, ഭരണവർഗങ്ങളുടെ ചെറുത്തുനിൽപിന്റെ തോതിനെയും ആശ്രയിച്ചിരിക്കും സോഷ്യലിസ്ററ് വിപ്ളവത്തിന്റെ രൂപങ്ങളും വികാസഗതിയും. ഏതു രൂപത്തിലുള്ള തൊഴിലാളിവർഗസർവാധിപത്യം സ്ഥാപിതമായാലുംശരി, അതെപ്പോഴും ജനാധിപത്യത്തിന്റെ വിപുലീകരണത്തെ കുറിക്കുന്നു. ഔപചാരികമായ ബൂർഷ്വാജനാധിപത്യത്തിൽനിന്നും യഥാർഥ ജനാധിപത്യത്തിലേക്കുള്ള, അധ്വാനിക്കുന്ന ജനങ്ങളുടെ ജനാധിപത്യത്തിലേക്കുള്ള, പരിവർത്തനത്തെ അത് കുറിക്കുന്നു.

മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേക്കുള്ള വ്യത്യസ്തനാടുകളുടെ പരിവർത്തനരൂപങ്ങളെക്കുറിച്ച് 1957ലെ പ്രഖ്യാ

പനം ഉന്നയിച്ച പ്രമാണങ്ങളെ കമ്യൂണിസ്ററ് പാർടികഠം ഒരിക്കൽ കൂടി ശരിവയ്ക്കുന്നു.

തൊഴിലാളിവർഗവും അതിൻെറ മുന്നണിയും—മാർക്സിസ്ററ്—ലെനിനിസ്ററ് പാർടി—സമാധാനപരമായ മാർഗങ്ങളിലൂടെ സോഷ്യലിസ്ററ് വിപ്ളവം സാധിക്കാൻ ശ്രമിക്കുന്നുവെന്ന് ആ പ്രഖ്യാപനം ചൂണ്ടിക്കാണിച്ചിരുന്നു. തൊഴിലാളിവർഗത്തിൻെറയും മൊത്തത്തിൽ ജനങ്ങളുടെയും താൽപര്യങ്ങഠംക്ക്, നാടിൻെറ ദേശീയതാൽപര്യങ്ങഠംക്ക്, നിരക്കുന്ന ഒന്നാണിത്.

ഏകീകൃതമായൊരു തൊഴിലാളിവർഗവും വിവിധ പാർടികളും പൊതുസംഘടനകളും തമ്മിൽ ഒരു ജനകീയമുന്നണിയും അല്ലെങ്കിൽ മറേറതെങ്കിലും രൂപത്തിലുള്ള ഒത്തുതീർപ്പുകളും രാഷ്ട്രീയ സഹകരണവും ഉണ്ടെങ്കിൽ പല രാജ്യങ്ങളും തൊഴിലാളിവർഗത്തിന് അതിൻെറ മുന്നണിയുടെ നേതൃത്വത്തിൽ ബഹുഭൂരിപക്ഷം ജനങ്ങളെ യോജിപ്പിക്കുവാനും ആഭ്യന്തരയുദ്ധം കൂടാതെ ഭരണാധികാരം നേടാനും, ജനങ്ങളുടെ കൈകളിലേക്ക് മൗലികങ്ങളായ ഉൽപാദനോപകരണങ്ങഠം കൈമാററം ചെയ്യുന്നതിനുറപ്പുണ്ടാക്കാനും ഉള്ള അവസരം ഇന്ന് സംജാതമായിട്ടുണ്ട്. ബഹുഭൂരിപക്ഷം ജനങ്ങളെ ആശ്രയിച്ചുകൊണ്ടും മുതലാളികളും ഭൂവുടമകളുമായി സന്ധിചെയ്യുകയെന്ന നയം ഉപേക്ഷിക്കാൻ കഴിയാത്ത അവസരവാദശക്തികളെ സുദൃഢമായെതിർത്തുകൊണ്ടും തൊഴിലാളിവർഗത്തിന് പിന്തിരിപ്പൻവിരുദ്ധശക്തികളെ തോൽപിക്കാൻ കഴിയും; പാർലമെൻറിൽ ഉറച്ച ഭൂരിപക്ഷം നേടാൻ കഴിയും; പാർലമെൻറിനെ ബൂർഷ്വാസിയുടെ വർഗതാൽപര്യങ്ങളെ സേവിക്കുന്ന ഒരു ഉപകരണമെന്നതിൽ നിന്ന് അധ്വാനിക്കുന്ന ജനതയെ സേവിക്കുന്ന ഒരുപകരണമാക്കി മാററാൻ കഴിയും; പാർലമെൻറിനു പുറത്ത് ബഹുജനസമരം അഴിച്ചുവിടുകയും പിന്തിരിപ്പൻശക്തികളുടെ ചെറുത്തുനിൽപിനെ തരിപ്പണമാക്കുകയും സോഷ്യലിസ്ററ്വിപ്ളവത്തിൻെറ സമാധാനപരമായ സാക്ഷാത്കരണത്തിനാവശ്യമായ സാഹചര്യങ്ങഠം സൃഷ്ടിക്കുകയും ചെയ്യാൻ കഴിയും.

കുത്തകമൂലധനത്തിനും പ്രതിലോമശക്തികഠംക്കുമെതിരായും അവഗാഢമായ സാമൂഹ്യപരിഷ്കാരങ്ങഠംക്കും സമാധാനത്തിനും സോഷ്യലിസത്തിനും വേണ്ടിയും തൊഴിലാളികളുടെയും കർഷകബഹുജനങ്ങളുടെയും നഗരങ്ങളിലെ ഇടത്തരക്കാരുടെയും വർഗസമരം വിപുലമായും അനവരതമായും വളർത്തിക്കൊണ്ടുവന്നാൽ മാത്രമേ ഇതെല്ലാം സാധിക്കുകയുള്ളു.

ജനങ്ങഠംക്കെതിരായി ചൂഷകവർഗങ്ങഠം അക്രമമുപയോഗിക്കുന്ന സാഹചര്യത്തിൽ സോഷ്യലിസത്തിലേക്കുള്ള സമാധാനേതരപരിവർത്തനത്തിൻെറ സാധ്യതയും വിസ്മരിക്കരുത്. ഭരണവർഗങ്ങഠം സ്വമേധയാ അധികാരം ഉപേക്ഷിക്കയില്ലെന്ന് ലെനിനിസം പഠിപ്പിക്കുന്നു, അനുഭവം സ്ഥിരീകരിക്കുന്നു. ആ സന്ദർഭത്തിൽ വിദേ

ഷത്തിന്റെ അളവും വർഗസമരത്തിന്റെ രൂപങ്ങളും തൊഴിലാളിവർഗത്തെ എന്നതിലധികം, ബഹുഭൂരിപക്ഷം ജനതയുടെ ഇച്ഛാശക്തിക്കെതിരായ പിന്തിരിപ്പൻവൃത്തങ്ങളുടെ ചെറുത്തുനിൽപിനെയും, സോഷ്യലിസത്തിനുവേണ്ടിയുള്ള സമരത്തിന്റെ ഒരു ഘട്ടത്തിലല്ലെങ്കിൽ മറ്റൊരു ഘട്ടത്തിൽ ഈ വൃത്തങ്ങൾ പ്രയോഗിക്കുന്ന ബലപ്രയോഗത്തെയുമാണ്, ആശ്രയിച്ചിരിക്കുന്നത്.

ഓരോ രാജ്യത്തിലെയും സോഷ്യലിസത്തിലേക്കുള്ള പരിവർത്തനമാർഗം ഏതായിരിക്കുമെന്നത് സമൂർത്തമായ ചരിത്രസാഹചര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു.

കമ്യൂണിസം ഏറ്റവും പുരോഗമനോൻമുഖമായ ഒരു സിദ്ധാന്തം മാത്രമല്ല. മറിച്ച്, മുതലാളിത്തത്തിന്റെമേൽ അതിനുള്ള മെച്ചം തെളിയിച്ചുകഴിഞ്ഞിട്ടുള്ളതും യഥാർഥത്തിൽ നിലനിൽക്കുന്നതുമായ ഒരു സാമൂഹ്യവ്യവസ്ഥയായിത്തീർന്നിരിക്കുന്ന നമ്മുടെ ഈ യുഗത്തിൽ, മുതലാളിത്തവർഗം തൊഴിലാളിവർഗത്തിന്നെതിരായി സമരം നടത്താനുപയോഗിക്കുന്ന മുദ്രാവാക്യമായ കമ്യൂണിസ്റ്റ്‌വിരോധത്തെ ഊർജസ്വലമായി തുറന്നുകാണിച്ചുകൊണ്ട് കമ്യൂണിസ്റ്റ് പാർടികളുടെ സ്വാധീനശക്തി വികസിപ്പിക്കുവാൻ കമ്യൂണിസ്റ്റാശയങ്ങളുടെ കൊടിക്കീഴിലേക്ക് അധ്വാനിക്കുന്ന ജനങ്ങളുടെ വമ്പിച്ച വിഭാഗങ്ങളെ ആകർഷിക്കുവാനും വളരെയേറെ അനുകൂലമാണ് സാഹചര്യങ്ങൾ.

തൊഴിലാളിവർഗപ്രസ്ഥാനത്തിന്റെ ഉദയവേളയിൽ തൊഴിലാളിവർഗത്തിനും മാർക്സിസ്റ്റ് ആശയസംഹിതക്കുമെതിരായ സമരത്തിൽ മുതലാളിവർഗത്തിന്റെ ആശയപരമായ പ്രധാനായുധമായാണ് കമ്യൂണിസ്റ്റ് വിരോധമുത്ഭവിച്ചത്. വർഗസമരം രൂക്ഷമായി വളർന്നതോടെ വിശേഷിച്ചും ലോകസോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ രൂപീകരണത്തോടെ, കമ്യൂണിസ്റ്റ്‌വിരോധം കൂടുതൽ ദുഷ്ടവും സൂക്ഷ്മവുമായിത്തീർന്നു. ബൂർഷ്വാതത്വസംഹിതയിലെ അഗാധമായ കുഴപ്പത്തെയും പാപ്പരത്തത്തെയും സൂചിപ്പിക്കുന്ന കമ്യൂണിസ്റ്റ്‌വിരോധം മാർക്സിസ്റ്റ് സിദ്ധാന്തത്തെ ഭയങ്കരമായി വളച്ചൊടിക്കുന്നു; സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതിക്കെതിരായി പ്രാകൃതങ്ങളായ അപവാദങ്ങൾ പരത്തുന്നു; കമ്യൂണിസ്റ്റ്‌നയങ്ങളെയും ലക്ഷ്യങ്ങളെയും തെറ്റായ വെളിച്ചത്തിൽ അവതരിപ്പിക്കുന്നു; ജനാധിപത്യസമാധാനശക്തികളെയും സംഘടനകളെയും വേട്ടയാടുന്നു.

അധ്വാനിക്കുന്ന ജനങ്ങളുടെ താൽപര്യങ്ങളെ ഫലപ്രദമായി പരിരക്ഷിക്കുകയും സമാധാനം നിലനിർത്തുകയും തൊഴിലാളിവർഗത്തിന്റെ സമാധാനലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുകയും വേണമെങ്കിൽ, കമ്യൂണിസ്റ്റ് വിരോധത്തിനെതിരായി—സോഷ്യലിസത്തിൽനിന്ന് ബഹുജനങ്ങളെ വേലികെട്ടിയകറ്റുവാൻവേണ്ടി ബൂർഷ്വാസി ഉപയോഗിക്കുന്ന വിഷലിപ്തമായ ആയുധത്തിനെതി

രായി—സുദൃഢമായി പോരാടുകയെന്നത് ഒഴിച്ചുകൂടാൻവയ്യാത്ത തത്രെ. ബഹുജനങ്ങാംക്ക് സോഷ്യലിസത്തിൻെറ ആശയങ്ങാം വിശദീകരിച്ചുകൊടുക്കുന്നതിന്, വിപ്ളവത്തിൻെറ സ്പിരിട്ടിൽ തൊഴിലാളിവർഗത്തെ പഠിപ്പിക്കുന്നതിന്, അവരുടെ വിപ്ളവവർഗബോധം വളർത്തുന്നതിന് ലോകസോഷ്യലിസ്ററ്വ്യവസ്ഥയിലെ രാജ്യങ്ങളുടെ അനുഭവങ്ങളെ പരാമർശിച്ചുകൊണ്ടും ഓരോ രാജ്യത്തിലെയും തൊഴിലാളികാംക്കും കൃഷിക്കാർക്കും മററു ജനവിഭാഗങ്ങാംക്കും സോഷ്യലിസം പ്രദാനംചെയ്യുന്ന ഗുണങ്ങളെ സമൂർത്തരൂപത്തിൽ വ്യക്തമാക്കിക്കൊണ്ടും സോഷ്യലിസ്ററ് സാമൂഹ്യവ്യവസ്ഥിതിയുടെ മെച്ചത്തെപ്പററി അധ്വാനിക്കുന്ന എല്ലാ ജനങ്ങളെയും ബോധ്യപ്പെടുത്തുന്നതിന് വളരെകൂടുതൽ ശ്രദ്ധിക്കേണ്ടതായുണ്ട്.

കമ്യൂണിസം ജനങ്ങാംക്ക് യുദ്ധഭീതിയിൽനിന്ന് മോചനത്തിനുറപ്പുനൽകുന്നു; സാമ്രാജ്യത്വമർദനത്തിൽനിന്നും ചൂഷണത്തിൽനിന്നും, തൊഴിലില്ലായ്മയിൽനിന്നും ദാരിദ്ര്യത്തിൽനിന്നും മോചനത്തിനുറപ്പുനൽകുന്നു; സാമാന്യമായ ഐശ്വര്യവും ഉയർന്ന ജീവിതനിലവാരവും ഉറപ്പുചെയ്യുന്നു; സാമ്പത്തികക്കുഴപ്പങ്ങളുടെ ഭീതിയിൽനിന്നും സ്വാതന്ത്ര്യം ഉറപ്പുചെയ്യുന്നു; സമൂഹത്തിൻെറയാകെ നൻമയ്ക്കുവേണ്ടി ഉൽപാദനശക്തികളുടെ ത്വരിതമായ വളർച്ചയ്ക്കുറപ്പുനൽകുന്നു.; വ്യക്തിയുടെമേൽ പണച്ചാക്കുകാം നടത്തുന്ന ഭീകരതയിൽനിന്ന് മോചനം കിട്ടുന്നതിനും മനുഷ്യൻെറ സർവതോമുഖമായ ആത്മീയവികാസത്തിനുറപ്പുനൽകുന്നു; മനുഷ്യൻെറ കഴിവുകളുടെ പരിപൂർണവികാസത്തിനും സമൂഹത്തിൻെറ അളവററ ശാസ്ത്രീയ—സാംസ്കാരിക പുരോഗതിക്കുമുറപ്പുനൽകുന്നു. ഒരുപിടി ചൂഷകരൊഴിച്ചുള്ള എല്ലാവിഭാഗം ജനങ്ങാംക്കും പുതിയ സാമൂഹ്യവ്യവസ്ഥിതിയുടെ വിജയംകൊണ്ട് നേട്ടങ്ങളേയുള്ളു. മുതലാളിത്തരാജ്യങ്ങളിലെ ദശലക്ഷക്കണക്കിനുള്ള ജനങ്ങളെ ഇത് ബോധ്യപ്പെടുത്തണം.

# ലോക കമ്യൂണിസ്ററ് പ്രസ്ഥാനത്തിന്റെ ഐക്യവും ദൃഢീകരണവും

ലോക കമ്യൂണിസ്ററ് പ്രസ്ഥാനം നമ്മുടെ കാലത്തെ ഏററവും സ്വാധീനം ചെലുത്തുന്ന രാഷ്ട്രീയശക്തിയായി, സാമൂഹ്യപുരോഗതിയിലെ ഏററവും പ്രധാനപ്പെട്ട ഒരു ഘടകമായിത്തീർന്നിരിക്കുന്നു. സാമ്രാജ്യത്വപിന്തിരിപ്പത്തത്തിന്നെതിരായി തൊഴിലാളിവർഗത്തിന്റെയും അധ്വാനിക്കുന്ന മററെല്ലാജനങ്ങളുടെയും താൽപര്യങ്ങൾക്കുവേണ്ടി, സമാധാനത്തിനുവേണ്ടി, ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടി, ജനാധിപത്യത്തിനും സോഷ്യലിസത്തിനുംവേണ്ടി, പോരാടുന്നതിലൂടെ കമ്യൂണിസ്ററ്പ്രസ്ഥാനം അചഞ്ചലം മുന്നേറുകയാണ്, ശക്തിപ്പെടുകയാണ്, ഉരുക്കുപോലെ ഉറച്ചുകൊണ്ടുവരികയാണ്.

ഇന്ന് കമ്യൂണിസ്ററ്പാർടികൾ, ലോകത്തിലെ 87 രാജ്യങ്ങളിൽ പ്രവർത്തിക്കുന്നു. അവയുടെ മൊത്തം അംഗസംഖ്യ 3,60,00,000-ൽ പരമാണ്. മാർക്സിസം—ലെനിനിസത്തിന്റെ അത്യുൽകൃഷ്ടമായൊരുവിജയമാണിത്; തൊഴിലാളിവർഗത്തിന്റെ വമ്പിച്ച നേട്ടം. കൊളോണിയൽഭീകരതയെ വലിച്ചെറിയുകയും സ്വതന്ത്രവികാസത്തിന്റെ പാത സ്വീകരിക്കുകയും ചെയ്തിരിക്കുന്ന രാജ്യങ്ങളിൽ ഒരേതരത്തിൽ ചിന്തിക്കുന്ന മാർക്സിസ്ററുകാർ ഒന്നിച്ചണിനിരന്നുകൊണ്ടിരിക്കുന്നു. സ്വന്തംരാജ്യങ്ങളിലെ തൊഴിലാളിവർഗവും സാമ്രാജ്യത്വത്തിന്നെതിരായ പൊതുസമരത്തിൽ സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളിലെ തൊഴിലാളിവർഗപ്രസ്ഥാനവും തമ്മിൽ സൗഹാർദവും ഐക്യവും വളർത്തുകയെന്നത് കമ്യൂണിസ്ററ്പാർടികൾ അവരുടെ സാർവദേശീയ കടമയായി കരുതുന്നു.

കമ്യൂണിസ്ററ്പാർടികളുടെ വളർച്ച, സംഘടനാപരമായി അവയുടെ ദൃഢീകരണം, പാളിച്ചകൾക്കെതിരായ സമരത്തിൽ പല രാജ്യങ്ങളിലെയും കമ്യൂണിസ്ററ്പാർടികൾ നേടിയ വിജയങ്ങൾ വ്യക്തിപ്രഭാവത്തിന്റെ ദോഷകരമായ അനന്തരഫലങ്ങളുടെ ഉൻമൂലനം, ലോക കമ്യൂണിസ്ററ് പ്രസ്ഥാനത്തിന്റെ വർധമാനമായ

സ്വാധീനശക്തി—ഇതെല്ലാം കമ്യൂണിസ്ററ്പാർടികളെ അഭിമുഖീകരിക്കുന്ന കടമകഠം വിജയപൂർവം നിർവഹിക്കുന്നതിനുള്ള പുതിയ സാധ്യതകഠം തുറന്നിരിക്കുന്നു.

മാർക്സിസ്ററ്—ലെനിനിസ്ററ് പാർടികഠം, ജനാധിപത്യകേന്ദ്രീകരണമെന്ന തത്വത്തിന്നനുസാരമായി പാർടിജീവിതത്തിൻെറ ലെനിനിസ്ററ്പ്രമാണങ്ങഠം പതറിച്ചയില്ലാതെ അനുഷ്ഠിക്കുകയെന്നത് തങ്ങളുടെ പ്രവർത്തനത്തിൻെറ അലംഘനീയനിയമമായി കരുതുന്നു; പാർടിയുടെ ഐക്യത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കണമെന്നും, പാർടി ജനാധിപത്യത്തിൻെറയും കൂട്ടായ നേതൃത്വത്തിൻെറയും തത്വത്തെ കർശനമായി പാലിക്കണമെന്നും അവർ കരുതുന്നു. എന്തെന്നാൽ ലെനിനിസത്തിൻെറ സംഘടനാതത്വങ്ങഠംക്കൊത്ത് പാർടിജീവിതത്തിൽ പാർടിയുടെ നേതൃത്വഘടകങ്ങഠംക്കുള്ള പങ്കിന് അവർ വലിയ പ്രാധാന്യം കൽപിക്കുന്നു; പാർടിഅംഗങ്ങളും അധ്വാനിക്കുന്ന വിപുല ജനവിഭാഗങ്ങളുമായി പാർടിയുടെ നേതൃത്വഘടകങ്ങളുടെ ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള അക്ഷീണപ്രവർത്തനത്തിനും കമ്യൂണിസ്ററുകാരുടെ ക്രിയാത്മകമായ ചിന്തയെയും മുൻകയ്യിനെയും ചങ്ങലക്കിടുന്ന വ്യക്തിപ്രഭാവസിദ്ധാന്തം തലപൊക്കാൻ അനുവദിക്കാതിരിക്കുന്നതിനും വേണ്ടി കമ്യൂണിസ്ററുകാരുടെ പ്രവർത്തനത്തെ ഊർജസ്വലമായി വളർത്തുന്നതിനും പാർടിയുടെ അണികളിൽവിമർശനം—സ്വയംവിമർശനം പ്രോത്സാഹിപ്പിക്കുന്നതിനും അവർ വലിയ പ്രാധാന്യം കൽപിക്കുന്നു.

മാർക്സിസ്ററ്—ലെനിനിസ്ററ് പാതയിൽനിന്ന് പാർടിയെ വ്യതിചലിപ്പിക്കാൻ ശ്രമിച്ച, പാർടിയുടെ അണികളിലുള്ള തിരുത്തിയെഴുതൽവാദക്കാരെ പ്രത്യയശാസ്ത്രപരമായി പരാജയപ്പെടുത്തുന്നതിൽ കമ്യൂണിസ്ററ്പാർടികഠം വിജയിച്ചിട്ടുണ്ട്. തിരുത്തിയെഴുതൽ വാദത്തിനും വലതുപക്ഷ അവസരവാദത്തിനും എതിരായ സമരത്തിൻെറ ഫലമായി ഓരോ കമ്യൂണിസ്ററ്പാർടിയും സാർവദേശീയ കമ്യൂണിസ്ററ് പ്രസ്ഥാനമാകെയും, ആശയപരമായും, സംഘടനാപരമായും, കൂടുതൽ പ്രബലമായിട്ടുണ്ട്.

സാർവദേശീയാവസരവാദത്തിൻെറ യുഗോസ്ലാവിയൻ രൂപത്തെ—നവീന തിരുത്തിയെഴുതൽവാദ 'സിദ്ധാന്ത'ങ്ങളുടെ കേന്ദ്രീകൃതരൂപമാണത്—കമ്യൂണിസ്ററ് പാർടികഠം ഏകകണ്ഠമായി അധിക്ഷേപിച്ചിട്ടുണ്ട്. പഴഞ്ചനെന്നു പറഞ്ഞ് മാർക്സിസം—ലെനിനിസത്തെ വഞ്ചിച്ചതിനുശേഷം, 'ലീഗ് ഓഫ് കമ്യൂണിസ്ററ്സ് ഓഫ് യുഗോസ്ലാവിയ' (എൽ. സി. വൈ.)യുടെ നേതാക്കഠം അവരുടെ ലെനിനിസ്ററ് വിരുദ്ധമായ തിരുത്തിയെഴുതൽ പരിപാടിയെ 1957ലെ പ്രഖ്യാപനത്തിന്നെതിരായി ഉയർത്തിപ്പിടിച്ചു. അവർ എൽ. സി. വൈ. യെ സാർവദേശീയ കമ്യൂണിസ്ററ്പ്രസ്ഥാനത്തിനാകെ എതിരായി തിരിച്ചുവിട്ടു; സോഷ്യലിസ്ററ്ചേരി

യിൽനിന്ന് സ്വന്തം രാജ്യത്തെ വേർപെടുത്തി; നാടിനെ അമേരിക്കയുടെയും മററു പാശ്ചാത്യവാദികളുടെയും സഹായത്തിന് ആശ്രിതമാക്കി; അങ്ങനെ യുഗോസ്ലാവ്ജനതയുടെ വീരോചിതമായ സമരത്തിലൂടെ നേടിയ വിപ്ളവനേട്ടങ്ങൾ നഷ്ടമാകുക എന്ന വിപത്തിനുപോലും അവരെ വിധേയമാക്കിയിരിക്കുന്നു. സോഷ്യലിസ്ററ്ചേരിക്കും ലോക കമ്യൂണിസ്ററ്പ്രസ്ഥാനത്തിനും എതിരായി യുഗോസ്ലാവ് തിരുത്തിയെഴുതൽവാദക്കാർ അട്ടിമറിപ്പണി നടത്തുന്നു. 'ബ്ലോക്കില്ലാ'നയമനുവർത്തിക്കുന്നുവെന്നഭിനയിച്ചുകൊണ്ട് സമാധാനസ്നേഹികളായ എല്ലാ ശക്തികളുടെയും നാടുകളുടെയും ഐക്യത്തെ അവർ അപകടപ്പെടുത്തുന്നു. യുഗോസ്ലാവ് തിരുത്തിയെഴുതൽവാദക്കാരുടെ നേതാക്കളെ ഇനിയും തുറന്നുകാണിക്കുകയും, യുഗോസ്ലാവ് തിരുത്തിയെഴുതൽവാദക്കാരുടെ ലെനിനിസ്ററ് വിരുദ്ധ ആശയങ്ങളിൽനിന്ന് കമ്യൂണിസ്ററ്പ്രസ്ഥാനത്തെ പരിരക്ഷിക്കുവാനുള്ള സജീവസമരം നടത്തുകയും ചെയ്യുകയെന്നുള്ളത് മാർക്സിസ്ററ്—ലെനിനിസ്ററ് പാർടികളുടെ അവശ്യകടമകളിലൊന്നായിത്തന്നെ ഇന്നും നിലനിൽക്കുന്നു.

തൊഴിലാളിവർഗത്തിൻെറ പ്രായോഗികസമരങ്ങളും സാമൂഹ്യവികാസത്തിൻെറ മുഴുവൻഗതിയും, മാർക്സിസം—ലെനിനിസത്തിൻെറ മഹത്തും സർവവിജയിയുമായ ശക്തിക്കും ഓജസ്സിനും ഉൽകൃഷ്ടമായ പുതിയ തെളിവു നൽകിയിരിക്കുന്നു. അവ എല്ലാ നവീന തിരുത്തിയെഴുതൽ'സിദ്ധാന്ത'ങ്ങളെയും നിശ്ശേഷം നിഷേധിച്ചിരിക്കുന്നു.

1957ലെ മോസ്കൊപ്രഖ്യാപനത്തിൽ പ്രസ്താവിച്ചതുപോലെ കമ്യൂണിസ്ററ് തൊഴിലാളിവർഗപ്രസ്ഥാനത്തിൻെറ ഇനിയുമുള്ള വികാസത്തിന് രണ്ടു രംഗങ്ങളിൽ സുദൃഢമായ സമരം തുടർന്നു നടത്തണം——മുഖ്യവിപത്തായി തുടരുന്ന തിരുത്തിയെഴുതൽവാദത്തിന്നെതിരായും, വരട്ടുതത്വവാദത്തിനും വിഭാഗീയ (സെക്ടേറിയനിസം) ചിന്താഗതിക്കുമെതിരായും.

സിദ്ധാന്തത്തിലും പ്രയോഗത്തിലും ബൂർഷ്വാപ്രത്യയശാസ്ത്രത്തെ പ്രതിഫലിപ്പിക്കുന്ന തിരുത്തിയെഴുതൽവാദം, വലതുപക്ഷ അവസരവാദം, മാർക്സിസം—ലെനിനിസത്തെ വളച്ചൊടിക്കുന്നു. തൊഴിലാളിവർഗത്തിൻെറ വിപ്ളവകരമായ ഇച്ഛാശക്തിയെ മരവിപ്പിക്കുന്നു. അതിൻെറ വിപ്ളവസത്തയെ ഊററിക്കളയുന്നു; അങ്ങനെ സാമ്രാജ്യവാദികളുടെയും ചൂഷകരുടെയും മർദനത്തിന്നെതിരായ, സമാധാനത്തിനും ജനാധിപത്യത്തിനും ദേശീയവിമോചനത്തിനും സോഷ്യലിസത്തിൻെറ വിജയത്തിനും വേണ്ടിയുള്ള, സമരത്തിൽ തൊഴിലാളിവർഗത്തിൻെറ വിപ്ളവകരമായ ഇച്ഛാശക്തിയെ നിരായുധീകരിക്കുകയും ശിഥിലീകരിക്കുകയും ചെയ്യുന്നു.

പ്രത്യേകപാർടികളുടെ വികാസത്തിന്റെ ചില ഘട്ടത്തിൽ സിദ്ധാന്തത്തിലും പ്രയോഗത്തിലും, വരട്ടുതത്വവാദവും വിഭാഗീയ ചിന്താഗതിയും മുഖ്യവിപത്തായിത്തീർന്നേക്കാം. അവയെ നിർഭയം അപ്പോഴപ്പോൾ എതിർത്തില്ലെങ്കിൽ ശാസ്ത്രീയമായ അപഗ്രഥനത്തിലൂടെ മാർക്സിസം–ലെനിനിസത്തെ വികസിപ്പിക്കുവാനും പ്രത്യേക സാഹചര്യങ്ങൾക്കനുയോജ്യമായ രീതിയിൽ സൃഷ്ട്യുൻമുഖമായി പ്രയോഗിക്കാനുമുള്ള കഴിവ് വിപ്ലവപ്പാർടികൾക്കില്ലാതാക്കുകയാണവ ചെയ്യുന്നത്. അധ്വാനിക്കുന്ന വിപുല ജനവിഭാഗങ്ങളിൽനിന്ന് കമ്യൂണിസ്ററ്പാർടികളെ അവ ഒററപ്പെടുത്തുന്നു. നിഷ്ക്രിയമായ പ്രതീക്ഷയിൽ അഥവാ, വിപ്ളവസമരത്തിൽ ഇടതുപക്ഷ–സാഹസികപ്രവർത്തനങ്ങൾ നടത്തുന്നതിൽ അവരെ കുടുക്കിയിടുന്നു; സാമ്രാജ്യത്വത്തിനും പിന്തിരിപ്പത്തിനും യുദ്ധവിപത്തിനുമെതിരായ സമരത്തിൽ എല്ലാ ജനാധിപത്യശക്തികൾക്കും തൊഴിലാളിവർഗത്തിനുംവിജയം നേടുന്നതിനുള്ള എല്ലാ അവസരങ്ങളും ഉപയോഗിക്കുന്നതിൽനിന്ന്, പുതിയ അനുഭവവും മാറുന്ന സാഹചര്യവും തക്കസമയത്ത് ശരിയായി വിലയിരുത്തുന്നതിൽനിന്ന്, പാർടികളെ തടയുന്നു; അങ്ങനെ തങ്ങളുടെ നീതിപൂർവകമായ സമരത്തിൽ വിജയം നേടുന്നതിൽനിന്ന് അവ ജനങ്ങളെ തടയുന്നു.

കമ്യൂണിസത്തോട് പോരാടാൻ സാമ്രാജ്യത്വപിന്തിരിപ്പൻ ശക്തികളാകെ ഒന്നിച്ചുചേരുന്ന ഇന്നത്തെ ഘട്ടത്തിൽ ലോകകമ്യൂണിസ്ററ് പ്രസ്ഥാനത്തെ ഊർജസ്വലമായി ഐക്യപ്പെടുത്തിയുറപ്പിക്കേണ്ടത് വിശേഷിച്ചും ആവശ്യമാണ്. സൗഹാർദബന്ധവും ഐക്യവും നമ്മുടെ പ്രസ്ഥാനത്തിന്റെ ശക്തിയെ ഇരട്ടിപ്പിക്കുന്നു. കമ്യൂണിസത്തിന്റെ മഹത്തായ ലക്ഷ്യം വിജയകരമായ പുരോഗതി നേടുമെന്നും ശത്രുക്കളുടെ എല്ലാ ആക്രമണങ്ങളെയും പിന്നോട്ടടിക്കുമെന്നുള്ളതിനും ഉറപ്പുനൽകുന്നു.

ലോകത്തിലെങ്ങുമുള്ള കമ്യൂണിസ്ററ്കാർ മാർക്സിസം–ലെനിനിസത്തിന്റെ മഹത്തായ സിദ്ധാന്തംകൊണ്ടും അത് സാക്ഷാത്കരിക്കാനുള്ള കൂട്ടായ സമരത്തിലൂടെയും ഐക്യപ്പെട്ടുനിൽക്കുന്നു. സാമ്രാജ്യത്വത്തിന്നെതിരായ, സമാധാനത്തിനും ജനാധിപത്യത്തിനും സോഷ്യലിസത്തിനുംവേണ്ടിയുള്ള, സമരത്തിലെപൊതുകടമകളെക്കുറിച്ച് സഹോദരപാർടികൾ അവരുടെ യോഗങ്ങളിൽ കൂട്ടായെടുക്കുന്ന നിഗമനങ്ങളോടും വിലയിരുത്തലുകളോടും, ഓരോ കമ്യൂണിസ്ററ്പാർടിയും യോജിച്ചുനിൽക്കണമെന്ന് കമ്യൂണിസ്ററ് പ്രസ്ഥാനത്തിന്റെ താൽപര്യങ്ങളാവശ്യപ്പെടുന്നു.

ഓരോ കമ്യൂണിസ്ററ്പാർടിയുടെയും എല്ലാ രാജ്യങ്ങളിലെയും മഹത്തായ കമ്യൂണിസ്ററ്സേനയുടെയും അണികളിൽ കൂടുതൽ അടുത്ത ഐക്യം വേണമെന്ന് തൊഴിലാളിവർഗലക്ഷ്യത്തിനുവേണ്ടിയുള്ള സമരത്തിന്റെ താൽപര്യങ്ങളാവശ്യപ്പെടുന്നു; അവ ആശയൈക്യവും പ്രവർത്തനൈക്യവും അവശ്യമാക്കിത്തീർക്കുന്നു;

ലോകകമ്യൂണിസ്ററ് പ്രസ്ഥാനത്തിൽ കൂടുതൽ ഐക്യത്തിനു വേണ്ടി തുടർച്ചയായി പ്രവർത്തിക്കുകയെന്നത് ഓരോ മാർക്സിസ്ററ്—ലെനിനിസ്ററ് പാർടിയുടെയും പരമമായ സാർവദേശീയ ചുമതലയാണ്.

ദേശീയസ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സമാധാനത്തിനുംവേണ്ടിയുള്ള സമരത്തിൽ വിജയം നേടുന്നതിനും, സോഷ്യലിസ്ററ്വിപ്ളവത്തിൻെറയും സോഷ്യലിസവും കമ്യൂണിസവും കെട്ടിപ്പടുക്കുന്നതിൻെറയും കടമകൾ വിജയപൂർവം നിർവഹിക്കുന്നതിനുമുള്ള അവശ്യോപാധിയാണ് മാർക്സിസം—ലെനിനിസത്തിൻെറയും തൊഴിലാളിവർഗസാർവദേശീയതയുടെയും തത്വങ്ങളിലുറച്ചുനിന്നുകൊണ്ട് ലോകകമ്യൂണിസ്ററ്പ്രസ്ഥാനത്തിൻെറ ഐക്യത്തെ ദൃഢമായി പരിരക്ഷിക്കുകയും, തുരങ്കംവെച്ചേക്കാവുന്ന ഏതു പ്രവൃത്തിയേയും തടയുകയും ചെയ്യുകയെന്നത്. ഈ തത്വങ്ങളുടെ ലംഘനം കമ്യൂണിസത്തിൻെറ ശക്തികളെ ദുർബലപ്പെടുത്തും.

എല്ലാ മാർക്സിസ്ററ്—ലെനിനിസ്ററ് പാർടികളും സ്വതന്ത്രങ്ങളാണ്. അവക്ക് സമാവകാശങ്ങളുണ്ട്; അതതുരാജ്യങ്ങളിലെ പ്രത്യേകസാഹചര്യങ്ങൾക്കനുസൃതമായും, മാർക്സിസ്ററ്—ലെനിനിസ്ററ് തത്വങ്ങൾക്ക് യോജിച്ചതരത്തിലും ഭാവിനയങ്ങൾ രൂപീകരിക്കുന്നു, അന്യോന്യം പിന്താങ്ങുന്നു. മാർക്സിസ്ററ്—ലെനിനിസ്ററ് പാർടികളുടെ സാർവദേശീയസാഹോദര്യം കൂടാതെ ഏതെങ്കിലുമൊരു രാജ്യത്ത് തൊഴിലാളിവർഗലക്ഷ്യം വിജയിക്കുന്നതിനെപ്പററി ചിന്തിക്കാനേവയ്യ. ഓരോ പാർടിയും തങ്ങളുടെ നാട്ടിലെ തൊഴിലാളിവർഗത്തോടും അധ്വാനിക്കുന്ന ജനങ്ങളോടും സാർവദേശീയ തൊഴിലാളിവർഗത്തോടും കമ്യൂണിസ്ററ് പ്രസ്ഥാനത്തോടുമൊട്ടാകെയും ചുമതലപ്പെട്ടിരിക്കുന്നു.

അടിയന്തരപ്രശ്നങ്ങളെപ്പററി ചർച്ചചെയ്യാനും അഭിപ്രായങ്ങൾ കൈമാററാനും ഓരോരുത്തരുടെയും അഭിപ്രായങ്ങളും നിലപാടുകളുമായി പരിചയപ്പെടാനും കൂടിയാലോചനകളിലൂടെ പൊതുഅഭിപ്രായങ്ങൾ ആവിഷ്കരിക്കാനും പൊതുലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള സമരത്തിലെ കൂട്ടായപ്രവർത്തനങ്ങളെ കൂട്ടിയിണക്കാനുംവേണ്ടി, ആവശ്യമുള്ളപ്പോഴെല്ലാം കമ്യൂണിസ്ററ്—വർക്കേഴ്സ്പാർടികൾ യോഗങ്ങളും കൂടിയാലോചനകളും നടത്തുന്നു.

എപ്പോഴെങ്കിലും ഒരു പാർടി മറെറാരു സഹോദരപ്പാർടിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച പ്രശ്നങ്ങൾ വിശദമാക്കിക്കിട്ടാൻ ആഗ്രഹിക്കുന്നുവോ, അപ്പോൾ അതിൻെറ നേതൃത്വം ബന്ധപ്പെട്ട പാർടിയുടെ നേതൃത്വത്തെ സമീപിക്കുന്നു, ആവശ്യമെങ്കിൽ അവർ യോഗം കൂടുകയും ചർച്ച നടത്തുകയും ചെയ്യുന്നു.

സമീപവർഷങ്ങളിൽകൂടിയ പാർടികളുടെ കമ്യൂ: പ്രതിനിധികളുടെ യോഗങ്ങളുടെ അനുഭവവും ഫലങ്ങളും, വിശേഷിച്ചും

രണ്ടു പ്രമുഖയോഗങ്ങളുടെ—1957 നവമ്പറിലെ യോഗത്തിന്റെയും ഈ യോഗത്തിന്റെയും—ഫലങ്ങൾ, ഇന്നത്തെ സാഹചര്യത്തിൽ, അഭിപ്രായങ്ങളും അനുഭവവും കൈമാറാനും കൂട്ടായ ശ്രമത്തിലൂടെ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തത്തെ സമ്പന്നമാക്കാനും പൊതുലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള സമരത്തിൽ ഒരു പൊതു നിലപാട് ആവിഷ്കരിക്കുവാനുമുള്ള ഫലപ്രദമായ ഒരു വേദിയാണ് ഇത്തരം യോഗങ്ങൾ എന്ന് കാണിക്കുന്നു.

സാർവദേശീയ കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ ഏററവും അനുഭവസമ്പന്നവും ഉരുക്കുപോലെ ഉറച്ചതുമായ വിഭാഗമെന്ന നിലയിൽ അന്നും ഇന്നും സോവിയററ്യൂണിയനിലെ കമ്യൂണിസ്റ്റ്പാർടി ലോകകമ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ സർവാംഗീകൃതമായ മുന്നണിയാണെന്ന് കമ്യൂണിസ്റ്റ്—വർക്കേഴ്സ്പാർടികൾ ഏകകണ്ഠമായി പ്രഖ്യാപിക്കുന്നു. തൊഴിലാളിവർഗത്തിന്റെ വിജയത്തിനുവേണ്ടിയുള്ള സമരത്തിലും, സോഷ്യലിസ്റ്റ്നിർമാണത്തിലും കമ്യൂണിസത്തിന്റെ സർവതോമുഖമായ നിർമാണത്തിലും സി. പി. എസ്. യു. നേടിയിട്ടുള്ള അനുഭവം, മുഴുവൻ ലോകകമ്യൂണിസ്റ്റ്പ്രസ്ഥാനത്തെയും സംബന്ധിച്ചിടത്തോളം മൗലികപ്രാധാന്യമുള്ളതാണ്. സി. പി. എസ്. യുവിന്റെ മാതൃകയും സഹോദരനിർവിശേഷമായ സൗഹാർദവും, സമാധാനത്തിനും സോഷ്യലിസത്തിനുംവേണ്ടിയുള്ള സമരത്തിൽ എല്ലാ കമ്യൂണിസ്റ്റ് പാർടികൾക്കും പ്രചോദനം നൽകുന്നു; അത് പ്രായോഗികമായ തൊഴിലാളിവർഗസാർവദേശീയതയുടെ വിപ്ളവതത്വങ്ങളെ പ്രതിനിധാനം ചെയ്യുന്നു. സി. പി. എസ്. യുവിന്റെ 20—ാം കോൺഗ്രസിന്റെ ചരിത്രപ്രധാനമായ തീരുമാനങ്ങൾക്ക്, സി. പി. എസ്. യുവിനെയും യു. എസ്. എസ്. ആറിലെ കമ്യൂണിസ്റ്റ് നിർമാണത്തെയും സംബന്ധിച്ചിടത്തോളം മാത്രമല്ല, വമ്പിച്ച പ്രാധാന്യമുള്ളത്; മറിച്ച് ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ പുതിയൊരു ഘട്ടം അത് ഉദ്ഘാടനം ചെയ്തു; മാർക്സിസം—ലെനിനിസത്തിന്റെ അടിസ്ഥാനത്തിൽ ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വികാസത്തെ അത് സഹായിച്ചു.

എല്ലാ കമ്യൂണിസ്റ്റ്—വർക്കേഴ്സ് പാർടികളും മാർക്സിസം-ലെനിനിസത്തിന്റെ മഹത്തായ സിദ്ധാന്തത്തിന് സംഭാവന നൽകുന്നു. എല്ലാ സഹോദര മാർക്സിസ്റ്റ്-ലെനിനിസ്റ്റ്പാർടികളും തമ്മിലുള്ള ബന്ധങ്ങളിൽ പരസ്പരസഹായവും പിന്തുണയും തൊഴിലാളിവർഗസാർവദേശീയത്വത്തിന്റെ വിപ്ളവതത്വങ്ങൾ പ്രായോഗികമായി നടപ്പിലാക്കുന്നതിന്റെ സമൂർത്തരൂപമാണ്.

പ്രത്യയശാസ്ത്രപരമായ പ്രശ്നങ്ങൾ ഇന്ന് വിശേഷിച്ചും പ്രധാനമാണ്. ബഹുജനങ്ങളെ മാനസികമായി ബൂർഷ്വാ ആശയസംഹിതയുടെ അടിമകളാക്കി നിർത്താൻ ശ്രമിക്കുന്ന ചൂഷകവർഗം ബഹുജനങ്ങളുടെ മേൽ മുമ്പെത്തേക്കാളുമധികം ആശയപരമായ

സമ്മർദം ചെലുത്തിക്കൊണ്ട് സോഷ്യലിസത്തിന്റെ നേട്ടങ്ങളുടെ സ്വാധീനം കുറയ്ക്കാൻ നോക്കുന്നു. ആശയരംഗത്ത് സുദൃഢമായ ഒരു പ്രത്യാക്രമണം നടത്തുകയും, പരിഷ്കരണവാദത്തിന്റെ ദുഷിച്ച സ്വാധീനശക്തി ഉൾപ്പെടെയുള്ള, എല്ലാ തരത്തിലുംപെട്ട ബൂർഷ്വാ ആശയസംഹിതയുടെ ആത്മീയാടിമത്തത്തിൽനിന്ന് ബഹുജനങ്ങളെ മോചിപ്പിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുകയും, സാമൂഹ്യപുരോഗതിക്കുവേണ്ടി നിലകൊള്ളുന്ന പുരോഗമനപരമായ ആശയങ്ങൾ ജനാധിപത്യസമ്പ്രദായത്തിന്റെ ആശയങ്ങളും ശാസ്ത്രീയസോഷ്യലിസത്തിന്റെ ആശയസംഹിതയും ബഹുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയും ചെയ്യുകയെന്നത് കമ്യൂണിസ്റ്റുകാർ അവരുടെ കടമയായി കരുതുന്നു.

സോഷ്യലിസ്റ്റ്‌വ്യവസ്ഥിതി സ്ഥാപിതമായതിനുശേഷവും ദീർഘമായൊരു കാലത്തേക്ക് ജനഹൃദയങ്ങളിൽ മുതലാളിത്തത്തിന്റെ അവശിഷ്ടങ്ങൾ നിലനിൽക്കുമെന്ന് ചരിത്രാനുഭവം തെളിയിക്കുന്നു. ജനങ്ങളെ കമ്യൂണിസ്റ്റ് വിദ്യാഭ്യാസം ചെയ്യിക്കുവാനും പാർടി—ഗവൺമെൻറ് പ്രവർത്തകൻമാർക്ക് കൂടുതൽ നല്ല മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പരിശീലനവും ദൃഢീകരണവും നൽകുവാനും പാർടി വിപുലമായി പണിയെടുക്കണമെന്നതാവശ്യപ്പെടുന്നു:

മാർക്സിസം—ലെനിനിസം മഹത്തായൊരു ഒത്തിണങ്ങിയ വിപ്ളവസിദ്ധാന്തമാണ്—സമാധാനത്തിനും സ്വാതന്ത്ര്യത്തിനും കൂടുതൽ മെച്ചപ്പെട്ടൊരു ജീവിതത്തിനും ഏററവും നീതിപൂർവകമായ സമൂഹത്തിന്റെ, കമ്യൂണിസത്തിന്റെ, സ്ഥാപനത്തിനും വേണ്ടിയുള്ള തങ്ങളുടെ മഹത്തായ സമരത്തിന്റെ എല്ലാ ഘട്ടങ്ങളിലും മുഴുവൻലോകത്തിലെയും തൊഴിലാളിവർഗത്തിനും അധ്വാനിക്കുന്ന ജനങ്ങൾക്കും വഴികാട്ടുന്ന ധ്രുവനക്ഷത്രമാണ്. അതിന്റെ മഹത്വം, ക്രിയാത്മകവും വിപ്ളവകരവുമായ ശക്തി കിടക്കുന്നത് ജീവിതവുമായുള്ള അഭേദ്യബന്ധത്തിലാണ്, യാഥാർത്ഥ്യത്തിന്റെ സമഗ്രമായ അപഗ്രഥനത്തിലൂടെ അത് അനുസ്യൂതം സമ്പന്നമാകുന്നതിലാണ്. മാർക്സിസം—ലെനിനിസത്തിന്റെ അടിസ്ഥാനത്തിൽ, സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സമുച്ചയവും തൊഴിലാളിവർഗ—വിമോചനപ്രസ്ഥാനങ്ങളും ചരിത്രപ്രധാനമായ മഹദ്വിജയങ്ങൾ നേടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ കമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർടികളെ അഭിമുഖീകരിക്കുന്ന എല്ലാ കടമകളും നിർവഹിക്കാനാവൂ.

മാർക്സിസം—ലെനിനിസത്തിന്റെയും തൊഴിലാളിവർഗസാർവദേശീയതയുടെയും അടിസ്ഥാനത്തിൽ കമ്യൂണിസ്റ്റ്പാർടികൾ ഇനിയും ശക്തിപ്പെടുകയും ഐക്യപ്പെടുകയും ചെയ്യേണ്ടത് എല്ലാ തൊഴിലാളിവർഗ—ജനാധിപത്യ പുരോഗമനശക്തികളുടെയും ഏകീകരണത്തിന്റെ അവശ്യോപാധിയായും, മുഴുവൻ മനുഷ്യ

രാശിക്കും സന്തുഷ്ടമായൊരു ഭാവി ഉണ്ടാക്കുന്നതിനും, സമാധാനത്തിൻെറയും സോഷ്യലിസത്തിൻെറയും ലക്ഷ്യങ്ങളുടെ വിജയത്തിനും വേണ്ടി ലോകകമ്യൂണിസ്ററ്—തൊഴിലാളിവർഗപ്രസ്ഥാനം നടത്തുന്ന മഹത്തായ സമരത്തിലെ പുതിയ വിജയങ്ങളുടെ ഉറപ്പായും, ഈ സമ്മേളനം കാണുന്നു.

*
**

16408

## വായിക്കുക പ്രചരിപ്പിക്കുക


| | |
|---|---|
| വൈരുദ്ധ്യാത്മക ഭൗതികവാദം— എം പി പരമേശ്വരൻ | വില 10.00 |
| അർഥശാസ്ത്രം—ഇ എം എസ് | വില 2.50 |
| മാർക്സിസത്തിന്റെ ബാലപാഠം— ഇ എം എസ് | വില 2.50 |
| 1951—ലെ നയപ്രഖ്യാപനം | വില 1.50 |
| കമ്യൂണിസ്റ്റ് മാനിഫെസ്റ്റൊ— മാർക്സ്, എംഗൽസ് | വില 5.00 |
| ചരിത്രത്തിന്റെ ചലനശക്തിയുള്ള വാഹനങ്ങളാണ് വിപ്ലവങ്ങൾ | വില 2.00 |
| എന്താണ് മാർക്സിസം— എമിൽ ബേൺസ് | വില 10.00 |
| ശാസ്ത്രീയ ചിന്തയുടെ പിറവി—ബി ടി രണദിവെ | വില 1.50 |
| ഇന്ത്യൻ കർഷകപ്രസ്ഥാനത്തിന്റെ ചരിത്രം— എ കെ ജി | വില 4.00 |
| അസ്തിത്വവും ചേതനയും | വില 2.00 |
| സിപിഐ(എം) പരിപാടിയെപ്പറ്റി— ബസവപുന്നയ്യ | വില 5.00 |
| വിപ്ലവകാരികളുടെ സദാചാരം— ഹോ ചി മിൻ | വില 3.00 |
| എങ്ങനെ നല്ല കമ്യൂണിസ്റ്റാകാം— ലുഷാവ് കചി | വില 10.00 |
| അധ്വാനത്തിന്റെ പങ്ക്— എംഗൽസ് | വില 1.25 |
| മേദിനത്തിന്റെ ചരിത്രം—അലക്സാണ്ടർ ട്രാഹ്തൻബർഗ് | വില 2.00 |
| കാൾമാർക്സ് പുതുയുഗത്തിന്റെ വഴികാട്ടി— ഇ എം എസ് | വില 3.00 |
| സോഷ്യലിസത്തിന്റെ അർഥശാസ്ത്രം | വില 3.50 |
| നമ്മൾ സോഷ്യലിസത്തിന്റെ കാവൽ ഭടന്മാർ —ഫിദൽകാസ്ട്രൊ | വില 1.50 |
| കമ്യൂണിസത്തെപ്പറ്റി പന്ത്രണ്ട് ചോദ്യങ്ങൾ— സ്റ്റാലിൻ | വില 2.50 |

വിതരണം:

ദേശാഭിമാനി ബുക്ക് ഹൗസ്


അച്ചടി: പി കൃഷ്ണപിള്ള മെമ്മോറിയൽ പ്രിൻറിംഗ് ആൻറ് പബ്ലിഷിങ്ങ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് തിരുവനന്തപുരം 1

## വായിക്കുക പ്രചരിപ്പിക്കുക

| | വില | |
|---|---|---|
| | രൂ | പൈ |
| സോഷ്യലിസവും മനുഷ്യനും–ചെ ഗുവേര | 2. | 00 |
| വൈരുധ്യാത്മക ഭൗതികവാദം–എം പി പരമേശ്വരൻ | 10. | 00 |
| അർഥശാസ്ത്രം–ഇ എം എസ് | 2. | 50 |
| മാർക്സിസത്തിന്റെ ബാലപാഠം–ഇ എം എസ് | 2. | 50 |
| 1951–ലെ നയപ്രഖ്യാപനം | 1. | 50 |
| കമ്യൂണിസ്ററ് മാനിഫെസ്ററോ–മാർക്സ്, എംഗൽസ് | 5. | 00 |
| ചരിത്രത്തിന്റെ ചലനശക്തിയുള്ള വാഹനങ്ങളാണ് വിപ്ളവങ്ങൾ | 2. | 00 |
| എന്താണ് മാർക്സിസം–എമിൽ ബേൺസ് | 10. | 00 |
| ശാസ്ത്രീയ ചിന്തയുടെ പിറവി–ബി ടി രണദിവെ | 1. | 50 |
| ഇന്ത്യൻ കർഷകപ്രസ്ഥാനത്തിന്റെ ചരിത്രം–എ കെ ജി | 4. | 00 |
| അസ്തിത്വവും ചേതനയും | 2. | 00 |
| സി പി ഐ (എം) പരിപാടിയെപ്പററി–ബസവപുന്നയ്യ | 5. | 00 |
| വിപ്ളവകാരികളുടെ സദാചാരം–ഹോ ചി മിൻ | 3. | 00 |
| എങ്ങനെ നല്ല കമ്യൂണിസ്ററാകാം–ലു ഷാവ് ക്വി | 10. | 00 |
| അധ്വാനത്തിന്റെ പങ്ക്–എംഗൽസ് | 1. | 25 |
| മേദിനത്തിന്റെ ചരിത്രം–അലക്സാണ്ടർ ട്രാഹ്തൻബർഗ് | 2. | 00 |
| കാറൽ മാർക്സ് പുതുയുഗത്തിന്റെ വഴികാട്ടി–ഇ എം എസ് | 3. | 00 |
| സോഷ്യലിസത്തിന്റെ അർഥശാസ്ത്രം | 3. | 50 |
| നമ്മൾ സോഷ്യലിസത്തിന്റെ കാവൽഭടൻമാർ–ഫിദെൽ കാസ്ട്രോ | 1. | 00 |
| സോഷ്യലിസത്തിന്റെ ഭാവി–ഫിദെൽ കാസ്ട്രോ | 1. | 50 |
| കമ്യൂണിസത്തെപ്പററി പന്ത്രണ്ട് ചോദ്യങ്ങൾ–സ്റാലിൻ | 2. | 50 |

## വിതരണം:

# ദേശാഭിമാനി ബുക്ക് ഹൗസ്

# മോസ്കൊ പ്രഖ്യാപനവും മോസ്കൊ പ്രസ്താവനയും

335.430
947 MOS

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം–14

Indic Digital Archive Foundation
gpura.org